ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 02 നവംബർ 2019 ലക്കം 11

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

- curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490--2342440

# ഉള്ളടക്കം


1. ഇടയലേഖനം ........ 9
2. Prot. No. 644/19, സർക്കുലർ നമ്പർ 18/2019 ........ 13
3. കച്ചേരിക്കാര്യം ........ 16
4. ഉത്തരമലബാർ കർഷക പ്രക്ഷോഭം ........ 19
5. സെമിനാരി വാർത്തകൾ ........ 25
6. വിശ്വാസപരിശീലനം ........ 28
7. കുടുംബക്കൂട്ടായ്മ ........ 34
8. ബൈബിൾ അപ്പൊസ്റ്റോലേറ്റ് ........ 38
9. ചെറുപുഷ്പ മിഷൻ ലീഗ് ........ 41
10. തിരുബാലസഖ്യം ........ 50
11. യുവജനശുശ്രൂഷ ........ 52
12. കുടുംബപ്രേഷിതത്വം ........ 56
13. വിദ്യാഭ്യാസ ഏജൻസി ........ 63
14. സാൻജോസ് അക്കാഡമി ........ 66
15. എ.കെ.സി.സി. വാർത്തകൾ ........ 69
16. വിമൽജ്യോതി വാർത്തകൾ ........ 71
17. നിർമ്മലഗിരി വാർത്തകൾ ........ 75
18. ഫ്രാൻസിസ്കൻ അൽമായ സഭ ........ 77
19. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 78
20. പ്രതീക്ഷ പുനരധിവാസ ചികിത്സാകേന്ദ്രം ........ 79
21. ADSU ........ 81
22. കെസിബിസി മദ്യവിരുദ്ധ സമിതി ........ 87
23. സാമൂഹ്യസേവനവേദി ........ 90
24. ADAM ........ 92
25. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 93
26. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 95
27. Programme of the Archbishop Mar George Njaralakatt ........ 97
28. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 99
29. Programme of the Auxiliary Bishop Mar Joseph Pamplany ........ 101

**Prot. No. 671/19, Pastoral Letter No. 2/2019**

# ഇടയലേഖനം

*ദൈവകൃപയാൽ*
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*മാർ ജോർജ് ഞറളക്കാട്ട്*

*തന്റെ സഹശുശ്രൂഷകരായ വൈദികർക്കും സന്യസ്തർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

മിശിഹായിൽ പ്രിയ സഹോദരീ, സഹോദരന്മാരെ,

മലബാർ കുടിയേറ്റത്തിന്റെ ശതാബ്ദിയിലേക്കു നടന്നടുക്കുകയാണു നാം. കൂട്ടായ്മയുടെ അധ്വാനംവഴി പൂർവ്വികർ നേടിത്തന്ന കാർഷികസംസ്കാരം ഇന്ന് അപകടകരമായ അവസ്ഥയിലെത്തിയിരിക്കുകയാണ്. പകലന്തിയോളം പണിയെടുത്തിട്ടും കുടിയേറ്റകർഷകന്റെ ദാരിദ്ര്യവും ദൈന്യതയും നാൾക്കുനാൾ വർദ്ധിക്കുന്നതല്ലാതെ കുറയുന്നില്ല. കർഷകനു താങ്ങുംതണലുമാകേണ്ട ഭരണകൂടങ്ങൾ കർഷകരോടു പുലർത്തുന്ന വിവേചനവും അവഗണനയുംമൂലം കുടിയേറ്റജനത മനസ്സുമരവിച്ച അവസ്ഥയിലാണ്. ഈ ദുരവസ്ഥയ്ക്ക് ശാശ്വത പരിഹാരം വേണം എന്ന ആവശ്യവുമായാണ് നാം ഉത്തരമലബാർ കർഷക പ്രക്ഷോഭത്തിനു രൂപം കൊടുത്തത്. നമ്മുടെ അതിരൂപതയിലെ 3000ൽ പരം കുടുംബകൂട്ടായ്മകളിൽ കഴിഞ്ഞമാസം ഈ പ്രക്ഷോഭത്തെക്കുറിച്ച് നാം പഠനം നടത്തുകയുണ്ടായി.

ഒക്ടോബർ 13 നു നടന്ന "കണ്ണീർ ചങ്ങല"യിൽ മലയോര ങ്ങളിലെ 200ൽ അധികം ഗ്രാമങ്ങളിലായി രണ്ടുലക്ഷത്തിൽ പരം ജനം അണിനിരന്നത് അത്ഭുതാവഹമായ അനുഭവമായിരുന്നു. സംഘാടകരെപ്പോലും അതിശയിപ്പിച്ച ഈ സഹകരണത്തിന് നിങ്ങളെല്ലാവരോടും ഞാൻ ഹൃദയപൂർവ്വം നന്ദിപറയുന്നു. നേതൃത്വം കൊടുത്ത ബഹു. വികാരിയച്ചന്മാരെയും സംഘാടകസമിതി അംഗങ്ങളെയും ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. ഉത്തരമലബാറിൽ നാം തുടക്കം കുറിച്ച കർഷക പ്രക്ഷോഭം വിവിധ രൂപങ്ങളിൽ

വയനാട്ടിലും ഹൈറേഞ്ചിലും തെക്കൻ ജില്ലകളിലും പടർന്നുപിടിക്കുന്നതിന് ഈ നാളുകളിൽ നാം സാക്ഷ്യം വഹിക്കുകയായിരുന്നു. കർഷക ജനത തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻ വർദ്ധിത വീര്യത്തോടെ രംഗത്തിറങ്ങുന്നത് പ്രതീക്ഷയ്ക്കു വക നല്കുന്നുണ്ട്.

നമ്മുടെ അതിരൂപത നേതൃത്വം കൊടുക്കുന്ന കർഷക പ്രക്ഷോഭത്തിൽ മലബാറിലെ എല്ലാ രൂപതകളുടെയും സജീവ പങ്കാളിത്തമുണ്ട്. മുസ്ലീം-ഹൈന്ദവ സമുദായങ്ങളിലെ വിവിധ സംഘടനകളും പ്രസ്ഥാനങ്ങളും നമ്മുടെ പ്രക്ഷോഭ പരിപാടികളോടു കൈകോർക്കുന്നുണ്ട് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. കൂടാതെ കണ്ണൂർ, കാസർ ഗോഡ്, വയനാട് ജില്ലകളിലായി പ്രവർത്തിക്കുന്ന 20ൽപരം കർഷക സംഘടനകൾ അതിരൂപത സംഘടിപ്പിക്കുന്ന കർഷക പ്രക്ഷോഭ പരിപാടികളിൽ സജീവമായി അണിനിരക്കുന്നുണ്ട്. ജാതി, മത, വർണ്ണ വർഗ്ഗ വ്യത്യാസം കൂടാതെ കർഷകരെ ഒറ്റക്കെട്ടായി അണിനിരത്താനാകും എന്നു തെളിയിക്കാനായതാണ് നമ്മുടെ പ്രക്ഷോഭത്തിന്റെ ആദ്യ വിജയം.

കർഷക പ്രക്ഷോഭത്തിലൂടെ ഏതെങ്കിലും രാഷ്ട്രീയപാർട്ടിക്കോ ഭരണകൂടത്തിനോ എതിരായിട്ടല്ല നാം സമരം ചെയ്യുന്നത്. ഈ സമരത്തിന് രാഷ്ട്രീയ ലക്ഷ്യങ്ങളല്ല, മറിച്ച്, കർഷകരുടെ അവകാശ സംരക്ഷണം മാത്രമാണ് ലക്ഷ്യം. അതിനാൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മുഴുവൻ എം.എൽ.എമാരും എം.പി.മാരുമായി ഭരണ, പ്രതിപക്ഷ ഭേദമെന്യേ സംയുക്ത ചർച്ച നടത്തുന്നുണ്ട്. കർഷകന്റെ അവകാശ സംരക്ഷണത്തിനായി ഒരുമിച്ചുനിൽക്കാനുള്ള സന്നദ്ധത അവർ നമ്മെ അറിയിച്ചിട്ടുണ്ട്. നമ്മുടെ ആവശ്യങ്ങളും പരിഹാരനിർദ്ദേശങ്ങളുമടങ്ങുന്ന വിശദമായ മെമ്മോറാണ്ടം മുഖ്യമന്ത്രിയുൾപ്പെടെയുള്ള രാഷ്ട്രീയ നേതൃത്വത്തിന് നമ്മുടെ പ്രതിനിധികൾ നേരിൽ കൈമാറിയിട്ടുണ്ട്.

റബ്ബർ ഉൾപ്പെടെയുള്ള കാർഷിക വിളകൾക്ക് ന്യായമായ താങ്ങുവില പ്രഖ്യാപിക്കുക, 65 വയസ്സിനുമുകളിൽ പ്രായമുള്ള മുഴുവൻ കർഷകർക്കും ജീവിക്കാനാവശ്യമായ പ്രതിമാസ പെൻഷൻ അനുവദിക്കുക, കൃഷിഭൂമിയിലെ വന്യമൃഗശല്യം തടയാൻ ആനമതിൽ, സോളാർ ഫെൻസിംഗ് തുടങ്ങിയ മാർഗ്ഗങ്ങൾ അടയന്തിരമായി നടപ്പിലാക്കുക, കാർഷിക ജോലികൾ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി മിനിമം വേതനം ഉറപ്പുവരുത്തുക, കാർഷികകടങ്ങൾ എഴുതിത്തള്ളുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് നാം സമരരംഗത്ത് ഇറങ്ങിയിരിക്കുന്നത്. ആസിയാൻ, ഗാട്ടുകരാറുകളിലൂടെ കർഷകരുടെ

നടുവൊടിച്ച സർക്കാർ വീണ്ടും ആർ.സി.ഇ.പി. കരാറിൽ ഒപ്പിടാനൊരുങ്ങുന്നു എന്ന വാർത്ത ഏറെ ഭീതിയോടെയാണ് കർഷകർ കേൾക്കുന്നത്. സ്വന്തം ജനതയെ കുരുതികൊടുത്തുകൊണ്ടുള്ള നയതന്ത്ര നീക്കങ്ങൾ ഖേദകരമാണെന്ന് പറയാതെ വയ്യ. ഇത്തരം നീക്കങ്ങളിൽനിന്ന് ഭരണകൂടം പിന്മാറണമെന്നതാണ് നമ്മുടെ ആവശ്യം. അഞ്ചിലധികം പശുക്കളെ വളർത്തണമെങ്കിൽ ഫാം ലൈസൻസ് വേണമെന്ന പുതിയ നിയമം കൊണ്ടുവരുന്നത് ക്ഷീര കർഷകരുടെ ജീവനെടുക്കുന്നതിനു തുല്യമായ പാതകമാണ്. ഇത്തരം കരിനിയമങ്ങൾ തിരുത്താൻ സർക്കാർ തയ്യാറാകണം.

ഉത്തരമലബാർ കർഷക പ്രക്ഷോഭത്തിന്റെ രണ്ടാം ഘട്ടം തെരുവുയോഗങ്ങളും ഫൊറോനാതല യോഗങ്ങളുമാണ്. ഈ സമ്മേളനങ്ങൾ ജാതി, മത ഭേദമന്യേ സകല കർഷകരെയും അണിനിരത്തിക്കൊണ്ടാണ് സംഘടിപ്പിക്കുന്നത്. അതിരൂപതയിലുടനീളം 100-ൽ പരം കേന്ദ്രങ്ങളിൽ ക്രമീകരിക്കുന്ന ഈ യോഗങ്ങളിൽ നിങ്ങളുടെ ശക്തമായ സാന്നിധ്യം ഉറപ്പുവരുത്തണം. കർഷകന്റെ സംഘടിത ശക്തിക്കു മുന്നിലേ കരിനിയമങ്ങൾ തിരുത്തപ്പെടൂ എന്നു നാം തിരിച്ചറിയണം.

ഉത്തരമലബാർ കർഷക പ്രക്ഷോഭത്തിന്റെ മൂന്നാം ഘട്ടമായി ഡിസംബർ 9ന് കണ്ണൂർ കലക്ട്രേറ്റുവളഞ്ഞുകൊണ്ട് ഒരു ലക്ഷംപേർ അണിനിരക്കുന്ന കർഷക മാർച്ചാണ് നാം പദ്ധതിയിട്ടിരിക്കുന്നത്. ഈ മാർച്ചിൽ അതിരൂപതയിലെ ഓരോ കുടുംബക്കൂട്ടായ്മ യൂണിറ്റിൽ നിന്നും 20 ൽ കുറയാത്ത എണ്ണം ആളുകൾ അണിനിരക്കണം. കർഷകന്റെ അതിജീവനപോരാട്ടത്തിന്റെ കരുത്ത് വിളിച്ചോതുന്നതായിരിക്കണം ഈ മഹാറാലിയും സമ്മേളനവും. അതിരൂപതയിലെ എല്ലാ ഭക്തസംഘടനകളും ഇടവകകളും ഈ റാലിയുടെ വിജയത്തിനാവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി തയ്യാറാക്കുമല്ലോ.

നമ്മുടെ രാജ്യത്ത് കടുത്ത സാമ്പത്തിക വിവേചനം നിലനിൽക്കുന്നതാണ് നാം അഭിമുഖീകരിക്കുന്ന യഥാർത്ഥ പ്രശ്നം. അടുത്ത കാലത്ത് പുറത്തുവന്ന ചില സ്ഥിതിവിവരണകണക്കുകൾ നമ്മുടെ കണ്ണുതുറപ്പിക്കുന്നതാണ്. ഇന്ത്യയിലെ വൻകിട കോർപ്പറേറ്റുമുതലാളിമാരായ ഒൻപതുപേരുടെ വാർഷിക വരുമാനം രാജ്യത്തെ 130 കോടി ജനങ്ങളുടെ മൊത്തവരുമാനത്തെക്കാൾ കൂടുതലാണ്. വൻകിട മുതലാളിമാരുടെ 3 ലക്ഷം കോടിയിൽപരം കടബാധ്യതകൾ എഴുതിത്തള്ളിയ സർക്കാർ പാവപ്പെട്ട കർഷകരുടെ കടങ്ങൾക്ക് പലിശപോലും എഴുതിത്തള്ളുന്നില്ല എന്നത് വിരോധാഭാസമല്ലേ. ലോകത്തെ അതിസമ്പന്നന്മാരുടെ ഗണത്തിൽ ഭാരതീയരുടെ എണ്ണം വർദ്ധിക്കുന്നതിൽ

അഭിമാനിക്കുന്നവർ രാജ്യത്തെ പട്ടിണി വർദ്ധിക്കുന്നതിൽ ആശങ്കപ്പെടുന്നില്ല എന്നത് ദുഃഖകരമാണ്. ദരിദ്ര്യരാജ്യങ്ങളുടെ പട്ടികയിൽ 2004ൽ 54-ാം സ്ഥാനത്തുണ്ടായിരുന്ന നമ്മുടെ രാജ്യം ഈ വർഷം 102-ാം സ്ഥാനത്തെത്തിയിരിക്കയാണ്. രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന കർഷരുടെ കുടുംബങ്ങളിൽ ദാരിദ്ര്യം ഭീകരമാകുന്നതിന്റെ സാക്ഷ്യമാണ് ഈ കണക്കുകൾ. കൂടാതെ സർക്കാർ വരുമാനത്തിന്റെ സിംഹഭാഗവും ജനസംഖ്യയിൽ കേവലം 5 ശതമാനത്തിൽ താഴെയുള്ള സംഘടിത സർക്കാർ ജീവനക്കാർക്കായി ചിലവഴിക്കുന്നതും അന്യായമാണ്. കർഷകർ രാജ്യത്തെ പൗരന്മാരല്ല അടിമകൾ മാത്രമാണ് എന്ന കാഴ്ചപ്പാടാണ് തിരുത്തിയെഴുതപ്പെടേണ്ടത്. ഇതിനായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കർഷകർ സംഘടിക്കുന്നതിന്റെ സദ്വാർത്തകൾ നാം മാധ്യമങ്ങളിലൂടെ മനസ്സിലാക്കുന്നുണ്ടല്ലോ. കർഷകരേ, നാം ഒറ്റക്കെട്ടായി സംഘടിച്ചാൽ മാത്രമേ നമ്മുടെ അവകാശങ്ങൾ നേടിയെടുക്കാൻ കഴിയൂ.

അതിനാൽ ഡിസംബർ 9 ലെ കർഷക മഹാറാലിയിൽ മറ്റെല്ലാ അസൗകര്യങ്ങളും മാറ്റിവച്ച് നിങ്ങൾ കണ്ണൂരിൽ എത്തണം. അതിജീവനത്തിനായുള്ള കുടിയേറ്റ കർഷകന്റെ ഈ ഐതിഹാസിക പോരാട്ടത്തിൽ ആരും കാഴ്ചക്കാരായി മാറിനിൽക്കരുത്. നമുക്കുവേണ്ടി പൊരുതാൻ മറ്റാരുമില്ല നമ്മൾ മാത്രമേയുള്ള എന്ന സത്യം മറക്കരുത്. "കർഷകർ ഞങ്ങൾ നിവർന്നു നിൽക്കും നിലപാടുകളുമായി" എന്നതാണ് നമ്മുടെ ആപ്തവാക്യം.

തന്റെ ജനത്തിന്റെ നിലവിളി കേൾക്കുകയും അവരുടെ സങ്കടങ്ങൾക്ക് അറുതിവരുത്താൻ ഇടപെടുകയും ചെയ്ത നല്ല ദൈവത്തിന്റെ കരങ്ങളിലേക്ക് നമ്മുടെ സങ്കടങ്ങളെയും പ്രക്ഷോഭപരിപാടികളെയും നമുക്ക് സമർപ്പിക്കാം. "പീഡിതരുടെ ആശ്വാസ"മായ പരിശുദ്ധ മറിയത്തിന്റെ സംരക്ഷണം ഈ മുന്നേറ്റത്തിലുടനീളമുണ്ടാകാനായി നമുക്കു പ്രാർത്ഥിക്കാം. തൊഴിലാളികളുടെ മധ്യസ്ഥനും നമ്മുടെ അതിരൂപതയുടെ സംരക്ഷകനുമായ വിശുദ്ധ യൗസേപ്പിതാവിന്റെ സവിശേഷമായ മാധ്യസ്ഥ്യത്തിന് നമ്മുടെ എല്ലാ പ്രവർത്തനങ്ങളെയും സമർപ്പിക്കുകയാണ്.

സ്നേഹാശംസകളോടെ, നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
25-10-2019 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ ഇടയലേഖനം 2019 നവംബർ മാസം 24-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാനമധ്യേ വായിക്കേണ്ടതാണ്.

**Prot. No. 644/19, സർക്കുലർ നമ്പർ 18/2019**

# ഇരുപത്തഞ്ച് നോമ്പ്

ഈശോമിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരെ,

നമ്മുടെ കർത്താവിന്റെ പിറവിത്തിരുനാളിനൊരുക്കമായുള്ള 25 നോമ്പിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. രക്ഷകനുവേണ്ടിയുള്ള മനുഷ്യകുലത്തിന്റെ യുഗങ്ങളായുള്ള കാത്തിരിപ്പിന്റെ പൂർത്തീകരണമാണ് ദൈവപുത്രന്റെ മനുഷ്യാവതാരത്തിലൂടെ സംഭവിച്ചത്. "മറിയമേ നീ ഭയപ്പെടേണ്ട; ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം. അവൻ വലിയവനായിരിക്കും; അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും" (ലൂക്ക:30-32).മറിയത്തിന്റെ കാതുകളിലൂടെ ലോകംമുഴുവൻ ശ്രവിച്ച ഈ മംഗളവാർത്ത നമുക്കും സന്തോഷത്തിന്റെ സദ്വാർത്തയായിത്തീരാൻ ആത്മീയമായ ഒരുക്കത്തിന്റെയും പ്രാർത്ഥനാനിർഭരമായ കാത്തിരിപ്പിന്റെയും ദിനങ്ങളിലേയ്ക്ക് നമുക്ക് ഭക്തിപൂർവ്വം പ്രവേശിക്കാം.

പറുദീസായുടെ അടയ്ക്കപ്പെട്ട കവാടം തുറക്കാൻ രക്ഷകൻ വരുമെന്ന പ്രത്യാശയോടെ കാത്തിരുന്ന മനുഷ്യവംശത്തിനുള്ള ഉത്തരമാണ് പിറവിത്തിരുന്നാൾ. കാത്തിരിപ്പിന്റെ നാളുകളിൽ ദൈവം പൂർവ്വപിതാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും സംസാരിച്ചിരുന്നു. അവരിലൂടെ അരുളപ്പെട്ട ദൈവവചനംതന്നെയാണ് മാംസം ധരിച്ച് കന്യകാമറിയത്തിന്റെ സുതനായി പുൽക്കൂട്ടിൽ പിറന്നത് (യോഹ.1,14). അവിടുത്തെ വരവിനായി ആഗ്രഹിച്ചു കാത്തിരിക്കുന്നവരെ ദൈവം സന്ദർശിക്കും; ആ കാത്തിരിപ്പ് പാഴ്‌വേലയാകില്ല. ദൈവം അരുളിച്ചെയ്തവ എത്ര വൈകിയാലും നിറവേറുകതന്നെ ചെയ്യും എന്നതിന്റെ ഉറപ്പാണ് ക്രിസ്തുമസ്. "കർത്താവ് അരുളിചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്ക1, 45) എന്ന എലിസബത്തിന്റെ ആശംസ ദൈവത്തിന്റെ ഇടപെടലിനായി വിശ്വാസത്തോടെ പ്രാർത്ഥിച്ച് കാത്തിരിക്കുന്ന എല്ലാവർക്കുമുള്ള ആശംസയാണ്. ഈ ഇരുപത്തഞ്ച് നോമ്പ് നമുക്കും ദൈവമേ എന്റെ ജീവിതത്തിൽ ഇടപെടാൻ ഇറങ്ങിവരണമേ എന്ന തീക്ഷ്ണമായ പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റെയും അവസരമാകട്ടെ.

എളിമയുടെയും ലാളിത്യത്തിന്റെയും ദാരിദ്ര്യത്തിന്റെയും ശൂന്യവല്ക്കരണത്തിന്റെയും സന്ദേശമാണ് പിറവിത്തിരുനാൾ നമുക്ക് നല്കുന്നത്. പൗലോസ് ശ്ലീഹാ ഫിലിപ്പിയിലെ സഭയ്ക്കുള്ള ലേഖനത്തിൽ പറയുന്നതുപോലെ, " ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെതന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച്, മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന് ആകൃതിയിൽ മനുഷ്യനേപ്പോലെ കാണപ്പെട്ടു" (ഫിലി 2, 6-7). സർവ്വചരാചരങ്ങളുടെയും സൃഷ്ടാവും പരിപാലകനുമായ ദൈവം ഒരു പുൽക്കുടിലിന്റെ ദാരിദ്ര്യത്തിൽ വന്നുപിറന്നത് എളിമയുടെയും ലാളിത്യത്തിന്റെയും വഴിയാണ് രക്ഷയിലേയ്ക്കുള്ള വഴിയെന്ന് നമ്മെ ഓർമ്മപ്പെടുത്താനാണ്. ധൂർത്തും ധാരാളിത്തവും ജീവിതശൈലിയായി മാറുന്ന ഇന്നത്തെ സമൂഹത്തിൽ ലളിത ജീവിതത്തിന്റെ വഴിയിലേയ്ക്ക് ഈശോ ഈ പിറവിത്തിരുനാളിൽ നമ്മെ ക്ഷണിക്കുന്നുണ്ട്.

പിറവിത്തിരുനാളിനായി ഒരുങ്ങുന്ന നിങ്ങളേവരോടും സ്നേഹപൂർവ്വം ചില കാര്യങ്ങൾ ഞാനാവശ്യപ്പെടുകയാണ്. രാത്രിയിൽ തല ചായ്ക്കാനിടമില്ലാതെ അലഞ്ഞുനടന്ന യൗസേപ്പിനെയും മറിയത്തേയുംപോലെ സ്വന്തമായി പാർപ്പിടമില്ലാതെ ബുദ്ധിമുട്ടുന്ന അനേകംപേർ നമ്മുടെ ഇടയിലുണ്ട്. ഈ ഇരുപത്തഞ്ച് നോമ്പിൽ നമ്മുടെ ആശയടക്കങ്ങൾവഴി എല്ലാ ഇടവകകളിലും ഭവന രഹിതർക്കായി ഓരോ വീടുകൾ വീതം നിർമ്മിക്കാനുള്ള ശ്രമം ആരംഭിക്കണം. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവനനിർമ്മാണ പദ്ധതിയോട് ചേർന്ന് 2020 മാർച്ച് 30നു മുമ്പ് 100 വീടുകളെങ്കിലും പൂർത്തിയാക്കാൻ ഇടവകവികാരിമാർ വിവിധ സംഘടനകളുടെ സഹായത്തോടെ പരിശ്രമിക്കണം.

രണ്ടാമതായി, നമ്മുടെ ക്രിസ്തുമസ് ആഘോഷങ്ങൾ ലളിതമായിരിക്കാനായി ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുകയാണ്. ദരിദ്രരിൽ ദരിദ്രനായി പിറന്നവന്റെ ജനനത്തിന്റെ ഓർമ്മ ആർഭാടങ്ങളും ആഡംബരങ്ങളും ഒഴിവാക്കി ആഘോഷിക്കുന്നതല്ലേ യുക്തം. " പാവങ്ങളെപ്പറ്റി ചിന്തവേണം" എന്ന ആദിമസഭയുടെ നിർദ്ദേശം നമുക്ക് ഓർമ്മിക്കാം (ഗലാ 2,10).

മൂന്നാമതായി, പിറവിത്തിരുനാളിനായി ആത്മീയമായി ഒരുങ്ങാൻ ഈ 25 ദിവസം ഉപയോഗിക്കണം. സാധിക്കുന്നവരെല്ലാം 25 ദിവസവും

വി. കുർബ്ബാനയിൽ പങ്കെടുക്കുവാൻ പരിശ്രമിക്കണം. നമ്മുടെ പാരമ്പര്യമനുസരിച്ച് മത്സ്യമാംസാദികൾ വർജ്ജിച്ച് നോമ്പെടുക്കാനും പരോപകാര പ്രവൃത്തികൾ ചെയ്യാനും മുതിർന്നവർ മാതൃക കാണിച്ച് കൊടുക്കുകയും കുട്ടികളെ പരിശീലിപ്പിക്കുകയും ചെയ്യണം. ദിവ്യഉണ്ണി നമ്മുടെ ഹൃദയത്തിലും വന്നുപിറക്കണമെന്ന ആഗ്രഹത്തോടെ ആത്മീയമായ ഒരുക്കത്തിന്റെ ദിനങ്ങളിലേയ്ക്ക് നമുക്ക് പ്രവേശിക്കാം. പുൽക്കൂട്ടിൽ പിറന്ന ഉണ്ണീശോ നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ക്രിസ്തുവിന്റെ ശാന്തിയും സമാധാനവും സന്തോഷവും ആശംസിച്ചുകൊണ്ട്,

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**

24-10-2019 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2019 ഡിസംബർ മാസം 1-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാനമധ്യേ വായിക്കേണ്ടതാണ്.




## 1. വൈദിക സമ്മേളനം (പ്രെസ്ബിത്തേരിയം)

നമ്മുടെ അതിരൂപതയിലെ ഈ വർഷത്തെ വൈദികസമ്മേളനം (പ്രെസ്ബിത്തേരിയം) 2019 നവംബർ മാസം 26-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ വൈകുന്നേരം നാലുമണിവരെ തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്നതാണ്. തലശ്ശേരി അതിരൂപതാംഗങ്ങളായ എല്ലാ വൈദികരും തലശ്ശേരി അതിരൂപതയിലെ പള്ളികളിൽ വികാരിമാരായോ അസി. വികാരിമാരായോ ശുശ്രൂഷ ചെയ്യുന്ന സന്യാസവൈദികരും പ്രെസ്ബിത്തേറിയത്തിൽ നിർബന്ധമായും സംബന്ധിക്കണമെന്ന് അറിയിക്കുന്നു.

## 2. അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സമ്മേളനം

അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ യോഗം 2019 നവംബർ 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ നാലുമണിവരെ ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംങ് കോളേജിൽ വച്ച് നടക്കുന്നതാണ്. ഉത്തരമലബാർ കർഷകപ്രക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ നടക്കുന്ന ഈ യോഗത്തിൽ എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും നിർബന്ധമായും സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ഇതൊരു അറിയിപ്പായി സ്വീകരിക്കുമല്ലോ.

## 3. ഫൊറോന വികാരിമാരുടെ സമ്മേളനം

ഫൊറോനവികാരിമാരുടെ സമ്മേളനം 2019 നവംബർ 12-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 5 മണിക്ക് ചെമ്പേരി വിമൽ ജ്യോതി എഞ്ചിനിയറിംങ് കോളേജിൽ വച്ച് നടത്തപ്പെടുന്നതാണ്. എല്ലാ ഫൊറോന വികാരിമാരും ഈ യോഗത്തിൽ സംബന്ധിക്കണമെന്ന് അറിയിക്കുന്നു.

## 4. പൗരോഹിത്യ സ്വീകരണത്തിന്റെ ജൂബിലി

ഈ വർഷം പൗരോഹിത്യസ്വീകരണത്തിന്റെ സുവർണ്ണ ജൂബിലിയും രജത ജൂബിലിയും ആഘോഷിക്കുന്ന എല്ലാ ബഹു. വൈദികർക്കും ജൂബിലി ആശംസകൾ സന്തോഷപൂർവ്വം നേരുന്നു. അവിഭക്ത തലശ്ശേരി രൂപതയ്ക്കുവേണ്ടി തിരുപ്പട്ടംസ്വീകരിച്ച 9 പേർ സുവർണ്ണജൂബിലിയും മറ്റ് 6 പേർ രജതജൂബിലിയും ആഘോഷിക്കുന്നു. ജൂബിലി ആഘോഷിക്കുന്ന ബഹു. വൈദികർക്ക് 2019 നവംബർ 26-ാം തീയതി വൈകുന്നേരം

അതിരൂപതാകേന്ദ്രത്തിൽ സ്വീകരണം നല്കുന്നുണ്ട്. പിറ്റേദിവസം രാവിലെ ഈ ബഹു. വൈദികർ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം വി. കുർബ്ബാന അർപ്പിക്കുന്നതാണ്.

## സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവർ

ഫാ. കിഴക്കേൽ മാത്യു
,, പുളിക്കൽ സെബാസ്റ്റ്യൻ
,, കളരിപറമ്പിൽ ജോൺ (താമരശ്ശേരി)
,, തലച്ചിറക്കുഴി കുര്യൻ (താമരശ്ശേരി)
,, അത്തിക്കൽ മാത്യു (മാനന്തവാടി)
,, കല്ലുങ്കമാക്കൽ ജോസഫ് (മാനന്തവാടി)
,, കാട്ടറാത്ത് മാത്യു ,,
,, കുളിരാനി ജോസ് ,,
,, പീടികപ്പാറ ജെയിംസ് ,,

## രജത ജൂബിലി ആഘോഷിക്കുന്നവർ

ഫാ. ചെറുകര തോമസ്
,, കളരിക്കൽ കുര്യാക്കോസ്
,, കൊച്ചുകരോട്ട് തോമസ്
,, കുറ്റിക്കാട്ടുകുന്നേൽ ജേക്കബ്
,, തയ്യിൽ തോമസ്

## 5. ആദരാഞ്ജലികൾ

**സി. സലേഷ്യ കുമ്പുക്കൽ എസ്.എച്ച് (81):** തിരുഹൃദയസന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ സി. സലേഷ്യ കുമ്പുക്കൽ എസ്.എച്ച് 2019 ഒക്ടോബർ 1 ന് നിര്യാതയായി. പരേത കല്ലാനോട് പരേതരായ കുമ്പുക്കൽ തോമസ്-ഏലിയാമ്മ ദമ്പതികളുടെ മൂത്തമകളാണ്. ജർമ്മനിയിൽ നഴ്സിങ്ങ് പഠനം പൂർത്തിയാക്കിയതിനുശേഷം കരുവഞ്ചാൽ, തരിയോട്, ഷീരാടി എന്നിവിടങ്ങളിലും തൊക്കിലങ്ങാടി ക്രിസ്തുരാജാ ഹോസ്പിറ്റലിൽ 30 വർഷവും ആതുരശുശ്രൂഷാരംഗത്ത് സേവനമനുഷ്ഠിച്ചിട്ടുണ്ട്. ക്യാൻസർ രോഗബാധിതയായ സി. സലേഷ്യ തൊക്കിലങ്ങാടിയിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു. 1-ാം തിയ്യതി അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവും അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവും ആദരാഞ്ജലികളർപ്പിച്ചു പ്രാർത്ഥിച്ചു. 2-ാം തിയ്യതി പേരാവൂർ എസ്. എച്ച് സെന്റ് ജോസഫ് പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന മൃതസംസ്കാര ശുശ്രൂ



ഷകൾക്ക് തലശ്ശേരി അതിരൂപതാ വികാരി ജനറാൾ മോൺ. അലക്സ് താരാമംഗലം മുഖ്യ കാർമ്മികത്വം വഹിച്ചു. സിസ്റ്ററിനെ ദൈവം നിത്യമഹത്വത്തിലേക്ക് പ്രവേശിപ്പിക്കുമാറാകട്ടെ.

**ശ്രീ. പീറ്റർ ഞറളക്കാട്ട് (62):** അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ സഹോദരൻ ശ്രീ. പീറ്റർ ഞറളക്കാട്ട് 2019 ഒക്ടോബർ 19 ശനിയാഴ്ച നിര്യാതനായി. ഏതാനും മാസങ്ങളായി കാൻസർരോഗം ബാധിച്ച് ചികിത്സയിലായിരുന്നു. മൃതസംസ്കാരം 2019 ഒക്ടോബർ 21-ന് നടവയൽ ഹോളി ക്രോസ് ദൈവാലയത്തിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. മാർ ജോസഫ് പാംപ്ലാനി പിതാവ് അനുശോചന സന്ദേശം നല്കി. നിരവധി വൈദികരും സന്യസ്തരും നാനാജാതി മതസ്ഥരായ ധാരാളം ആളുകളും അന്തിമോപചാരം അർപ്പിച്ചു. അഭിവന്ദ്യ പിതാവിനെയും സന്തപ്തകുടുംബാംഗങ്ങളെയും അനുശോചനം അറിയിക്കുകയും പരേതന്റെ ആത്മശാന്തിയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.



## 6. സ്നേഹസ്മൃതി

| | | | |
|---|---|---|---|
| 1. | റവ. ഫാ. ജോൺ ആറാംചേരി | - | 02-11-1975 |
| 2. | മോൺ. തോമസ് മൂലക്കുന്നേൽ | - | 03-11-2001 |
| 3. | റവ. ഫാ. തോമസ് നിലയ്ക്കപ്പള്ളി | - | 10-11-2006 |
| 4. | റവ. ഫാ. ഫിലിപ്പ് കണക്കഞ്ചേരി | - | 11-11-2004 |
| 5. | റവ. ഫാ. ജോസഫ് ചൂരയ്ക്കമറ്റം | - | 12-11-1998 |
| 6. | റവ. ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിയിൽ | - | 18-11-1982 |
| 7. | റവ. ഫാ. അഗസ്റ്റിൻ പന്നിക്കോട്ട് | - | 26-11-2011 |
| 8. | റവ. ഫാ. തോമസ് കാവുംപുറം | - | 26-11-2016 |

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# ഉത്തരമലബാർ കർഷക പ്രക്ഷോഭം

## സംഘാടകസമിതി രൂപീകരണ യോഗം

ഒക്ടോബർ 16ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ ചേർന്ന യോഗത്തിൽ കൺവീനർ ഫാ. മാത്യു ആശാരിപറമ്പിൽ സ്വാഗതം ആശംസിച്ചു. ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ അധ്യക്ഷത വഹിച്ചു. അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. മനോജ് ഒറ്റപ്ലാക്കൽ രൂപകൽപ്പന ചെയ്ത ലോഗോ പ്രകാശനം ചെയ്തു. ഫാ. ജിതിൻ വയലുങ്കൽ, ഫാ. ഡയസ് തുരുത്തിപ്പള്ളിൽ എന്നിവർ ഒരുക്കിയ കർഷക പ്രക്ഷോഭഗാനവും പ്രകാശനം ചെയ്തു. കർഷക പ്രക്ഷോഭത്തിന്റെ പതാക അത്മായ-കർഷക നേതാക്കൾക്ക് കൈമാറി സമരസമിതിക്ക് ഔദ്യോഗികമായി തുടക്കം കുറിച്ചു. യോഗത്തിൽ ശ്രീ വി.പി. ദാസൻ (എസ്.എൻ.ഡി.പി. ജില്ലാ പ്രസിഡന്റ്), ഫാ. ടോണി കോഴിമണ്ണിൽ (ബത്തേരി) ഫാ. മാത്തുകുട്ടി കുളക്കാട്ടുകുടിയിൽ (കോട്ടയം), ഫാ. ബാബു മാപ്പിളശ്ശേരി (മാനന്തവാടി), ഫാ. ജോമോൻ ചെമ്പകശ്ശേരിൽ (കണ്ണൂർ) എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. തുടർന്ന് വിപുലമായ കമ്മിറ്റി രൂപീകരണവും നടന്നു. യോഗത്തിൽ നൂറ്റമ്പതോളം പ്രതിനിധികൾ പങ്കെടുത്തു. സെക്രട്ടറി ഫാ. ഫിലിപ്പ് കവിയിൽ നന്ദി പ്രകാശിപ്പിച്ചു.

## സംഘാടകസമിതി

**മുഖ്യ രക്ഷാധികാരി :** ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട്

**രക്ഷാധികാരികൾ:** ബിഷ്പ്പ് അലക്സ് വടക്കുംതല (കണ്ണൂർ), ബിഷപ്പ് ജോസഫ് മാർ തോമസ് (ബത്തേരി), ബിഷപ്പ് ജോസഫ് പണ്ടാരശ്ശേരിൽ (കോട്ടയം), ബിഷപ്പ് ജോസ് പൊരുന്നേടം(മാനന്തവാടി), ബിഷപ്പ് ജോസഫ് പാംപ്ലാനി (തലശ്ശേരി).

**ചെയർമാൻ:** മോൺ. ജോസഫ് ഒറ്റപ്ലാക്കൽ, കോ-ചെയർമാൻ : മോൺ. അലക്സ് താരാമംഗലം.

**വൈസ് ചെയർമാൻ:** ഫാ. ക്ലാരൻസ് പാലിയത്ത് (കണ്ണൂർ) ഫാ. ജോസ് നെടുങ്ങാട്ട് (കോട്ടയം), ഫാ. ബാബു മാപ്പിളശ്ശേരി (മാനന്തവാടി), ഫാ. ടോണി കോഴിമണ്ണിൽ (ബത്തേരി), ശ്രീ. ഗോവിന്ദ് ഭട്ട് (കാസർഗോഡ്), ശ്രീ. ദാസൻ വി.പി. (എസ്.എൻ.ഡി.പി) ശ്രീ. ഷുക്കൂർ കണാജെ (കർഷക രക്ഷാസമിതി).

**ജനറൽ കൺവീനർ:** ഫാ. മാത്യു ആശാരിപറമ്പിൽ.

**കൺവീനർമാർ:** ഡോ. മാത്യു മണ്ഡപത്തിൽ, ശ്രീ. കെ.സി. വേണുഗോപാൽ, അഡ്വ. ബിനോയി തോമസ്, ശ്രീമതി ഷിനോ പാറയ്ക്കൽ, സി. നോബിൾ എഫ്.സി.സി., ശ്രീ.ജോയി തെക്കേമല, ശ്രീ. ജോർജ് തയ്യിൽ, അഡ്വ.ടോണി പുഞ്ചക്കുന്നേൽ, ശ്രീ. ബാബു കൊട്ടാരത്തിൽ, ശ്രീ.ദേവസ്യ കൊങ്ങോല, ശ്രീ. ബെന്നി പുതിയാപുറം, ശ്രീ. ബേബി നെട്ടനാനിയിൽ.

**ജനറൽ സെക്രട്ടറി:** ഫാ. ഫിലിപ്പ് കവിയിൽ

**സെക്രട്ടറിമാർ:** ശ്രീ. വർഗ്ഗീസ് മഞ്ചാട്ടിയിൽ (ചീമേനി), ശ്രീ. ആന്റണി മേൽവെട്ടം (എടൂർ) ശ്രീ. ജേക്കബ് മേലേടത്ത് (പയ്യന്നൂർ) ശ്രീ. ജോണി വടക്കേക്കര (പേരാവൂർ) ശ്രീമതി കുഞ്ഞമ്മ തോണിക്കുഴി, ശ്രീ. സിജോ കണ്ണേഴത്ത്, ശ്രീമതി ലിസ്സമ്മ പടിഞ്ഞാറയിൽ, ബാബു കദളിമറ്റം (രാജപുരം), രതിഷ് ആന്റണി (കണ്ണൂർ)

**വിവിധ കമ്മിറ്റികൾ**

**പ്രോഗ്രാം:** ഫാ. ജോസഫ് കാവനാടിയിൽ (ചെയർമാൻ),ശ്രീ. ജോർജ് തയ്യിൽ, (കൺവീനർ), ഫാ. തോമസ് തെങ്ങുംപള്ളിൽ, ഫാ. മാത്യു ആശാരിപറമ്പിൽ, ഫാ. ജോസഫ് പൂവത്തോലിൽ, ഫാ. സെബാസ്റ്റ്യൻ എടയാടിയിൽ, ഡോ. മാത്യു മണ്ഡപത്തിൽ, ശ്രീ. മാണി പാലക്കൽ, ഡോ. ഫിലോമിന വെട്ടിക്കൽ, ശ്രീ. ജോസ് പള്ളിക്കാമഠം, ഡോ. ജോസ്ലറ്റ് മാത്യു തുമ്പേപറമ്പിൽ, ശ്രീ. ശ്രീധരൻ കാരാട്ട്.

**പബ്ലിസിറ്റി :** ഫാ. മനോജ് ഒറ്റപ്ലാക്കൽ (ചെയർമാൻ), ശ്രീ. ബേബി നെട്ടനാനി (കൺവീനർ), ഫാ. ജോസഫ് കാക്കരമറ്റത്തിൽ, ഫാ. ജോസഫ് വേങ്ങക്കുന്നേൽ, ഫാ. ജോസഫ് വയലുങ്കൽ, ശ്രീ. ജോഷ് ജോ ഒഴുകയിൽ, ശ്രീ. സുരേഷ് കുമാർ ചന്ദനക്കാംപാറ, ഫാ. സോണി വടശ്ശേരിൽ, ഫാ. ഡയസ് തുരുത്തിപള്ളിൽ, ശ്രീ. സിജോ അമ്പാട്ട്, ശ്രീ. എബിൻ കുമ്പുക്കൽ, ഡോ. ഷിജോ ജോസഫ് മഞ്ചപള്ളിൽ,

**പ്രസ്സ് & മീഡിയ:** ഫാ. തോമസ് തെങ്ങുംപള്ളിൽ (ചെയർമാൻ) ഡോ. മാത്യു മണ്ഡപത്തിൽ (കൺവീനർ), ഫാ. അബ്രാഹം ഞാമത്തോലിൽ, ഫാ. ജോസഫ് കാക്കരമറ്റത്തിൽ, ഫാ. ഫിലിപ്പ് കവിയിൽ, ഫാ. പയസ് പടിഞ്ഞാറേമുറിയിൽ, ഫാ. ഡയസ് തുരുത്തിപ്പള്ളിൽ, ശ്രീ. ബാബു പി.വി. എടൂർ, ശ്രീ. ഡി.പി. ജോസ് ദേവസത്തിൽ, ശ്രീ. സിബി തിരുമേനി (മാതൃഭൂമി), ശ്രീ. പയസ് കെ. പട്ടുവം, ശ്രീ. സിബി പന്തലാനിക്കൽ, ശ്രീ. മാത്യു പ്ലാത്തോട്ടം, ശ്രീ. ജോർജ് തയ്യിൽ, ശ്രീ. ജോസ് തയ്യിൽ, ശ്രീ. വിപിൻ മാറാട്ടിൽ, ശ്രീ. രതീഷ് ആന്റണി.

**ഫൈനാൻസ് :** മോൺ. ജോസഫ് ഒറ്റപ്ലാക്കൽ (ചെയർമാൻ) അഡ്വ. ടോണി പുഞ്ചക്കുന്നേൽ (കൺവീനർ), ഫാ.ബാബു പരതേപതിക്കൽ, ഫാ. ബെന്നി നിരപ്പേൽ, ഫാ. മാത്യു ആശാരിപറമ്പിൽ, ഫാ. മാത്യു ശാസ്താംപടവിൽ, ഫാ. സെബാൻ ചെരിപുറം, ഫാ. ഫിലിപ്പ് കവിയിൽ, ശ്രീ. തോമസ് മാണി കളപ്പുരയ്ക്കൽ, ശ്രീ. ജോർജ് കാനാട്ട്, സി. നോബിൾ എഫ്.സി.സി., ശ്രീമതി ശാന്തമ്മ ഫിലിപ്പ് പാലാവയൽ

**റിസപ്ഷൻ :** ഫാ. ജേക്കബ് വെണ്ണായപ്പള്ളിൽ (ചെയർമാൻ) ശ്രീ. ബാബു കെട്ടാരത്തിൽ (കൺവീനർ), ഫാ. മാത്യു ഇളംന്തുരുത്തിപടവിൽ, ഫാ. ജോർജ് കരോട്ട്, ഫാ. ഫിലിപ്പ് കവിയിൽ, സി. ലിന്റ എം.എസ്.എം.ഐ., (കണ്ണൂർ), സി. റോഷ്ണി എസ്.എ.ബി.എസ് (തലശ്ശേരി), ശ്രീമതി ആനി റോബർട്ട്, ശ്രീമതി മിനി ആശാരിപറമ്പിൽ, ശ്രീമതി ഡെയ്സി മച്ചിയാനിക്കൽ.

**വോളണ്ടിയേഴ്സ് :** ഫാ. തോമസ് ആമക്കാട്ട് (ചെയർമാൻ), ശ്രീ. സിജോ കണ്ണേഴത്ത് (കൺവീനർ), ഫാ. സോണി വടശ്ശേരിൽ, ഫാ. ജോർജ് കളരിമുറിയിൽ, ഫാ. മാത്യു ആശാരിപറമ്പിൽ, ഫാ. മാത്യു ശാസ്താംപടവിൽ, ഫാ. സെബാസ്റ്റ്യൻ ഇട്ടിയപാറ, ഫാ. ജോസഫ് വേങ്ങക്കുന്നേൽ, ശ്രീമതി ജോളി സെബാസ്റ്റ്യൻ, സി. മേബിൾ സി.എം.സി.(തളിപ്പറമ്പ), സി. റോഷ്ണി എഫ്.സി.സി.(തലശ്ശേരി), ശ്രീ.ബേബി പ്ലാശ്ശേരി, ശ്രീമതി മാർഗരറ്റ് ചാമക്കാലായിൽ, ശ്രീമതി റെജി പോത്താനാമൂഴി, സി. റോസ്ബിൻ എൻ.എസ്. (കണ്ണൂർ), ശ്രീ. ക്രിസ്റ്റഫർ (കണ്ണൂർ രൂപത).

**ട്രാഫിക്:** ഫാ. സിബി പാലാക്കുഴി(ചെയർമാൻ) ശ്രീ. ജോസഫ് തോമസ്(കൺവീനർ), ഫാ. ബെന്നി നിരപ്പേൽ, ഫാ. ജോൺസൺ കോവൂർപുത്തൻപുരയിൽ, ശ്രീ. ഫ്രാൻസീസ് മുളന്താനത്ത്, ശ്രീ. ബിജു മണ്ണനാൽ, ശ്രീ. ജോൺസൺ തയ്യിൽ (കണ്ണൂർ), ശ്രീ. സ്കറിയ നെല്ലംകുഴി, ശ്രീ. രതീഷ് ആന്റണി.

**പാർക്കിങ് :** ഫാ. ജോൺസൺ അന്ത്യാംകുളം(ചെയർമാൻ), ശ്രീ. ബെന്നി പുതിയാപുറം(കൺവീനർ), ഫാ. പ്രവീൺ പൊട്ടനാനിക്കൽ, ശ്രീ. മൈക്കിൾ ചണ്ടിക്കൊല്ലി, ശ്രീ. ബേബി പുഞ്ചയിൽ, ശ്രീ. സുനിൽ കല്ലിടുക്കിൽ, ഗബ്രിയേൽ ആർമി മെമ്പേഴ്സ്.

**റാലി :** ഫാ. തോമസ് തയ്യിൽ (ചെയർമാൻ), ശ്രീ. ദേവസ്യ കൊങ്ങോല (കൺവീനർ), ഫാ. മാത്യു ആശാരിപറമ്പിൽ, ഫാ. സക്റിയ കല്ലൂർ (ഒ.എഫ്.എം.), ഫാ. ചാക്കോ കുടിപ്പറമ്പിൽ, ഫാ. ആന്റണി തെക്കേമുറിയിൽ, ഫാ. മാർട്ടിൻ കിഴക്കേതലയ്ക്കൽ, ഫാ. സിബി ആനക്കല്ലിൽ, ഫാ. ദീപു കാരക്കാട്ട്, ഫാ. മാത്യു അരീപ്ലാക്കൽ, ഫാ. കുര്യാക്കോസ് കളരിക്കൽ, ഫാ. തോമസ് കൊച്ചുകരോട്ട്, ഫാ. ഷിന്റോ ആലപ്പാട്ട്, സി. ലിയ റോസ് സി.എച്ച്.എഫ്. (തലശ്ശേരി), സി. അൻസിറ്റ ജോർജ് എസ്.എച്ച്. (കണ്ണൂർ), ശ്രീ. ജോർജ് വടകര, ശ്രീ. സാജൻ (കരുവഞ്ചാൽ- ബത്തേരി രൂപത) ശ്രീ. ഹംസ പുല്ലാട്ട്, ശ്രീ. തോമസ് മാത്യു പാലോലിൽ, ശ്രീ. അബ്ദുള്ള എടക്കാവ് (കാഞ്ഞങ്ങാട്), ശ്രീമതി തങ്കമ്മ കൊച്ചുവേലിൽ, ശ്രീ. സൈമൺ പാഴൂക്കുന്നേൽ (കോട്ടയം രൂപത), ശ്രീ. അബ്ദുള്ള ബ്രാൻ (കാസർഗോഡ്), ശ്രീ. ചാക്കോ കൊന്നയ്ക്കൽ, ശ്രീ. ഷാജി കടവന (ബദിയടുക്ക), ശ്രീ. ജെയ്സൺ ലൂക്കോസ് (കിസാൻ മിത്ര), ശ്രീ.ബാബു കദളിമറ്റം (കോട്ടയം രൂപത), ശ്രീമതി ഷീബ ലൂക്കോസ്.

## തീരുമാനങ്ങൾ

1. ഒക്ടോബർ 13 ന് കണ്ണീർ ചങ്ങലയോടുകൂടി കർഷക പ്രക്ഷോഭത്തിന്റെ തുടക്കം കുറിക്കുവാൻ കഴിഞ്ഞത് വലിയ വിജയമായിരുന്നുവെന്ന് വിലയിരുത്തി.
2. കർഷക പ്രക്ഷോഭത്തിന്റെ തുടർ ചലനങ്ങളായി കോർണർ യോഗങ്ങളും ഫൊറോന കൺവെൻഷനുകളും നടത്തണം.

3. യോഗങ്ങളിൽ മറ്റ് മത-സമുദായ നേതാക്കളെ പങ്കെടുപ്പിക്കണം.
4. ജന പ്രതിനിധികളെ വിളിച്ച് ചേർത്ത് ചർച്ചകൾ നടത്തുന്നതാണ്.
5. യാതൊരു കാരണവശാലും കർഷക പ്രക്ഷോഭത്തിൽ നിന്ന് പിൻമാററുത്
6. ഇതിന്റെ തുടർ സമര പരമ്പര വയനാട്, കോഴിക്കോട് ജില്ലകളിലും തുടർന്ന് കേരളം മുഴുവനും ഉണ്ടാകണം.
7. ഡിസംബർ 9ന്റെ കണ്ണൂർ സമ്മേളനം ജനപങ്കാളിത്തം കൊണ്ടും ഉണർവ്വ് കൊണ്ടും ഗംഭീരമാക്കണം. കർഷക സമ്മേളനവും കർഷക കോട്ടയും റാലിയും സംഘടിപ്പിക്കണം.
8. ഒരു ലക്ഷംപേർ പങ്കെടുക്കുന്ന മഹാസമ്മേളനമായി മാറണം.
9. മുഴുവൻ ജനത്തിന്റെയും പിന്തുണയും പങ്കാളിത്തവും ഉറപ്പ് വരുത്തണം.
10. നവംബർ 10ന് മുൻപായി തിരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികൾ കൂടി പദ്ധതികൾ ആസൂത്രണം ചെയ്യണം.
11. കർഷക പ്രക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ ഒരു സെമിനാർ സംഘടിപ്പിക്കണം. കാർഷിക മേഖലയിലെ പുതിയ സാധ്യതകളെക്കുറിച്ച് പഠിക്കണം. ബദൽ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തണം.
12. കണ്ണൂർ കാൽടെക്സ് ജംഗഷനിൽ സ്വാഗതസംഘം ഓഫീസ് പ്രവർത്തിക്കുന്നതാണ് (കേരളകോൺഗ്രസ് മന്ദിരം)

## പൊതു നിർദ്ദേശങ്ങൾ

- വരും ദിനങ്ങളിൽ കോർണർ യോഗങ്ങൾ സംഘടിപ്പിക്കുന്നു "നമുക്കും ജീവിക്കണം; അതിജീവനത്തിനായി അണിചേരൂ"...
- ഓരോ പഞ്ചായത്ത് വാർഡുകളിലും ആശയപ്രചരണത്തിനായ് പദയാത്രകളും യോഗങ്ങളും നടത്തുവാൻ സംഘടനകൾ നേതൃത്വം കൊടുക്കുന്നു.
- **നവംബർ 1-15:** തീയതികളിൽ ഫൊറോനയിലെ മുഴുവൻ ഇടവകകളെയും പ്രദേശങ്ങളെയും ഈ പ്രക്ഷോഭത്തെക്കുറിച്ച് അറിയിക്കുവാനും ജന മന സാക്ഷിയെ ഉണർത്തുവാനുമായി ഫൊറോനതല വാഹന പ്രചരണ ജാഥ.
- സമാപനത്തിൽ ഒരു ടൗണിൽ ധർണ്ണയും പൊതുസമ്മേളനവും യുക്തമെങ്കിൽ കർഷകരുടെ ഉപവാസവും ക്രമീകരിക്കാം.
- കർഷക സംഘടനകളെയും മത ജനപ്രതിനിധികളെയും സാമൂഹ്യ പ്രവർത്തകരെയും ഈ പ്രചരണ ജാഥയിൽ സഹകരിപ്പിക്കണം
- **ഡിസംബർ 2 തിങ്കൾ : കണ്ണൂരിൽ വൈദികരുടെ ഉപവാസം** (ജനത്തിന്റെ നൊമ്പരങ്ങളിൽ ഞങ്ങളും പങ്കുചേരുന്നു എന്ന് പ്രഖ്യാപിച്ച് തലശ്ശേരി, കണ്ണൂർ, കോട്ടയം, ബത്തേരി രൂപതകളിലെ ഇടയന്മാർ ഉപവസിക്കുന്നു.
- വന്യമൃഗങ്ങളാൽ ആക്രമിക്കപ്പെട്ടവരുടെയും മരിച്ചവരുടെയും കുടുംബാംഗങ്ങളുടെ സംഗമം. കലാകാരന്മാരുടെ കൂട്ടായ്മയുടെ പിന്തുണ.ജനപ്രതിനിധികൾ അഭിവാദനം അർപ്പിക്കുന്നു.

- **നവംബർ 24** സർക്കാർ ഓഫീസുകളുടെ മുൻപിൽ അമ്മമാർ അടുപ്പു കൂട്ടി **കണ്ണീർ കഞ്ഞി** വെച്ച് പ്രതിഷേധിക്കുന്നു.
- **ഡിസംബർ 4,5** ഹൈവേയിലൂടെ വിളംബര വാഹന പ്രചരണ ജാഥ
- **ഡിസംബർ 6,7ന്** തീയ്യതികളിൽ ഇടവക തലത്തിൽ യുവജനങ്ങളുടെ പന്തംകൊളുത്തി പ്രകടനം, വിളംബര ജാഥ

**ഡിസംബർ 9 തിങ്കൾ 11 മണിക്ക് കണ്ണൂരിൽ കർഷക കോട്ട:** കണ്ണൂർ കലക്ട്രേറ്റ് മൈതാനത്തിൽ കർഷക മഹാസംഗമവും പൊതുസമ്മേളനവും. തുടർന്ന് സ്റ്റേഡിയത്തിന് ചുറ്റും ആളുകൾ നിരന്നുനിന്ന് മതിൽ തീർക്കുന്നു. പാളത്തൊപ്പിയും കർഷക ചിഹ്നങ്ങളും കാർഷിക പ്രതീകങ്ങളുമായി കർഷകരും കർഷകരെ സ്നേഹിക്കുന്നവരും കണ്ണൂരിലേക്ക് ഒഴുകിയെത്തട്ടെ.

1. ഇടവക തലത്തിൽ കോർണർ യോഗങ്ങളും ഫൊറോന തലത്തിൽ വാഹന പ്രചരണ ജാഥയും സമ്മേളനവും നിർബന്ധമായും നടത്തപ്പെടേണ്ടതാണ്. എല്ലാവരും താല്പര്യത്തോടെ പങ്കെടുക്കണം. (കർഷക നേതാക്കളുടെ ഏകദിന ഉപവാസം നടത്തുന്നത് നല്ലതാണ്.)
2. അമ്മമാരുടെ കണ്ണീർ കഞ്ഞിവെയ്ക്കൽ, യുവജനങ്ങളുടെ ബൈക്ക് റാലി, പന്തം കൊളുത്തി പ്രകടനം തുടങ്ങിയവ സാധിക്കുന്ന ഇടവകകളിൽ നടത്താവുന്നതാണ്.
3. കണ്ണൂരിൽ നടക്കുന്ന സമാപന സമ്മേളനത്തിലേക്ക് ഓരോ കുടുംബ കൂട്ടായ്മയിൽ നിന്നും 20-25 പേർ പങ്കെടുക്കുവാൻ പരിശ്രമിക്കണം. സ്വന്തമായി വാഹനമുള്ളവർ ആളുകളെ കൂട്ടിയും അല്ലെങ്കിൽ പൊതുവായ വാഹനങ്ങളിലുമായി ആളുകൾ വരണം
4. ഈ സംരംഭത്തിന് ഇടവകയിലും ഫെറോനായിലും ആവശ്യമായ പണം ഇടവകകളിൽ നിന്ന് സ്തോത്രകാഴ്ചയിലൂടെയോ സംഭാവനകളിലൂടെയോ ശേഖരിക്കാവുന്നതാണ്. പൊതു ചിലവുകൾ സംഭാവനകളിൽനിന്നും ക്രമീകരിക്കുന്നതാണ്.
5. പാളത്തൊപ്പികളും കർഷക പ്രതീകങ്ങളുമായ് സമാപന സമ്മേളനത്തിലേക്ക് ആളുകൾ വരണം.
6. ഓരോ ഇടവകയുടെയും കർഷക പ്രക്ഷോഭ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ടത് ഇടവക ഏകോപന സമിതിയും (ദിയാക്കോണിയ) കുടുംബ കൂട്ടായ്മ ഭാരവാഹികളുമാണ്.
7. ഓരോ സംഘടനയും തങ്ങളുടേതായ രീതിയിൽ കർഷക പ്രക്ഷോഭത്തിന്റെ പ്രചരണത്തിലും പങ്കാളിത്തത്തിലും ഇടപെടുമല്ലോ.
8. യുവജനങ്ങൾ ഫെയ്സ് ബുക്ക്, വാട്ട്സാപ്പ് തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങളിലൂടെ ഈ പ്രക്ഷോഭത്തെ പിന്തുണയ്ക്കുകയും പ്രചരിപ്പിക്കുകയും സമാപന സമ്മേളനം ആകർഷണീയമാക്കുവാൻ പരിശ്രമിക്കുകയും ചെയ്യണം (ടാബ്ളോ, ഫ്ളാഷ് മോബ്, അലങ്കാരങ്ങൾ etc

9. ടൗണിലോ (പള്ളിയുടെ മുൻപിൽ റോഡരികിലോ) **'കർഷക കണ്ണീർ കൂടാരം'** എന്ന പേരിൽ ഓലകൊണ്ടോ, പുല്ലുകൊണ്ടോ ഒരു താൽക്കാലിക ഓഫീസ് ഉണ്ടാക്കുന്നത് നല്ലതാണ്. നോട്ടീസുകളും പോസ്റ്ററുകളും വാർത്തകളും ഇവിടെ പ്രദർശിപ്പിക്കുക.
10. പ്രക്ഷോഭത്തിന്റെ ഭാഗമായ ഓരോ സംഭവവും പത്രങ്ങൾക്കും ചാനലുകൾക്കും വാർത്തയാക്കണം.

| | | |
|---|---|---|
| **മോൺ. ജോസഫ് ഒറ്റപ്ലാക്കൽ** | **ഫാ. മാത്യു ആശാരിപറമ്പിൽ** | **ഫാ. ഫിലിപ്പ് കവിയിൽ** |
| ചെയർമാൻ | കൺവീനർ | സെക്രട്ടറി |

---

# അഭിനന്ദനങ്ങൾ



തലശ്ശേരി കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ ഈ വർഷത്തെ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പുരസ്ക്കാരത്തിന് അർഹനായ ഫാ. തോമസ് തൈത്തോട്ടത്തിന് അഭിനന്ദനങ്ങൾ.



വത്തിക്കാന് കീഴിൽ ബെൽജിയം ആസ്ഥാനമായി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര യുവജന സംഘടനയായ FIM CAP ന്റെ ഏഷ്യൻ പ്രസിഡണ്ടുമാരിൽ ഒരാളായി തെരഞ്ഞെടുക്കപ്പെട്ട തലശ്ശേരി അതിരൂപതാംഗം ശ്രീ. സിജോ അമ്പാട്ടിന് അഭിനന്ദനങ്ങൾ.



റോമിലെ Marianum Pontifical Faculty ൽ നിന്നും Dogmatic Theology with specialization in Mariology ൽ ഡോക്ടറേറ്റ് ലഭിച്ച ആരാധനാ സന്ന്യാസിനി സമൂഹത്തിന്റെ തലശ്ശേരി പ്രൊവിൻസ് അംഗമായ സി. റോസ്‌ലെറ്റ് വള്ളിപറമ്പിലിന് അഭിനന്ദനങ്ങൾ.

# സെമിനാരി വാർത്തകൾ

## വിഷൻ & മിഷൻ 2019

ദൈവവിളിയെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, വൊക്കേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന വിഷൻ & മിഷൻ എന്ന ഏകദിന പ്രോഗ്രാം എല്ലാ ഫൊറോനകളിലുമായി ഈ വർഷവും ക്രമീകരിച്ചിരിക്കുന്നു. നവംബർ മാസം 10,17 (ഞായറാഴ്ച) തീയതികളിലാണ് സെമിനാർ ക്രമീകരിച്ചിരിക്കുന്നത്. നമ്മുടെ സൺഡേ സ്കൂളിൽ 10-ാം ക്ലാസ്സിൽ പഠിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ക്രൈസ്തവ ജീവിത വിളികൾ പരിചയപ്പെടുത്തുക എന്നതാണ് സെമിനാറിന്റെ ലക്ഷ്യം. നല്ല ദൈവവിളികൾ കണ്ടെത്തുന്നതിനും, വിവിധ ക്രൈസ്തവ ജീവിതാന്തസ്സുകൾ കുട്ടികൾക്കു പരിചയപ്പെടുത്തുന്നതിനുമുള്ള ഈ അവസരം താത്പര്യത്തോടെ വിനിയോഗിക്കണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

- വിഷൻ& മിഷൻ നവംബർ 10,17 എന്നീ ഞായറാഴ്ചകളിലാണ് ക്രമീകരിച്ചിരിക്കുന്നത്.
- രാവിലെ 9.30ന് വി. കുർബാനയോടുകൂടി ആരംഭിച്ച് വൈകുന്നേരം 3.30ന് ക്ലാസ്സുകൾ അവസാനിക്കുന്നു.
- പൗരോഹിത്യം, സന്ന്യാസം, കുടുംബജീവിതം എന്നീ ക്രൈസ്തവ ജീവിതാന്തസ്സുകളാണ് പ്രതിപാദ്യ വിഷയങ്ങൾ.
- 10-ാം ക്ലാസ്സിൽ വേദപാഠം പഠിക്കുന്ന എല്ലാ കുട്ടികളും ഈ സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

## പ്രത്യേകം ശ്രദ്ധിക്കുക

അതിരൂപതാ ദൈവവിളി ക്യാമ്പിന് മുമ്പുള്ള ഒരു സെമിനാർ ആയതിനാൽ വിവിധ കോൺഗ്രിഗേഷനിൽ നിന്നുള്ള വൊക്കേഷൻ പ്രൊമോട്ടർമാർക്കു കുട്ടികളെ അന്നേദിവസം കാണാൻ അവസരം കൊടുക്കരുത് എന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. അതിരൂപത ദൈവവിളി ക്യാമ്പിന്റെ സമയത്ത് അതിനുള്ള അവസരം നല്കുന്നതാണ്.

**നവംബർ 10ന് സെമിനാർ നടക്കുന്ന സെന്ററുകളും പങ്കുചേരേണ്ട ഇടവകകളുടെ പേരുകളും**

1. **ചെമ്പന്തൊട്ടി :** ചെമ്പന്തൊട്ടി, ചേപ്പറമ്പ, കരയത്തുംചാൽ, കോട്ടൂർ, നെല്ലിക്കുന്ന്, ശ്രീകണ്ഠാപുരം, വെണ്ണക്കല്ല്, നെടുവാലൂർ, ബാലേശുഗിരി, അമ്മംകുളം, മണ്ടളം, നടുവിൽ, വിളക്കന്നൂർ, കോട്ടൂർവയൽ.

2. **തളിപ്പറമ്പ :** കണ്ണൂർ, മേലെചൊവ്വ, പരിയാരം, പയ്യന്നൂർ, പുഷ്പഗിരി, തളിപ്പറമ്പ, ധർമ്മശാല, തലശ്ശേരി.
3. **മേരിഗിരി :** ചെറുപാറ, കോടോപ്പള്ളി, റയറോം, പെരിങ്ങാല, വിമലശ്ശേരി, മേരിഗിരി.
4. **പെരുമ്പടവ് :** വെള്ളരിയാനം, കാര്യപ്പള്ളി, പച്ചാണി, എടക്കോം, പെരുമ്പടവ്
5. **നെല്ലിക്കാംപൊയിൽ:** നെല്ലിക്കാംപൊയിൽ, അറബി, ഉളിക്കൽ, ഇരിട്ടി, മുണ്ടാനൂർ, കല്ലുവയൽ, പടിയൂർ, വിളമന, തേർമല, തിരൂർ.
6. **മണിക്കടവ്:** മണിപ്പാറ, മാട്ടറ, കാലാങ്കി, കാഞ്ഞിരക്കൊല്ലി, ശാന്തിനഗർ, പുറവയൽ, മണിക്കടവ്, ആനറ.
7. **തോമാപുരം:** ചട്ടമല, കടുമേനി, കമ്പല്ലൂർ, കുന്നുംകൈ, മണ്ടപം, വരക്കാട്, ബെഡൂർ, അതിരുമാവ്, ആയന്നൂർ, തോമാപുരം, കുളിനീർ.
8. **പാലാവയൽ:** കാവുന്തല, ചാവറഗിരി, കണ്ണിവയൽ, തയ്യേനി, പാലാവയൽ
9. **കുന്നോത്ത്:** കിളിയന്തറ, പേരട്ട, പെരിങ്കിരി, കച്ചേരിക്കടവ്, മാടത്തിൽ, എടക്കാനം, പാലത്തിൻകടവ്, കുന്നോത്ത്.
10. **അങ്ങാടിക്കടവ് :** രണ്ടാംകടവ്, ചരൾ, മുടയരഞ്ഞി, വാണിയപ്പാറ, ആനപ്പന്തി, അങ്ങാടിക്കടവ്.
11. **പനത്തടി:** അടോട്ടുകയ, പടിമരുത്, പാണത്തൂർ, കള്ളാർ, പനത്തടി, എള്ളുകൊച്ചി.
12. **പടുപ്പ്:** മാനടുക്കം, മേരിപുരം, കൊട്ടോടി, പടുപ്പ്, കന്നിലടുക്കം.
13. **വെള്ളരിക്കുണ്ട്:** അട്ടേങ്ങാനം, ബളാൽ, ഭീമനടി, ബിരിക്കുളം, പരപ്പ, അട്ടക്കണ്ടം, ആനമഞ്ഞൾ, കാലിച്ചാമരം, കനകപള്ളി, വെള്ളരിക്കുണ്ട്.
14. **മാലോം:** കൊന്നക്കാട്, പുന്നക്കുന്ന്, ചുള്ളി, പുഞ്ച, നാട്ടക്കല്ല്, പറമ്പ, മാലോം.

**നവംബർ 17ന് സെമിനാർ നടക്കുന്ന സെന്ററുകളും പങ്കുചേരേണ്ട ഇടവകകളുടെ പേരുകളും**

1. **ആലക്കോട്:** കുട്ടാപറമ്പ, ഒറ്റത്തൈ, നെല്ലിപ്പാറ, പരപ്പ, വിജയഗിരി, ആലക്കോട്.
2. **ഉദയഗിരി:** അരിവിളഞ്ഞപൊയിൽ, മാംപൊയിൽ, ചീക്കാട്, ജയഗിരി, മണക്കടവ്, കാർത്തികപുരം, ഉദയഗിരി.
3. **ചെറുപുഴ:** അരവഞ്ചാൽ, പാടിയോട്ടുചാൽ, ഉമ്മറപൊയിൽ, മുളപ്ര, താബോർ, തിരുമേനി, ചെറുപുഴ.
4. **പുളിങ്ങോം:** കോഴിച്ചാൽ, രാജഗിരി, ജോസ്ഗിരി, ചൂരപ്പടവ്, കോലുവള്ളി, പുളിങ്ങോം.
5. **ചെമ്പേരി :** അരീക്കമല, ലിസിഗിരി, നെല്ലിക്കുറ്റി, രത്നഗിരി, പൂപ്പറമ്പ, ചെമ്പേരി.

6. **കുടിയാന്മല:** പുലിക്കുരുമ്പ, പൊട്ടംപ്ലാവ്, ദീപഗിരി, പൊൻമല, കനകക്കുന്ന്, കുടിയാന്മല.

7. **എടൂർ:** എടപ്പുഴ, കരിക്കോട്ടക്കരി, ഉരുപ്പുംകുറ്റി, വട്ട്യറ, എടൂർ.

8. **വെളിമാനം:** മാങ്ങോട്, ചെടിക്കുളം, കീഴ്പ്പള്ളി, വെളിമാനം.

9. **പൈസക്കരി:** ജോസ്മൗണ്ട്, മുത്താറിക്കുളം, വെമ്പുവ, ചുണ്ടപ്പറമ്പ, പയ്യാവൂർ, പൈസക്കരി.

10. **ചന്ദനയ്ക്കാംപാറ:** ആടാംപാറ, പാടാംകവല, ഏറ്റുപാറ, ഷിമോഗനഗർ, ചന്ദനയ്ക്കാംപാറ.

11. **പേരാവൂർ:** പെരുമ്പുന്ന, കല്ലുമുതിരക്കുന്ന്, എടത്തൊട്ടി, കോളയാട്, ആര്യപ്പറമ്പ, നിർമ്മലഗിരി, വാഴമല, മട്ടന്നൂർ, മേൽമുരിങ്ങോടി, ചെറുവാഞ്ചേരി, പേരാവൂർ.

12. **കൊളക്കാട് :** രാജമുടി, ചെങ്ങോം, പൂളക്കുറ്റി, നെടുംപുറംചാൽ, കൊളക്കാട്.

13. **കാഞ്ഞങ്ങാട് :** ചായോത്ത്, ചീമേനി, എണ്ണപ്പാറ, കാലിച്ചാനടുക്കം, കാഞ്ഞിരടുക്കം, കാഞ്ഞങ്ങാട്, നീലേശ്വരം, നെല്ലിയടുക്കം, പടന്നക്കാട്, ഉദയപുരം, കോടോത്ത്.

14. **കാസർഗോഡ്:** കാസർഗോഡ്, മുള്ളേരിയ, ബദിയടുക്ക, ഹൊസങ്കടി, ദേലംപാടി, പൊയ്നാച്ചി, പെരിയ, കുമ്പള, പെർള.

15. **വായാട്ടുപറമ്പ:** കരുണാപുരം, കരുവഞ്ചാൽ, തടിക്കടവ്, വായാട്ടുപറമ്പ

16. **വെള്ളാട്:** അൽഫോൻസഗിരി, പാത്തൻപാറ, മാവുംചാൽ, വിജയപുരം, വെള്ളാട്.

17. **കണിച്ചാർ:** മഞ്ഞളാംപുറം, ചെട്ടിയാംപറമ്പ്, ഓടൻതോട്, കണിച്ചാർ.

## Come & See Programme

തലശ്ശേരി അതിരൂപതയിൽ ചേർന്ന് വൈദികനാകാൻ ആഗ്രഹമുള്ള കുട്ടികളുടെ ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനും, അവർക്ക് തലശ്ശേരി മൈനർ സെമിനാരിയെ പരിചയപ്പെടുത്തുന്നതിനുമായി നമ്മുടെ ഇവടകകളിൽ 10,12 ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്കായി ഡിസംബർ 28ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 29 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 4 മണി വരെ Come & See പ്രോഗ്രാം മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നു. വളരെ പ്രത്യേകമായി ഈ വർഷം നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വൈദികനാകാൻ താല്പര്യമുള്ള കുട്ടികളെ വികാരിയച്ചന്മാർ പ്രത്യേക താല്പര്യമെടുത്ത് പറഞ്ഞുവിടുമല്ലോ. അതിരൂപതയിൽ ചേർന്ന് വൈദികനാകാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുകൾ ബഹു. വികാരിയച്ചന്മാർ വൊക്കേഷൻ പ്രൊമോട്ടറച്ചനെ അറിയിക്കണമെന്നഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ 8547 128 523

**ഫാ. ജോർജ് കരോട്ട്**
റെക്ടർ 8304 871 142

# വിശ്വാസപരിശീലനം

> **"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

## 1. മതാധ്യാപകദിനം നവംബർ 4

വിശ്വാസപരിശീലകരുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായ നവംബർ 4-നാണ് മതാധ്യാപകദിനം. എല്ലാ സൺഡേ സ്കൂളുകളിലും നവംബർ 3-ാം തീയതി ഞായറാഴ്ച മതാധ്യാപക ദിനം ആചരിക്കുകയും അധ്യാപകർക്ക് സമ്മാനങ്ങൾ നല്കേണ്ടതുമാണ്. ഹെഡ്മാസ്റ്റർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് മതാധ്യാപകദിനം സമുചിതമായി ആഘോഷിക്കാൻവേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതയിലെ എല്ലാ വിശ്വാസപരിശീലകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും ആശംസിക്കുകയും അധ്യാപകരുടെ ശുശ്രൂഷയെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

## 2. അതിരൂപതാ മതാദ്ധ്യാപക സംഗമം

തലശ്ശേരി അതിരൂപതയിലെ മുഴുവൻ വിശ്വാസ പരിശീലകരുടെയും സംഗമം നവംബർ 9 ശനിയാഴ്ച ചെമ്പേരിയിൽവച്ച് നടത്തപ്പെടുന്നു. **'ഉണർവ്വ് 2019'** എന്നാണ് സംഗമത്തിന് നമ്മൾ നല്കിയിരിക്കുന്ന പേര്. ചെമ്പേരി ഇടവകയുടെ വിശാലമായ ഗ്രൗണ്ടിലാണ് സംഗമം നടത്തുവാൻ ഉദ്ദേശിക്കുന്നത്. അതിരൂപതയിലെ 215 സൺഡേ സ്കൂളുകളിൽ ഈശോയുടെ സുവിശേഷം പഠിപ്പിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്ന 3157 വിശ്വാസപരിശീലകർ നമുക്കുണ്ട്. എല്ലാ വിശ്വാസപരിശീലകരുടെയും മുഴുവൻ സമയ സാന്നിധ്യം ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നു. വിശ്വാസപരിശീലകരുടെ സംഗമത്തിന്റെ ഭക്ഷണചെലവുകൾക്കായി ഒരു അധ്യാപകന് 150 രൂപ വച്ച് കൊണ്ടുവരുവാൻ മറക്കരുതേ. ബഹു. വിശ്വാസപരിശീലകർ വികാരിയച്ചനുമായി ആലോചിച്ച് എല്ലാവരും ഒരുമിച്ച് അന്നേ ദിവസം ചെമ്പേരിയിൽ എത്തിച്ചേരാൻ പരിശ്രമിക്കുമല്ലോ.

### പ്രോഗ്രാം

| | | |
|---|---|---|
| 09.00 am | : | രജിസ്ട്രേഷൻ |
| 09.30 am | : | ദിവ്യബലി |
| | | (കാർമ്മികൻ : മാർ ജോർജ് ഞറളക്കാട്ട്) |

| | | |
|---|---|---|
| 11.15 am | : | Refreshment |
| 11.30 am | : | ക്ലാസ് - ബ്ര. തോമസ് കുമളി (കാഞ്ഞിരപ്പള്ളി രൂപത) |
| 12.45 pm | : | ഉച്ചഭക്ഷണം |
| 01.45 pm | : | പൊതുസമ്മേളനം (അഭിവന്ദ്യപിതാക്കന്മാരുടെ സന്ദേശങ്ങൾ, മുൻ ഡയറക്ടർമാരെ ആദരിക്കൽ, മികച്ച വിശ്വാസപരിശീലകരെ ആദരിക്കൽ) |
| 03.15 pm | : | ദിവ്യകാരുണ്യ ആരാധന |
| 04.00 pm | : | ചായ |

## 3. ജനറൽ ചോദ്യങ്ങൾ

ക്രിസ്മസ് പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ വെബ്സൈറ്റിൽ **നവംബർ 23ന്** പ്രസിദ്ധീകരിക്കുന്നതായിരിക്കും. **4 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും 8 മുതൽ 12 വരെയുള്ള ക്ലാസുകൾക്കും** വ്യത്യസ്ത ജനറൽ ചോദ്യങ്ങളാണ് ഉള്ളത്. അധ്യാപകർ വെബ്സൈറ്റിൽ നിന്ന് ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

## 4. ക്രിസ്മസ് പരീക്ഷ ഡിസംബർ 8

ക്രിസ്മസ് പരീക്ഷ ഡിസംബർ 8 ഞായറാഴ്ച്ച രാവിലെ 11.30 മുതൽ 1.30 വരെയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠഭാഗങ്ങൾ താഴെക്കൊടുക്കുന്നു.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>4-5 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>6-10 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>ഭാഗം 2:1-5അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 5-8 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>സത്യമറിയാൻ (പേജ് 25-47) |

**NB:** ഏതെങ്കിലും കാരണത്താൽ പരീക്ഷ (ഓണം, ക്രിസ്മസ്) എഴുതാൻ സാധിക്കാത്തവർക്ക് പിന്നീട് പ്രൈവറ്റായി ക്ലാസ് ടീച്ചർ പരീക്ഷ നടത്തേണ്ട താണ്.

## 5. അസൈൻമെന്റ് ക്ലാസ് - XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റ് **നവംബർ 10-ന്** മുമ്പ് നിർബന്ധമായും ഓഫീസിൽ എത്തിക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് ഒക്ടോബർ മാസത്തെ സർക്കുലർ കാണുക.

## 6. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII) വെബ്സൈറ്റിലൂടെ മാത്രം

a. 12-ാം ക്ലാസിലെ റെഗുലർ കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ വെബ്സൈറ്റിലൂടെ മാത്രമായിരിക്കും. 12-ാം ക്ലാസിലെ കുട്ടികളുടെ വിവരങ്ങൾ പൂർണ്ണമായി ചേർത്തു കഴിയുമ്പോൾ അത് വെബ്സൈറ്റിലെ റിപ്പോർട്ട് സെക്ഷ നിൽ ഡിപ്ലോമ രജിസ്ട്രേഷൻ 2019-2020 എന്ന തലക്കെട്ടിൽ കാണാവുന്നതാണ്. പ്രസ്തുത കോപ്പിയുടെ പ്രിന്റ് എടുത്ത് വീണ്ടും കുട്ടികളെ കാണിച്ച് തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ വരുത്തേണ്ടതാണ്. സഹായം ആവശ്യമു ള്ളവർ ഓഫീസുമായി ബന്ധപ്പെടുക. **നവംബർ 20-നുള്ളിൽ** രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്.

b. ഓഫീസിൽ നിന്നു തരുന്ന ഡിപ്ലോമ രജി. ഫോമിൽ വെബ്സൈറ്റിലെ ഫൈനൽ കോപ്പിയുടെ ക്രമത്തിൽ കുട്ടികളുടെ പേരുവിവരങ്ങൾ എഴുതിയ ഫോമും വെബ്സൈറ്റിലെ ഫൈനൽകോപ്പിയുടെ പ്രിന്റും **ഡിസംബർ 30-നകം** ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. ഫോം ക്രിസ്മസ് പരീക്ഷയുടെ ചോദ്യ പേപ്പറിനോടൊപ്പം നല്കുന്നതാണ്.

## 7. XII-ാം ക്ലാസ്സ് ഡിപ്ലോമ ഇംപ്രൂവ്മെന്റ്

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2020 ജനുവരി 26-ന് നടത്തുന്ന പരീക്ഷയക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേ ണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല (ഓഫീ സിൽനിന്ന് ചേർക്കുന്നതാണ്).

## 8. ഡിപ്ലോമ: നോൺ റെഗുലർ സ്റ്റുഡൻസ്

വിശ്വാസപരിശീലനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായി ഇടവ കയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠ നം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാ സ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്.

പരീക്ഷയെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്) അവർ അസൈൻമെന്റ് എഴുതേണ്ടതാണ്. നവോദയ, സ്പോർട്സ് സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ടതില്ല. അവധിക്കാല ക്ലാസ്സിനുവരുമ്പോൾ കൊണ്ടുവന്നാൽ മതി.

## 9. XII -ാം ക്ലാസ്സിലെ കുട്ടികൾക്കുള്ള ധ്യാനം

12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ധ്യാനം ഇതുവരെയും നടത്താത്ത ഫൊറോനകൾ ഉണ്ടെങ്കിൽ നവംബർ മാസത്തിൽതന്നെ ധ്യാനം നടത്തേണ്ടതാണ്. ബഹു. ഫൊറോന വികാരിയച്ചന്റെ അധ്യക്ഷതയിൽ കമ്മിറ്റികൂടി ധ്യാനത്തിനുള്ള ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി നടത്തുമല്ലോ.

## 10.ആസ്പെക്ട് 2019-2020

2019-2020 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുന്നത് സീറോമലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **വിശ്വാസവഴിയിലെ സംശയങ്ങൾ** എന്ന പുസ്തകമാണ്. 304 പേജുകളുള്ള ഈ പുസ്തകത്തിന് 100 രൂപയാണ് വിലയായി നല്കേണ്ടത്. എല്ലാ വിശ്വാസപരിശീലകരും ഈ പുസ്തകത്തിന്റെ ഒരു കോപ്പി നിർബന്ധമായും വാങ്ങേണ്ടതും പഠനം ആരംഭിക്കേണ്ടതുമാണ്. 2020 ഫെബ്രുവരി 16 ഞായറായ്ചയാണ് ആസ്പെക്ട് പരീക്ഷ.

### പഠിക്കേണ്ട പാഠഭാഗങ്ങൾ

ഭാഗം 1, ഭാഗം 4 മുതൽ 10 വരെ (ഭാഗം 2, 3, 11 എന്നിവ ഒഴിവാക്കാവുന്നതാണ്. അതിൽ നിന്നും പരീക്ഷയ്ക്ക് ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതല്ല).

## 11. ബധിരരും മൂകരുമായവരുടെ വിശ്വാസപരിശീലനം

തലശ്ശേരി അതിരൂപതയിൽപ്പെട്ട കേഴ്‌വി, സംസാര ന്യൂനതയുള്ളവരുടെ വിശ്വാസപരിശീലനം ലക്ഷ്യമാക്കി *ADAM* വുമായി സഹകരിച്ച് ഡിസംബർ മാസത്തിൽ ഒരു സംഗമം നടത്തുവാൻ ആഗ്രഹിക്കുന്നുണ്ട്. നമ്മുടെ ഇടവകയിൽ ഇപ്രകാരമുള്ള കുട്ടികൾ വിശ്വാസപരിശീലനം നടത്തുന്നുണ്ടെങ്കിൽ (20 വയസ്സിൽ താഴെ) ബഹു. ഹെഡ്മാസ്റ്റർമാർ കത്തുമുഖേന ഓഫീസിൽ അറിയിക്കുമല്ലോ. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ "മതബോധനം ഇന്ന്" എന്ന ചാക്രിക ലേഖനത്തിൽ ഇപ്രകാരം പറയുന്നു: **"ശാരീരികമോ മാനസീകമോ ആയ വൈകല്യമുള്ള കുട്ടികൾക്കും യുവജനങ്ങൾക്കും തങ്ങളുടെ പ്രായത്തിലുള്ള മറ്റുള്ളവരെപ്പോലെതന്നെ, വിശ്വാസത്തിന്റെ രഹസ്യം അറിയുവാൻ**

**അവകാശമുണ്ട്"** (CT 41). സംഗമം സംബന്ധിച്ച വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## 12. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2019-2020 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## 13. USER ID+ PASSWORD

വിശ്വാസപരിശീലന ഡിപ്പാർട്ടുമെന്റിന്റെ വെബ്സൈറ്റിൽ തലശ്ശേരി അതിരൂപതയിലെ എല്ലാ വിശ്വാസപരിശീലകരുടെയും വിശ്വസപരിശീലനം നടത്തികൊണ്ടിരിക്കുന്ന കുട്ടികളുടെയും ഡാറ്റാ ഉണ്ട്. അക്ഷയകേന്ദ്രങ്ങൾ വഴിയോ, മറ്റ് കമ്പ്യൂട്ടർ സെന്ററുകൾ വഴിയോ വിശ്വാസ പരിശീലന സംബന്ധമായ കാര്യങ്ങൾ വെബ്സൈറ്റിൽ എന്റർ ചെയ്യുമ്പോൾ password കൈമാറാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ബഹു. വികാരിയച്ചനോ പ്രധാനാധ്യാപകനോ വിളിച്ചാൽ മാത്രമായിരിക്കും ഓഫീസിൽനിന്നും password തരിക. പ്രധാനാധ്യാപകൻ ഓഫീസിൽ തന്നിട്ടുള്ള മൊബൈൽ നമ്പറിൽതന്നെ വിളിക്കേണ്ടതാണ്. ഇക്കാര്യം എല്ലാ പ്രധാനാധ്യാപകരും ഗൗരവത്തിലെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 14. വിഷൻ&മിഷൻ

ദൈവവിളി പ്രോത്സാഹനാർത്ഥം പത്താം ക്ലാസ്സിലെ കുട്ടികൾക്കായി അതിരൂപതാ വൊക്കേഷൻ ബ്യൂറോ നവംബർ 10, 17 തീയതികളിലായി നടത്തുന്ന വിഷൻ&മിഷൻ ക്ലാസ്സുകളിൽ 10-ാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും പറഞ്ഞയക്കേണ്ടതാണ്. ക്ലാസ്ടീച്ചറും കുട്ടികളോടൊപ്പം പോകേണ്ടതും മുഴുവൻ സമയവും കുട്ടികളോടൊപ്പം ആയിരുന്ന് അവരെ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. ബഹു. ഹെഡ്മാസ്റ്റർമാർ ക്ലാസ്സ് ടീച്ചേഴ്സിനുവേണ്ട നിർദ്ദേശങ്ങൾ കൊടുക്കുമല്ലോ.

## 15. രാജത്വത്തിരുനാൾ - നവംബർ 25

മിശിഹായുടെ രാജത്വത്തിരുനാൾ ദിനമായ നവംബർ 25-ാം തീയതി എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാൻവേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

## 16. സീറോ മലബാർ പ്രതിഭാ അവാർഡ്

ഫൊറോനകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 80 കുട്ടികൾക്കായി സന്ദേശഭവനിൽ വച്ച് ഒക്ടോബർ 7, 8 തീയതികളിൽ അതിരൂപതാ ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. റവ. ഡോ. ജോൺസൺ അന്ത്യാകുളം, റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ, റവ. ഫാ. പയസ് പടിഞ്ഞാറേമുറിയിൽ, റവ. ഫാ. അബ്രാഹം ഒറ്റപ്ലാക്കൽ, ശ്രീ. ബിനോഷ് ജോർജ് ആലയ്ക്കാമറ്റത്തിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നല്കി. കൂടാതെ റവ. സി. ടെർസിറ്റ എൻഎസ്, റവ. സി. പുഷ്പ സിഎംസി, റവ. സി. ലിൻസി എസ് എച്ച് എന്നിവർ ക്യാമ്പിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ചു. ക്യാമ്പിന് സൗകര്യങ്ങൾ ഒരുക്കിതന്ന സന്ദേശഭവനിലെ എല്ലാ ബഹു. വൈദികർക്കും സ്റ്റാഫ് അംഗങ്ങൾക്കും നന്ദി.

**അതിരൂപതാ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടവർ**

| പേര് വീട്ടുപേര് | ഇടവക | ഫൊറോന |
|---|---|---|
| ഗിൽബർട്ട് എമ്പ്രായിൽ | കുടിയാന്മല | ചെമ്പേരി |
| ഡിലൻ കൂനങ്കിൽ | പൈസക്കരി | പൈസക്കരി |
| ക്രിസ്റ്റി പേഴുംകാട്ടിൽ | പേരട്ട | കുന്നോത്ത് |
| അരുണിമ പല്ലാട്ട് | അരിവിളഞ്ഞപൊയിൽ | ആലക്കോട് |
| മിർസ കന്നുതൊട്ടിയിൽ | എടൂർ | എടൂർ |
| ആഷ്ന കോനാട്ട് | ഉദയഗിരി | ആലക്കോട് |

## 17. ആദരാഞ്ജലികൾ

പനത്തടി ഫൊറോന പ്രസിഡന്റും ശാന്തിഗിരി-കള്ളാർ സൺഡേ സ്കൂൾ പ്രധാനാധ്യാപകനുമായ ബഹു. ജോൺസൺ അന്തികാട് സാറിന്റെ അമ്മ ശ്രീമതി മേരി ജോസഫ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. സാറിനും കുടുംബത്തിനും വിശ്വാസപരിശീലന കുടുംബാംഗങ്ങളുടെ അനുശോചനം അറിയിക്കുന്നു.

## 18. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ ചേപ്പറമ്പ, പൂപ്പറമ്പ്, റയരോം, നടുവിൽ എന്നീ ഇടവകകളിലും അസി. ഡയറക്ടറച്ചൻ ചന്ദനക്കാംപാറ, ചെട്ടിയാംപറമ്പ്, ചെമ്പന്തൊട്ടി എന്നീ ഇടവകകളിലും വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത

## FAMILY RENEWAL UNITS IN THALASSERY (FRUITS)

**കുടുംബ കൂട്ടായ്മയുടെ ഓഫീസിൽ നിന്നും ആശംസകൾ!**

സജീവമായ പങ്കാളിത്തത്തോടുകൂടി കുടുംബ കൂട്ടായ്മകൾ മുടങ്ങാതെ നടക്കുന്നുവെന്ന് വിചാരിക്കുന്നു. അതിനായി നേതൃത്വം കൊടുക്കുന്ന എല്ലാവരെയും അഭിനന്ദിക്കുകയും നന്ദി പറയുകയും ചെയ്യുന്നു.

**1.ഗബ്രിയേൽ ആർമി തലശ്ശേരി (എക്സ് സർവ്വീസ് ഫോഴ്സ് ഫോറം)**

വിരമിച്ച സൈനികരുടെ കൂട്ടായ്മ ഉണ്ടാക്കുവാനായി അതിരൂപതതലത്തിൽ ശ്രദ്ധിക്കുകയാണ്. ഒകാടോബർ 8, 9 തിയതികളിൽ കുറച്ച് പേരെ വിളിച്ചു ചേർക്കുവാൻ കഴിഞ്ഞു. അന്നേ ദിവസം നടത്തിയ പ്രാരംഭ ചർച്ചകളുടെയും കൂട്ടായ്മയുടെയും വെളിച്ചത്തിൽ ഗബ്രിയേൽ സേന (ഗബ്രിയേൽ ആർമി ഓഫ് തലശ്ശേരി) (GATE) എന്ന കൂട്ടായ്മക്ക് രൂപം കൊടുക്കുവാൻ തീരുമാനിച്ചു. അതിന്റെ ആദ്യ സമ്മേളനം നവംബർ 15 വെള്ളിയാഴ്ച 2 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ ചേരുകയാണ്. വിശ്വാസത്തിന്റയും നന്മയുടെയും കവാടങ്ങൾക്ക് കാവൽ നിൽക്കുന്നവരായി വിരമിച്ച സൈനികർ സമർപ്പിക്കണം. അതുകൊണ്ടാണ് കാവൽ മാലാഖയായ ഗബ്രിയേലിന്റെ മാധ്യസ്ഥം തേടുന്ന സംരക്ഷണ സേനയായി നാം പ്രഖ്യാപിക്കുന്നത്. വ്യക്തിപരമായി ആത്മീയതയിൽ വളരുവാനും സഭയുടെ വിശ്വാസത്തിന്റെ കാവലാളാകുവാനും നന്മയുടെ പോരാളികളായി മാറുവാനുമാണ് ഈ കൂട്ടായ്മ. അതിനുള്ള സുവർണ്ണ അവസരമാണ് കർഷക പ്രക്ഷോഭത്തിലൂടെ കൈവന്നിരിക്കുന്നത്. സമ്മേളനത്തിന്റേ റാലിക്കും ഗതാഗത നിയന്ത്രണത്തിനും പാർക്കിംഗ് ക്രമീകരണങ്ങൾക്കുമായി വോളണ്ടിയർ ഗ്രൂപ്പിനെ അന്ന് രൂപപ്പെടുത്തുവാനും ആഗ്രഹിക്കുകയാണ്. തലശ്ശേരി അതിരൂപതക്കാരായ മുഴുവൻ വിരമിച്ച സൈനിക അർദ്ധ സൈനിക അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. നിങ്ങൾക്ക് പരിചയമുള്ള ഇത്തരത്തിലുള്ളവരെ ഈ വിവരം അറിയിക്കുകയും കൂട്ടിക്കൊണ്ട് വരികയും ചെയ്യണം. ഇത് ഒരു സംഘടനയോ, വർഗ്ഗീയ കൂട്ടായ്മയോ അല്ല. നിങ്ങൾ ആയിരിക്കുന്ന സംഘടനയിലും പാർട്ടിയിലും നിങ്ങൾ സജീവമായി പ്രവർത്തിക്കുക തന്നെ വേണം. ഈ കാലഘട്ടത്തിൽ കുടുംബ കൂട്ടായ്മയിലൂടെ രൂപപ്പെട്ടുവരുന്ന AKCC, ടീച്ചേഴ്സ് ഗിൽഡ്, നിയമവേദി, ഡോക്ടേഴ്സ് ഫോറം, പ്രവാസി കൂട്ടായ്മ തുടങ്ങിയ സഭാംഗങ്ങളുടെ കൂട്ടായ്മകൾ പോലെ ഐക്യത്തിനും സേവനത്തിനുമുള്ള ഒരു കൂട്ടായ്മ മാത്രമാണിത്. **'കൈകോർക്കാം ഒന്നിച്ച് വളരാം'** എന്നതാണല്ലോ കൂട്ടായ്മയുടെ ആപ്തവാക്യം. നവംബർ 15ന് കൂടുന്ന യോഗത്തിൽ അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് പങ്കെടുക്കുന്നു. അതിനാൽ വിര

മിച്ച സൈനിക അർദ്ധ സൈനിക വിഭാഗത്തിലും പട്ടാളവുമായി ബന്ധപ്പെട്ട ജോലികളിൽ നിന്ന് വിരമിച്ചവരുമായ മുഴുവൻ അതിരൂപതാംഗങ്ങളും ഈ യോഗത്തിൽ പങ്കെടുക്കുമല്ലോ.

**ഭാരവാഹികൾ**

| | | |
|---|---|---|
| ഡയറക്ടർ | : ഫാ. മാത്യു ആശാരിപറമ്പിൽ | - 9447 607 101 |
| അസി. ഡയറക്ടർ | : ഫാ. സണ്ണി തയ്യിൽ | - 9447 850 747 |
| കോർഡിനേറ്റർ | : ബേബി പുഞ്ചായിൽ, തളിപ്പറമ്പ | - 9495 067 012 |
| കൺവീനർ | : 1. മൈക്കിൾ സി.ജെ. ചണ്ടിക്കൊല്ലിയിൽ, പൈസക്കരി | - 9447 371 157 |
| | 2. ജോർജ് നിധിയിരി, പടന്നക്കാട് | - 9747 623 118 |

**കമ്മിറ്റി അംഗങ്ങൾ**

| | | |
|---|---|---|
| 1. ആലക്കോട് | : റിജോ പ്ലാക്കൽ, ഉദയഗിരി | - 9497 770 028 |
| 2. ചെമ്പന്തൊട്ടി | : തോമസ് കരായാടിയിൽ, ചേപ്പറമ്പ | - 9400 967 431 |
| 3. ചെമ്പേരി | : ജോർജ് പിണക്കാട്ട്, ദീപഗിരി | - 9495 180 884 |
| 4. ചെറുപുഴ | : ദേവസ്യ പുറപ്പോക്കര, ചെറുപുഴ | - 9494 917 358 |
| 5. എടൂർ | : ജോസഫ് എം.ജെ. മേലഴകത്ത്, വെളിമാനം | - 9946 929 614 |
| 6. കാഞ്ഞങ്ങാട് | : ജെയിംസ്കുട്ടി പള്ളിക്കൽ, പടുപ്പ് | - 8547 490 579 |
| 7. കുന്നോത്ത് | : ഷിബു കുന്നപ്പള്ളി, കിളിയന്തറ | - 9400 721 700 |
| 8. മേരിഗിരി | : ജോസഫ് പോൾ കലാശിയിൽ, കാര്യപ്പള്ളി | - 9447 582 194 |
| 9. നെല്ലിക്കാംപൊയിൽ | : ബെന്നി കിഴക്കേപുരയ്ക്കൽ, കാഞ്ഞിരക്കൊല്ലി | - 8547 015 602 |
| 10. പൈസക്കരി | : ജോസ് മേലേടത്ത്, ചുണ്ടപറമ്പ | - 9446 737 939 |
| 11. പനത്തടി | : സണ്ണി കാഞ്ഞിരത്തിങ്കൽ, മേരിപുരം | - 9526 527 512 |
| 12. പേരാവൂർ | : ജോർജ് കുടക്കച്ചിറ, പൂളക്കുറ്റി | - 9562 448 345 |
| 13. തളിപ്പറമ്പ | : ജെയിംസ് കൊച്ചുപുരയിൽ, തളിപ്പറമ്പ | - 9995 239 220 |
| 14. തോമാപുരം | : അബ്രാഹം തെന്നിപ്ലാക്കൽ, തോമാപുരം | - 9446 745 730 |
| 15. വായാട്ടുപറമ്പ | : തോമസ് ഏത്തക്കാട്ട്, കരുണാപുരം | - 9495 104 425 |
| 16. വെള്ളരിക്കുണ്ട് | : അലക്സാണ്ടർ തട്ടാക്കുന്നേൽ, കള്ളാർ | - 8547 679 559 |

## 2. പ്രവാസി കൂട്ടായ്മ

കേരളത്തിലും ഇന്ത്യക്ക് പുറത്തുമായി ജോലി ചെയ്യുന്ന സഹോദരങ്ങളുടെ കൂട്ടായ്മയും രൂപീകരിക്കുവാൻ ആഗ്രഹിക്കുകയാണ്. അത്തരം ആളുകളുടെ പേരും വിലാസവും ഫോൺ നമ്പറും ഈമെയിലും അയച്ചു തന്നാൽ അവരെ നമ്മുടെ കൂട്ടായ്മയിൽ പങ്കുചേർക്കുവാൻ കഴിയും.

3. AKCC യൂണിറ്റുകൾ ശക്തമാക്കുന്നതിന്റെ ഭാഗമായി കൂട്ടായ്മയുടെ കൺവീനർമാരുടെയും നിലവിലുള്ള AKCC ഭാരവാഹികളുടെയും കുടുംബ കൂട്ടായ്മകളിലെ AKCC, D.F.C പ്രതിനിധികളുടെയും യോഗം എല്ലാ ഇടവകകളിലും വിളിച്ചു ചേർത്തു എന്ന് കരുതുന്നു. വിളിച്ചു ചേർക്കാത്ത ഇടവക

കളിൽ കർഷക പ്രക്ഷോഭത്തിനുമുമ്പായി യോഗം വിളിച്ച് AKCC യൂണിറ്റുകൾ ശക്തമാക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

4. തെറ്റായ പ്രണയബന്ധങ്ങളുടെ കെണിയിൽ നമ്മുടെ മക്കൾ വീണുപോകുന്ന കഥകൾ നാം ഈ ദിവസങ്ങളിൽ കേട്ടതാണല്ലോ. സ്നേഹത്തിലും ബന്ധത്തിലും നമ്മുടെ കുട്ടികളെ ചേർത്ത് നിർത്തണം. കൂട്ടായ്മയിൽ യുവജനങ്ങൾ മുടങ്ങാതെ പങ്കെടുക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. ആരെങ്കിലും വഴിമാറി നടക്കുന്നത് ശ്രദ്ധയിൽപെട്ടാൽ ശക്തമായി ഇടപെടുകയും പ്രാർത്ഥനയിലൂടെയും കൗൺസിലിംഗിലൂടെയും നേർവഴിക്ക് നയിക്കുകയും ചെയ്യണം. കുടുംബകൂട്ടായ്മകളിൽ യുവജനങ്ങൾക്ക് പങ്കാളിത്തവും പ്രോത്സാഹനവും കൊടുക്കണം. കലാപരിപാടികൾ അവതരിപ്പിക്കട്ടെ.

5. അതിരൂപത തലത്തിൽ നാം സംഘടിപ്പിക്കുന്ന കർഷക പ്രക്ഷോഭത്തെക്കുറിച്ച് കൂട്ടായ്മയിൽ ചർച്ചകൾ നടന്നുവെന്ന് കരുതുന്നു. ഈ പ്രക്ഷോഭം ആർക്കും എതിരല്ല; മറിച്ച് ദുരിതമനുഭവിക്കുന്ന കർഷകരിലേക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നതിനാണ്. കുടിയേറ്റ കർഷകരുടെ മക്കൾ വിദേശത്തും സ്വദേശത്തും സർക്കാരിലും ഉന്നത ജോലിയിൽ എത്തുന്നതും സാമ്പത്തികമായി സുസ്ഥിതി പ്രാപിക്കുന്നതും നമ്മുക്ക് അഭിമാനകരമാണ്. സാമ്പത്തികമായി തകർന്നു പോയ കർഷകർക്കും നിലനിൽക്കണമെന്ന ബോധ്യം ഉണർത്താനുള്ള ഈ പ്രക്ഷോഭത്തിൽ കൂട്ടായ്മയിലെ മുഴുവൻ ആളുകളും പങ്കുചേരണം. ഡിസംബർ 9 ന് ജോലിയും പണികളും പഠനവുമൊക്കെ മാറ്റിവെച്ച് മുഴുവൻ പേരും കണ്ണൂരിലേക്ക് വരണം. ഒരു യൂണിറ്റിൽ നിന്ന് 25 – 30 പേരെങ്കിലും പങ്കെടുക്കണം. സ്വന്തം വാഹനത്തിൽ കുടുംബാംഗങ്ങളും കൂട്ടുകാരുമായും അല്ലെങ്കിൽ പൊതുവാഹനങ്ങൾ ക്രമീകരിച്ചും നാം ഓടിയെത്തേണ്ടത് നമ്മുടെ നിലനിൽപ്പിന്റെ ആവശ്യമാണ്. കൂട്ടായ്മ ഭാരവാഹികൾ പ്രത്യേകിച്ച് പ്രസിഡന്റും കൺവീനറും ആളുകളെ സംഘടിപ്പിക്കുവാൻ നേതൃത്വം കൊടുക്കണം.

6. നമ്മുടെ കൂട്ടായ്മയിൽ ദീപിക പത്രം രണ്ടോ മൂന്നോ കോപ്പികളെങ്കിലും വരുത്തുകയും മുഴുവൻ ആളുകളെയും വായിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യണം. ലവ് ജിഹാദ്, കർഷകരുടെ നൊമ്പരങ്ങൾ, വിദേശ ജോലി സാധ്യതകൾ ഇവ വിശദീകരിക്കുന്ന ലേഖനങ്ങൾ വളരെ ശ്രേഷ്ഠമാണ്. ഓരോ വീട്ടിലും എത്തിയാൽ അത്രയും ഗംഭീരമായി.

7. കൂട്ടായ്മകളുടെ വാർഷികം നടത്തുന്നുണ്ടല്ലോ. അത് ഉണർവ്വും പരസ്പര ഐക്യവും വളർത്തും. എന്നാൽ ആർഭാടമായി മാറി സാമ്പത്തികഭാരമാകാതിരിക്കുവാൻ എന്നും പരിശ്രമിക്കണം.

8. നവംബർ മാസത്തിൽ ക്രിസ്തുരാജന്റെ തിരുന്നാൾ എല്ലാ കൂട്ടായ്മകളും ചേർന്ന് നടത്തുവാൻ പറ്റുമോയെന്ന് ആലോചിക്കണം.

9. ഡിസംബർ 1ന് ക്രിസ്തുമസിനൊരുക്കമായുള്ള നോമ്പ് ആരംഭിക്കുകയാണ്. ഡിസംബർ 1 ഞായറാഴ്ച തന്നെ എല്ലാ ഭവനങ്ങളിലും നക്ഷത്രം ഉയർത്തി നോമ്പിനെ നമുക്ക് വരവേല്ക്കാം. യൂണിറ്റ് അടിസ്ഥാനത്തിലോ, ഇടവക മൊത്തമായോ പ്ലാൻ ചെയ്താൽ നക്ഷത്രങ്ങൾ വിലകുറച്ച് വാങ്ങിച്ച് എല്ലാവർക്കും എത്തിക്കാൻ സാധിക്കും. നമ്മുടെ കൂട്ടായ്മയുടെയും ഐക്യത്തിന്റെയും അടയാളമായി ഈ നക്ഷത്രം ഉയർത്തൽ മാറട്ടെ. യൂണിറ്റ് പ്രസിഡന്റ്മാരും കൺവീനർമാരും എല്ലാ വീടുകളിലും ഇത് നടപ്പിലാക്കാൻ പരിശ്രമിക്കണം.

10. ഏതെങ്കിലും വിധത്തിലുള്ള ഭിന്നതയും പിണക്കവും പരിഹരിച്ച് അനുരഞ്ജനപ്പെട്ട് ഐശ്വര്യത്തിൽ ജീവിക്കുവാൻ എന്നും പരിശ്രമിക്കണം. മദ്യപാനം, ലഹരിവസ്തുക്കൾ ഇവ നമ്മുടെ ജീവിതത്തിൽ നിന്ന് പൂർണ്ണമായി നാം വർജ്ജിച്ച് ക്രിസ്തുമസിന് ഒരുങ്ങാം. നോമ്പ് എടുക്കണം.

11. ഡിസംബർ ഒന്നിന് മുൻപ് തന്നെ ഓരോ കുടുംബത്തെയും നറുക്കെടുപ്പിലൂടെ നിശ്ചയിച്ച് ക്രിസ്തുമസ് ഫ്രണ്ടായി കൊടുക്കുന്നത് നല്ലതാണ്. ക്രിസ്തുമസ് ദിനങ്ങൾക്കായ് അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ആശംസകൾ നേരുകയും ചെയ്യാം. നൂറ് രൂപയിൽ കൂടാത്ത ഒരു സമ്മാനം ക്രിസ്തുമസ് ദിനത്തിൽ കൊടുക്കണം.

12. മരണമടയുന്നവരുടെ വീടുകളിൽ മൃതസംസ്കാരത്തിന്റെ അന്ന് സന്ധ്യയിൽ ജപമാലക്ക് ആ കുടുംബകൂട്ടായ്മയിലെ അംഗങ്ങളെല്ലാവരും സംബന്ധിച്ച് പ്രാർത്ഥിക്കുന്നത് കൂടുതൽ ആശ്വാസകരമാണ്. പ്രസിഡന്റുമാർ ഇതു ചെയ്യുവാൻ എല്ലാവരെയും ക്ഷണിക്കണം.

13. ഗ്രാമത്തിലെ റോഡുകളും സ്ഥലങ്ങളും തിരിച്ചറിയുവാനുള്ള ബോർഡുകൾ കുടുംബകൂട്ടായ്മയുടെ പേരിൽ വെയ്ക്കുന്നതു പൊതുജനങ്ങൾക്ക് ഉപകാരപ്രദമായിരിക്കും.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ആശാരിപറമ്പിൽ**

ഡയറക്ടർ

# ബൈബിൾ അപ്പൊസ്തോലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ലോഗോസ് ക്വിസ് - 2019

ലോഗോസ് ക്വിസ് 2019 വിജയകരമാക്കുവാൻ സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. അതിരൂപതാതലത്തിൽ മികച്ച വിജയം കരസ്ഥമാക്കിയവർക്ക് അഭിനന്ദനങ്ങൾ! ഓരോ ഇടവകയിലും ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തിയ മതാദ്ധ്യാപകർക്ക് പ്രത്യേകം നന്ദി പറയുന്നു.

ഓരോ വിഭാഗത്തിലും സമ്മാനാർഹരായ 3 പേർ വീതം അതിരൂപതയെ പ്രതിനിധീകരിച്ച് കോഴിക്കോട് വച്ച് നടക്കുന്ന സെമിഫൈനലിൽ പങ്കെടുക്കുന്നതാണ്. നവം.10 ന് 2 മണിക്ക് പരീക്ഷ ആരംഭിക്കും. പങ്കെടുക്കാൻ അർഹരായവർ തങ്ങളുടെ ജനനസർട്ടിഫിക്കറ്റ് (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്), ഇപ്പോഴത്തെ അഡ്രസ്സും ഫോൺ നമ്പറും ഓരോ പാസ്പോർട്ട് സൈസ് ഫോട്ടോയുമുൾപ്പെടെ നവം. 1 വെള്ളിയാഴ്ച മുൻപേ ബൈബിൾ അപ്പൊസ്റ്റൊലേറ്റ് അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

## ലോഗോസ് ക്വിസ് 2019 - ഗ്രൂപ്പ് വിജയികൾ

**എ വിഭാഗം**

| പേര് | മാർക്ക് | ഇടവക | റാങ്ക് |
|---|---|---|---|
| അൽഫോൻസാ മുട്ടത്തുകുന്നേൽ | 96 | അരിവിളഞ്ഞപോയിൽ | I |
| ആൻമരിയ പ്രിൻസ് കച്ചിറയിൽ | 95 | കാർത്തികപുരം | II |
| ആൻമരിയ ചെമ്പനാനിക്കൽ | 93 | ഉളിക്കൽ | III |
| അന്നാ ജോൺ പനക്കൽ | 92 | പേരാവൂർ | IV |
| ക്രിസ്റ്റീനാ കളപ്പുരക്കൽ | 90 | മുള്ളേരിയ | V |

**ബി വിഭാഗം**

| | | | |
|---|---|---|---|
| റോസ് തോട്ടത്തിൽ | 94 | രണ്ടാംകടവ് | I |
| ആൻമേരി പാറേക്കാട്ടിൽ | 90 | തിരുമേനി | II |
| ആൻമേരി കച്ചിറയിൽ | 89 | മാമ്പോയിൽ | III |
| ജോസഫ് നടക്കൽ | 89 | തോമാപുരം | IV |
| മരിയ ആനക്കല്ലിങ്കൽ | 88 | പാടിയോട്ടുചാൽ | V |
| മിൻസ മരിയ പനക്കൽ | 88 | പേരാവൂർ | V |

| സി വിഭാഗം | | | |
|---|---|---|---|
| അനുഷ ആലുംപറമ്പിൽ | 97 | ആലക്കോട് | I |
| സി. അഞ്ചു ഏത്തക്കാട്ടു | 96 | കുന്നോത്ത് | II |
| ആർഷാ ബെന്നി പറകൊട്ടിയിൽ | 95 | കാസർഗോഡ് | III |
| ഗ്രെയ്സ് തടത്തിപുരയിടത്തിൽ | 90 | തോമാപുരം | IV |
| എബീറ്റ പുളിയനാട്ടു | 88 | തോമാപുരം | V |
| ജോസഫ് കായമ്മാക്കൽ | 87 | തോമാപുരം | V |

| ഡി വിഭാഗം | | | |
|---|---|---|---|
| ലിസ് ജോയി പാറത്താനത്ത് | 97 | ചെമ്പേരി | I |
| ടോമി എളന്തുരുത്തിയിൽ | 96 | കൊന്നക്കാട് | II |
| ബിൻസി ജോസഫ് വല്ലനാട്ട് | 95 | വിജയഗിരി | III |
| മോളി കാവിൽ | 94 | ഉളിക്കൽ | IV |
| ബിന്ദു ടൈറ്റസ് വയലുങ്കൽ | 94 | പനത്തടി | IV |
| ഷൈജി കുന്നേൽ | 94 | തോമാപുരം | IV |
| റോസ്‌ലി വരിക്കപ്ലാംന്തടത്തിൽ | 93 | തിരൂർ | V |
| റെജി മുണ്ടക്കൽ | 93 | പൂപ്പറമ്പ | V |
| ഷൈബി കപ്പലുമാക്കൽ | 93 | തോമാപുരം | V |

| ഇ വിഭാഗം | | | |
|---|---|---|---|
| ഡോ. ജോൺ തോമസ് തലച്ചിറ | 98 | മാലോം | I |
| ലൗവ്‌ലി ആലുംപറമ്പിൽ | 97 | ആലക്കോട് | II |
| അന്ന ഇ.എം. എടപ്പാട്ട് | 96 | മേലെചൊവ്വ | III |
| റോസമ്മ അഞ്ചാനിക്കൽ | 94 | നിർമ്മലഗിരി | IV |
| ആൻസി ജോർജ്ജ് പുത്തൻപുരക്കൽ | 92 | പനത്തടി | V |

| എഫ് വിഭാഗം | | | |
|---|---|---|---|
| ഫ്രാൻസീസ് മഞ്ഞക്കുന്നേൽ | 94 | കോട്ടൂർ | I |
| ബ്രിജിറ്റ് പ്ലാത്തോട്ടം | 88 | തോമാപുരം | II |
| മേരിക്കുട്ടി പടന്നമാക്കൽ | 87 | പുലിക്കുരുമ്പ | III |
| സി. മരിയ എഫ്.സി.സി | 84 | പരിയാരം | IV |
| ത്രേസ്യാമ്മ ജോസ് വെട്ടിക്കൽ | 83 | തോമാപുരം | V |

## ഏറ്റവും കൂടുതൽ മാർക്ക് നേടിയ കുടുംബങ്ങൾ

| പേര് | ഇടവക | മാർക്ക് | റാങ്ക് |
|---|---|---|---|
| ജോജോ മാത്യു പാറേക്കാട്ടിൽ | തിരുമേനി | 261 | 1 |
| ബേബി ആനക്കല്ലിൽ | പാടിയോട്ടുചാൽ | 259 | 2 |
| സേവ്യർ മുകളേക്കാലായിൽ | തേർമല | 241 | 3 |

| ഏറ്റവും കൂടുതൽ ആളുകൾ രജിസ്റ്റർ ചെയ്ത ഇടവകകൾ | | |
|---|---|---|
| നമ്പർ | ഇടവക | എണ്ണം |
| 1 | പാലാവയൽ | 1336 |
| 2 | തോമാപുരം | 759 |
| 3 | ചെമ്പേരി | 722 |

## ബിരുദാനന്തര ബിരുദ പരീക്ഷകളുടെ സമയക്രമം

2019 വർഷത്തെ ആദ്യസെമസ്റ്റർ പരീക്ഷകൾ താഴെക്കാണുന്ന വിധത്തിൽ വിവിധ സെന്ററുകളിൽവച്ച് നടത്തപ്പെടുന്നതാണ്.

### 1. ബിബ്ലിക്കൽ തിയോളജി

| Sl. No. | Subject | Date | Time |
|---|---|---|---|
| 01 | Introduction to Theology | 2nd November | 10.00 am – 12.00 pm |
| 02 | Gospel of John: Thematic Study | 2nd November | 02.00 pm – 04.00 pm |
| 03 | Theological Anthropology | 16th November | 10.00 am – 12.00 pm |
| 04 | Paul as a Pastoral Theologian | 16th November | 02.00 pm – 04.00 pm |
| 05 | Christology | 23rd November | 10.00 am – 12.00 pm |
| 06 | Biblical Hebrew II – Readings | 23rd November | 02.00 pm – 04.00 pm |

### 2. മോറൽ തിയോളജി

| Sl. No. | Subject | Date | Time |
|---|---|---|---|
| 01 | Introduction to Theology | 2nd November | 10.00 am – 12.00 pm |
| 02 | Moral Issues – Psychological Analysis | 2nd November | 02.00 pm – 04.00 pm |
| 03 | Theological Anthropology | 16th November | 10.00 am – 12.00 pm |
| 04 | Special Questions in Family Ethics | 16th November | 02.00 pm – 04.00 pm |
| 05 | Christology | 23rd November | 10.00 am – 12.00 pm |
| 06 | Environmental Ethics | 23rd November | 02.00 pm – 04.00 pm |

### 3. ഡോഗ്മാറ്റിക് തിയോളജി

| Sl. No. | Subject | Date | Time |
|---|---|---|---|
| 01 | Introduction to Theology | 2nd November | 10.00 am – 12.00 pm |
| 02 | Science and Religion | 2nd November | 02.00 pm – 04.00 pm |
| 03 | Theological Anthropology | 16th November | 10.00 am – 12.00 pm |
| 04 | Theology of Faith | 16th November | 02.00 pm – 04.00 pm |
| 05 | Christology | 23rd November | 10.00 am – 12.00 pm |
| 06 | Theology of Divine Revelation | 23rd November | 02.00 pm – 04.00 pm |

സ്നേഹപൂർവ്വം,

ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്



സ്നേഹ ബഹു. അച്ചാ, സിസ്റ്റേഴ്സ്, മിഷനറിമാരെ,

ഈശോയുടെ രാജത്വത്തിരുനാൾ ആഘോഷിക്കുവാൻ ഏററവും അടുത്ത് ഒരുങ്ങിക്കൊണ്ടിരിക്കുകയാണല്ലോ നമ്മൾ. നമുക്കായി എല്ലാം പങ്കുവെച്ച് നമ്മെ സ്വർഗ്ഗരാജ്യത്തിനവകാശികളാക്കുന്ന രാജാധിരാജനായ നാഥനെ നമ്മുടെ ഹൃദയത്തിൽ രാജാവായി സ്വീകരിക്കാം. രാജത്വതിരുനാളിന്റെ മംഗളങ്ങൾ, പ്രാർത്ഥനകൾ...

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : മിശിഹായുടെ രാജത്വത്തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ | : വി. അന്ത്രയോസ് |
| പ്രാർത്ഥനാനിയോഗം | : ശുദ്ധീകരണാത്മാക്കൾക്ക് |
| സുകൃതജപം | : രക്ഷകനായ ഈശോയെ ശുദ്ധീകരണാത്മാക്കളുടെമേൽ കരുണയായിരിക്കണമേ. |
| വചനഭേരി | : ലോഗോസ് ക്വിസ് 2020 പഠനഭാഗം |
| ദിയാക്കോണിയ | : ശുചിത്വം |

## ശാഖകൾ ശ്രദ്ധിക്കാൻ

| | |
|---|---|
| 1 വെള്ളി | : സകല വിശുദ്ധരുടെയും തിരുനാൾ |
| 2 ശനി | : സെമിനാർ, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ |
| 4. തിങ്കൾ | : മതാദ്ധ്യാപക ദിനം |
| 9 ശനി | : സംസ്ഥാന മിഷൻ കലോത്സവം |
| 19 | : ലോക മാതൃദിനം |
| 24 ഞായർ | : രാജത്വ തിരുനാൾ |
| 30 ശനി | : ക്ലിക്ക് ഷോട്ട്, പൂമ്പാറ്റ, പ്രബന്ധരചന, ആൽബം അതിരൂപതയിൽ എത്തിക്കേണ്ട അവസാന ദിവസം |

## മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യൂട്ടീവ്, സെമിനാർ, MTC - സഹവാസ ക്യാമ്പ്, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, ദിയാക്കോണിയ പദ്ധതികൾ....

## രാജത്വതിരുനാൾ

നവംബർ 24-ാം തീയതി ഞായറാഴ്ച ക്രിസ്തുരാജന്റെ തിരുനാൾ ആചരിക്കുകയാണല്ലോ. ക്രിസ്തുവാണ് നമ്മുടെ രാജാവും നേതാവും നാം അനുകരിക്കേണ്ട മാതൃകയും എന്ന ബോധ്യം കുട്ടികൾക്ക് ലഭിക്കത്തക്കവിധം വിശ്വാസപ്രഘോഷണ റാലിയും പൊതുസമ്മേളനവും കലാപരിപാടികളും മറ്റും സംഘടിപ്പിച്ച് ഈ ദിനം അതിന്റെ പ്രാധാന്യത്തോടെ ആഘോഷിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. അതിരൂപതാതലത്തിൽ വെള്ളരിക്കുണ്ട് മേഖലയിലെ ഭീമനടി ശാഖയിൽ വച്ച് രാജത്വതിരുനാൾ ആചരിക്കും.

## ദൈവവിളി ആൽബം

ദൈവവിളി എന്ന വിഷയത്തെ ആസ്പദമാക്കി ശാഖകളിൽ നിന്ന് മേഖലയിൽ എത്തിക്കുന്ന ആൽബങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ആൽബം ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 30 ന് ആയിരിക്കും.

## ഉപന്യാസം

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപതാ സുവർണ്ണ ജൂബിലി സ്മാരക അവാർഡിനായി 18 വയസ്സിൽ താഴെയുള്ള മിഷൻലീഗ് അംഗങ്ങൾക്കായി നടത്തുന്ന ഉപന്യാസമത്സരം ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 30 ആണെന്ന് ഓർമ്മിപ്പിക്കുന്നു. (കൂടുതൽ വിവരങ്ങൾക്ക് ഓക്ടോബർ മാസത്തെ ഗിരിദീപം പേജ് 30 കാണുക) വിഷയം: ചെറുപുഷ്പ മിഷൻലീഗ്: ദൈവവിളിയുടെ വിത്ത് വിതയ്ക്കാനും വിളവെടുക്കാനും.

## ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലിം

5-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന ക്ലിക്ക്ഷോട്ട്: ഷോർട്ട് ഫിലിം മത്സരത്തിൽ പങ്കെടുക്കുന്നവർ അതിന്റെ സി.ഡി, പെൻഡ്രൈവ് ഈ മാസം 30ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. (കൂടുതൽ വിവരങ്ങൾക്ക് ഓഗസ്റ്റ് മാസത്തെ ഗിരിദീപം കാണുക) സാധിക്കുന്നത്ര ചിലവുകുറച്ച് എന്നാൽ ആശയസമ്പുഷ്ടമായി അവതരിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## പൂമ്പാറ്റ ആംഗ്യപാട്ട് മത്സരം

5-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന പൂമ്പാറ്റ ആംഗ്യപ്പാട്ട് മത്സരത്തിൽ പങ്കെടുക്കുന്നവർ അതിന്റെ സി.ഡി., പെൻഡ്രൈവ് ഈ മാസം 30ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. സാധിക്കുന്നത്ര ചിലവു കുറഞ്ഞരീതിയിൽ പ്രവർത്തനങ്ങൾ ചെയ്യുവാൻ ശാഖകൾ ശ്രദ്ധിക്കുമല്ലോ. (കൂടുതൽ വിവരങ്ങൾക്ക് ഓഗസ്റ്റ് മാസത്തെ ഗിരിദീപം കാണുക).

## ടീംക്വിസ്

ഈ വർഷത്തെ ടീം ക്വിസ് 2020 ജനുവരി 25-ാം തീയതി ശനിയാഴ്ച ആണെന്നുള്ള കാര്യം ഓർമ്മിക്കുന്നു. പഠനഭാഗം: ലോഗോസ് ബൈബിൾ ഭാഗം 30% മഹാമിഷണറി 30%-സഭ 20% സംഘടന 20% (നിബന്ധനകൾ: മാർഗ്ഗരേഖ പേജ് 49 കാണുക)

## കൈയ്യെഴുത്ത് മാസിക

ശാഖകളിൽ കൈയ്യെഴുത്ത്മാസികയുടെ നിർമ്മാണം ആരംഭിച്ചുകാണുമല്ലോ. മേഖലാതലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കൈയ്യെഴുത്ത് മാസികകൾ ജനുവരി 26നുള്ളിൽ അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. (നിബന്ധനകൾ:- മാർഗ്ഗരേഖ പേജ് 50 കാണുക)

## മിഷൻ പച്ചക്കറിതോട്ടം

അതിരൂപതയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന മിഷൻപച്ചക്കറി തോട്ടങ്ങളുടെ പ്രാഥമിക വിലയിരുത്തലിനായി അതിരൂപതാ എക്സിക്യൂട്ടീവ് പ്രതിനിധികൾ

ഉടൻ വരുന്നതായിരിക്കും എന്ന് ഓർമ്മിപ്പിക്കുന്നു. അതാത് ശാഖകൾ ഫോട്ടോയും ആദ്യറിപ്പോർട്ടും നവംബർ 10ന് മുമ്പ് അതിരൂപതാ ഓഫീസി ലേക്ക് അയച്ച് തരുമല്ലോ. സന്ദർശനത്തിന് വരുന്നതിന് മുമ്പ് ശാഖാ ഭാരവാ ഹികളെ അറിയിക്കുന്നതായിരിക്കും.

## മിഷൻ പിരിവ്

ഈ വർഷത്തെ മിഷൻപിരിവിന്റെ 2% ദയവായി എത്രയും വേഗം ഓഫീ സിൽ എത്തിക്കാൻ ബഹു. ഡയറക്ടേഴ്സ് ശ്രദ്ധിക്കുകയും രൂപതാ മിഷൻ കലണ്ടറിന്റെ തുക, വാർഷിക വിഹിതം, അംഗത്വഫീസ് എന്നിവ ഇനിയും അട ച്ചുതീർക്കാനുള്ളവർ എത്രയുംവേഗം അടച്ച് തീർത്ത് സഹകരിക്കുമല്ലോ.

## ജീവകാരുണ്യ കൂപ്പൺ

ജീവകാരുണ്യ സംഭാവന കൂപ്പൺ അതിരൂപതയിൽ തിരിച്ചു നൽകേണ്ട അവസാന തീയതി ഡിസംബർ 30ആണെന്ന് ഓർമ്മിപ്പിക്കുന്നു. ജനുവരി 10-ന് നറുക്കെടുപ്പ് നടക്കുന്നതായിരിക്കും (കൂടുതൽ വിവരങ്ങൾക്ക് ഒക്ടോബർ മാസത്തെ ഗിരിദീപം പേജ് 32-33).

## സംസ്ഥാന കലോത്സവം

ഈ വർഷത്തെ സംസ്ഥാന കലോത്സവം നവംബർ 9-ാം തീയതി ശനി യാഴ്ച പാലാ രൂപതയിൽ രാമപുരം സെന്റ് അഗസ്റ്റ്യൻ കോളേജിൽ വച്ച് നട ക്കുന്നു. അതിരൂപതാ കലോത്സവത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ വർ സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

## തെരഞ്ഞെടുപ്പ് വിജ്ഞാപനം

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപതയുടെ 2019-2021 വർഷത്തെ ക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നിയമാവലി 3-10 ഭാഗം 31-40 വരെ യുള്ള വകുപ്പുകൾ അനുസരിച്ച് നടത്തുന്നതിന് വേണ്ടി 2019 ഡിസംബർ 14-ാം തിയതി ശനിയാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറി യത്തിൽ വച്ച് അതിരൂപതാ മാനേജിംഗ് കമ്മറ്റി ചേരുന്നു. വോട്ടേഴ്സ് ലിസ്റ്റിൽ പേരുള്ള ( മേഖല, അതിരൂപത എക്സിക്യൂട്ടീവ് ഉപരിഘടക ഭാരവാഹികൾ) എല്ലാവരും തെരഞ്ഞെടുപ്പിൽ പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു. നിയമാ വലി 31, 32 വകുപ്പുകൾ അനുസരിച്ച് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജനറൽ ഓർഗനൈസർ, റീജണൽ ഓർഗനൈസർ, പടന്ന ക്കാട്, ആലക്കോട്, ചെമ്പേരി, ഇരിട്ടി, നാല് സംസ്ഥാന പ്രതിനിധികൾ, രണ്ട് ഓഡിറ്റേഴ്സ് എന്നിവരെ മാനേജിംഗ് കമ്മിറ്റിയിൽ നിന്നും തെരഞ്ഞെടുക്കുന്നു.

തലശ്ശേരി — പ്രിസൈഡിംഗ് ഓഫീസർ

1/11/19 — ബിനു മാക്കൂട്ടം, സംസ്ഥാന പ്രസിഡന്റ്

NB:- നവംബർ 13-ന് കരട് വോട്ടർപട്ടിക, ഓഫീസിൽ പ്രസിദ്ധീകരിക്കുന്നു.

നിർദ്ദേശാനുസരണം,

സുനിൽ കല്ലിടുക്കിൽ, അതിരൂപതാ സെക്രട്ടറി

## ക്രിസ്കാർഡ് നിർമ്മാണ മത്സരം

ക്രിസ്മസ് ആഘോഷ ഭാഗമായി മിഷൻ ലീഗ് അംഗങ്ങൾക്കായി നടത്തുന്ന ക്രിസ്കാർഡ് നിർമ്മാണ മത്സരം കഴിഞ്ഞ വർഷത്തേതിൽ നിന്ന് വ്യത്യസ്ത

മായിട്ടാണ് ഈ വർഷം നടത്തപ്പെടുന്നത്. ഡിസംബർ 14-ാം തിയതി ശാഖകളിൽ മത്സരം നടത്തി. ശാഖകകളിൽ നിന്ന് ഒന്നാം സ്ഥാനം ലഭിക്കുന്നവർ 22-ാം തിയതി റീജിണൽ തലത്തിൽ നടത്തപ്പെടുന്ന മത്സരത്തിൽ പങ്കെടുക്കേണ്ടതാണ് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

## ക്രിസ്കാർഡ് നിർമ്മാണ നിബന്ധനകൾ

- ചായക്കൂട്ടുകൾ, പഴയ ക്രിസ്മസ് കാർഡുകൾ, ഇലകൾ, പൂക്കൾ തുടങ്ങിയവ ഉപയോഗിക്കുന്നു.
- നിർമ്മാണ സമയം 2 മണിക്കൂർ
- അംഗത്വ കാർഡ് നിർബന്ധമാണ്
- 15 സെ.മി. വീതിയും 21 സെ.മി നീളമുള്ള ചാർട്ട് പേപ്പറിലാണ് കാർഡ് നിർമ്മിക്കേണ്ടത്.

## നക്ഷത്രദൂത്

ക്രിസ്മസ് സന്ദേശം പറയുവാൻ ഓരോ മേഖലയിൽനിന്നും പേര് നൽകിയിരിക്കുന്ന കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി അവരെ ഒരുക്കണമെന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. 4 മിനിറ്റ് ആണ് സമയം ഉദ്ദേശിക്കുന്നത്. തരുന്ന വിഷയത്തെ ക്രിസ്തുമസുമായി ബന്ധിപ്പിച്ച് വേണം പ്രസംഗം തയ്യാറാക്കാൻ. കുട്ടികൾ കുട്ടികളോട് സംസാരിക്കുന്ന രീതിയിലാണ് പ്രസംഗം തയ്യാറാക്കേണ്ടത്. ഷൂട്ടിംഗ് നവംബർ മാസം 20ന് മുമ്പ് ഉണ്ടായിരിക്കുന്നതാണ്. ഷൂട്ടിംഗ് നടക്കുന്ന സ്ഥലങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും. വൈസ് ഡയറക്ടേഴ്സ് പ്രസംഗം തിരുത്തി നൽകിയതിനുശേഷമേ കുട്ടികളെ പഠിക്കാൻ അനുവദിക്കാവു എന്ന് ഓർമ്മിപ്പിക്കട്ടെ.

## ശാഖാ സന്ദർശനങ്ങൾ

അതിരൂപതാ ഭാരവാഹികൾ നവംബർ മാസം വായാട്ടുപറമ്പ് (നവംബർ -3), ആലക്കോട് (നവംബർ 11) മേരിഗിരി (നവംബർ 18) ചെറുപുഴ (നവംബർ 25) എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നുള്ള കാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേദിവസം ശാഖാവൈസ് ഡയറക്ടേഴ്സ് ശാഖയിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ. അതോടൊപ്പം ബഹുമാനപ്പെട്ട ഡയറക്ടറച്ചനെയും ശാഖാപ്രസിഡന്റിനെയും ഈ കാര്യം അറിയിക്കുകയും ചെയ്യുമല്ലോ.

## ക്ലാസ്സുകൾ, സെമിനാറുകൾ, ധ്യാനങ്ങൾ

- 28-9-18ന് ചെമ്പേരി മേഖലയിൽ ഡയറക്ടർ ക്ലാസ്സ് എടുത്തു.
- 2-10-19ന് കാഞ്ഞങ്ങാട് മേഖല കൗൺസിൽ വാർഷികത്തിൽ ഡയറക്ടർ ക്ലാസ്സ് എടുത്തു.
- 2-10-19ന് വെള്ളരിക്കുണ്ട് മേഖലാ കൗൺസിൽ വാർഷികത്തിൽ ഡയറക്ടർ പങ്കെടുത്തു.
- 2-10-19ന് നെല്ലിക്കാംപൊയിൽ മേഖലയിൽ ബോബിസാർ സെമിനാർ നടത്തി.
- 8-10-19ന് വെള്ളാട് ശാഖയിൽ ഡയറക്ടർ സെമിനാർ നടത്തി.
- 12-10-19ന് നെല്ലിക്കാംപൊയിൽ മേഖലയിൽ കൗൺസിൽ വാർഷികം നടത്തി.

- ◊ 12-10-19ന് പേരാവൂർ മേഖലയിൽ ബേബിസാർ സെമിനാർ നടത്തി.
- ◊ 13-10- 19ന് ചെട്ടിയാപറമ്പ് ശാഖയിൽ ഡയറക്ടർ സെമിനാർ നടത്തി.

## തിളക്കമാർന്ന വിജയം-അഭിനന്ദനങ്ങൾ

സംസ്ഥാന സമിതി നൽകുന്ന ഏറ്റവും വലിയ പുരസ്കാരമായ ഗോൾഡൻ സ്റ്റാർ പുരസ്കാരം തലശ്ശേരി അതിരൂപതയും, കുന്നോത്ത് മേഖലയും കരസ്ഥമാക്കി. അതോടൊപ്പം നെല്ലിക്കാംപൊയിൽ മേഖലയും, കണിച്ചാർ, രാജമുടി ശാഖകളും മികച്ച രണ്ടാമത്തെ പുരസ്കാരമായ സിൽവർസ്റ്റാർ പുരസ്കാരത്തിന് അർഹരായി. അഭിമാനകരമായ ഈ വലിയ അംഗീകാരംനേടിയെടുക്കുവാൻ അദ്ധ്വാനിച്ച, സഹകരിച്ച എല്ലാ മേഖലാ, ശാഖാ, ഡയറക്ടർമാരെയും, വൈസ് ഡയറക്ടേഴ്സിനെയും, ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

## ഹൃദയം നിറഞ്ഞ നന്ദി

ചെമ്പേരി മേഖലാ സെക്രട്ടറിയായി സ്തുത്യർഹമായ സേവനം ചെയ്ത സെബിൻ ഇളയാനിത്തോട്ടം സാറിനും, കാഞ്ഞങ്ങാട് മേഖല ഓർഗനൈസറായി സേവനം ചെയ്തശേഷം പുതിയ പ്രവർത്തന രംഗത്തേയ്ക്ക് പോകുന്ന ജിജോ സാറിനും അതിരൂപതാ കുടുംബത്തിന്റെ പേരിലുള്ള നന്ദി അറിയിക്കുന്നു.

## ഹൃദ്യമായ സ്വാഗതം

ചെമ്പേരി മേഖല സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ബേബി കുന്നേൽ സാറിനും, കാഞ്ഞങ്ങാട് മേഖലാ ഓർഗനൈസറായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ജെയ്സൺ ജോസഫ് മണ്ണഞ്ചേരി സാറിനും അതിരൂപതാ ചെറുപുഷ്പ മിഷൻലീഗ് കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

## വി. കൊച്ചുത്രേസ്യായുടെ തിരുനാളും അംഗത്വനവീകരണവും

വി. കൊച്ചുത്രേസ്യയുടെ തിരുനാളും അംഗത്വനവീകരണവും അതിരൂപതാതലത്തിൽ ഒക്ടോബർ 6-ാം തീയതി ഞായറാഴ്ച ചന്ദനക്കാംപാറ ശാഖയിൽ വച്ച് നടന്നു. അതിരൂപത ഡയറക്ടർ ഫാ. ജോസഫ് വേങ്ങകുന്നേലിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന ദിവ്യബലിക്കുശേഷം ശാഖാ ഡയറക്ടർ ഫാ. ഷിന്റോ ആലപ്പാട്ടിന്റെ അധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം ഫാ. ജോസഫ് വേങ്ങക്കുന്നേൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ബേബി പ്ലാശ്ശേരി, അനീഷ് സാർ തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികൾ ഈ ദിനത്തെ ആകർഷകമാക്കി. അതോടൊപ്പം കുട്ടികളുടെ വിശ്വാസ പ്രഘോഷറാലിയും നടന്നു. ചന്ദനക്കാംപാറ ഇടവകാംഗങ്ങൾക്ക് ഒത്തിരി ഒത്തിരി നന്ദി.

## കുഞ്ഞേട്ടൻ അനുസ്മരണം

8-10-19ന് സംസ്ഥാനതലം കുഞ്ഞേട്ടൻ അനുസ്മരണം ചെമ്മലമറ്റത്ത് വെച്ച് നടന്നു. അതിരൂപതയിൽ നിന്നും ഭാരവാഹികൾ പങ്കെടുത്തു.

## മിഷൻ ലീഗ് 73-ാം സ്ഥാപകദിനം

3.10.19ന് മിഷൻലീഗിന്റെ 73-ാം സ്ഥാപകദിനം അതിരൂപതാതലം വിജയഗിരി ശാഖയിൽവെച്ച് നടത്തി.

## മതാദ്ധ്യാപകദിനം

നവംബർ 4-ാം തിയതി മതാദ്ധ്യാപകദിനമാണല്ലോ. നവംബർ 4-ാം തീയതി തിങ്കളാഴ്ചയായതിനാൽ നവംബർ 3-ാം തീയതിയോ നവംബർ 10-ാം തീയതിയോ എല്ലാ ശാഖകളിലും മതാദ്ധ്യാപകരെ ആദരിക്കുമല്ലോ.

## ശാഖാസന്ദർശനങ്ങൾ

29-9-19 ഞായർ: നെല്ലിക്കാംപൊയിൽ മേഖലയിലെ 14 ശാഖകകൾ അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. ആനറ- ജോയെൽ കൈച്ചിറമറ്റത്തിൽ, അറബി - സി. അർച്ചന എഫ്.സി.സി., ഇരിട്ടി - ജോബി പനച്ചിക്കൽ കരോട്ട്, കല്ലുവയൽ-ജെറിൻ ചോമ്പാലക്കുന്നേൽ, കാഞ്ഞിരക്കൊല്ലി-ലിബിൻ കല്ലുമാരുകുന്നേൽ, മണിക്കടവ് -സി. റോഷ്നി എഫി.സി.സി. മണിപ്പാറ-സി. വിനീത സി.എം.എസ്. മുണ്ടാന്നൂർ-ബിജു മണ്ണനാൽ, നെല്ലിക്കാംപൊയിൽ സി. ടെർസിറ്റ എൻ.എസ്. പടിയൂർ - മോളി ഇല്ലിക്കൽ - പുറവയൽ-ബേബി പ്ലാശ്ശേരി, ശാന്തി നഗർ-ജോണി പണ്ട്യാംപറമ്പിൽ, ഉളിക്കൽ - മാണി കണിയാരോലിക്കൽ, വിളമന- ജോബി പനച്ചിക്കൽകരോട്ട്.

16-10-19 ഞായർ- പൈസക്കരി മേഖലിയലെ 9 ശാഖകളും നെല്ലിക്കാം പൊയിൽ മേഖലയിലെ 3 ശാഖകയും സന്ദർശിച്ചു. ആടാംപാറ- സി. റോഷ്നി എഫ്.സി.സി.- ചന്ദനക്കാംപാറ- ബേബി പ്ലാശ്ശേരി, ചുണ്ടപ്പറമ്പ് - മാണി കണിയാരോലിക്കൽ, ജോസ്മൗണ്ട്- സി. ടെറസിറ്റ എൻ.എസ്.പാടാൻകപല- ജോബി പാണ്ട്യാംപറമ്പിൽ, പൈസക്കരി- ബേബി പ്ലാശ്ശേരി, പയ്യാവൂർ - ബിജു മണ്ണനാൽ, വെമ്പുവ- സജി കുന്നത്ത്, മുത്താറിക്കുളം- സുനിൽ കല്ലിടുക്കിൽ- തേർമല- ജോബി പനച്ചിക്കൽ കരോട്ട്, മാട്ടറ- ജെയ്സൺ പുളിച്ചമാക്കൽ, കാലാങ്കി - ജോയൽ കൈച്ചിറമറ്റത്തിൽ.

13-10-19 ഞായർ - അരിക്കമല- ജെയ്സൺ പുളിച്ചമാക്കൽ, ചെമ്പേരി- ബേബി പ്ലാശ്ശേരിൽ, ദീപഗിരി - ജോയൽ കൈച്ചിറമറ്റത്തിൽ, കുടിയാൻമല- സി. റോഷ്നി, ലിസ്സിഗിരി - സി. ജസ്റ്റീന എം.എസ്.എം.ഐ. പൊൻമല- ജെറിൻ ചോമ്പാലക്കുന്നേൽ, പൂപ്പറമ്പ് ഫാ. സിജു വെണ്ണായിപ്പാളി, രത്നഗിരി- ബിജുമണ്ണനാൽ.

## ആദരാഞ്ജലികൾ

നെല്ലിക്കാംപൊയിൽ മേഖല ഓർഗനൈസർ വർക്കി കരിമ്പനയ്ക്കൽ സാറിന്റെ പിതാവ് ജോസഫ് കരിമ്പയ്ക്കലിന്റെ ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

### അതിരൂപതാ കലാ മത്സര വിജയികൾ 2019

| | പേര് വീട്ടുപേര് | ഇടവക | മേഖല |
|---|---|---|---|
| **പ്രസംഗം - സബ്ജൂണിയർ പ്രസംഗം** | | | |
| I A | വർഗ്ഗീസ് പുത്തൻപുരയ്ക്കൽ | ഭീമനടി | വെള്ളരിക്കുണ്ട് |
| II B | തോമസ് തടിക്കൽ | കരുവൻഞ്ചാൽ | വായാട്ടുപറമ്പ് |
| III B | മാത്യു കൂറ്റാരപ്പള്ളി | മാങ്ങോട് | എടൂർ |
| **സബ് ജൂനിയർപ്രസംഗം (Girls)** | | | |
| I A | ദിയ എലിസബത്ത് കുളത്തിനാൽ | ഉദയഗിരി | ആലക്കോട് |

| | | | |
|---|---|---|---|
| II A | എലിസബത്ത് പാറമുണ്ടയിൽ | കണ്ണിവയൽ | തോമാപുരം |
| III A | ആൻമേരി ചിറമേൽ | പേരാവൂർ | പേരാവൂർ |

**സബ് ജൂനിയർ സംഗീതം (Boys)**

| | | | |
|---|---|---|---|
| I A | തോമസ് പുത്തൻപുരയ്ക്കൽ | കരിക്കോട്ടക്കരി | എടൂർ |
| II A | ജെഫിൻ വള്ളോംക്കൊട്ട് | നെല്ലിക്കുറ്റി | ചെമ്പേരി |
| III A | ഡൈമൽ ഞൊണ്ടിമാക്കൽ | പുളിങ്ങോം | ചെറുപുഴ |

**സബ് ജൂനിയർ സംഗീതം (GIRLS)**

| | | | |
|---|---|---|---|
| I A | സാനിയ നടുവിലെമുറി | നെല്ലിക്കാംപോയിൽ | നെല്ലിക്കാംപോയിൽ |
| II A | മരിയ പാലുകൊഴുപ്പിൽ | എടൂർ | എടൂർ |
| III A | അൽഫോൻസ നെല്ലിക്കാട്ടിൽ | കുളിനീർ | തോമാപുരം |

**സബ് ജൂനിയർ ബൈബിൾവായന (Boys)**

| | | | |
|---|---|---|---|
| I B | ജോർജിൻ തുരുത്തിൽ | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് |
| II B | വർഗ്ഗീസ് തച്ചനാലിൽ | നെല്ലിക്കാംപോയിൽ | നെല്ലിക്കാംപോയിൽ |
| III B | ഷാരോൺ നടുതൊട്ടിയിൽ | വിജയപുരം | വായാട്ടുപറമ്പ് |

**സബ് ജൂനിയർ ബൈബിൾവായന (GIRLS)**

| | | | |
|---|---|---|---|
| I A | ത്രേസ്യാമ്മ പൂവന്നിൽകുന്നതിൽ | ഉദയപുരം | കാഞ്ഞങ്ങാട് |
| II A | റോസ്മരിയ മണ്ണൂർ | നെല്ലിപ്പാറ | ആലക്കോട് |
| III A | ആൻമരിയ ആലക്കൽ | കാര്യപ്പള്ളി | മേരിഗിരി |

**സബ് ജൂനിയർ നാടോടിനൃത്തം ( GIRLS)**

| | | | |
|---|---|---|---|
| I A | ആഗ്നസ് വെട്ടുകുഴിയിൽ | മണിക്കടവ് | നെല്ലിക്കാംപോയിൽ |
| II A | തെരേസ് ചിറപുറത്ത് | ആലക്കോട് | ആലക്കോട് |
| III A | സിയാൻ മരിയ പൂവേലിൽ | ചെമ്പേരി | ചെമ്പേരി |

**സബ് ജൂനിയർ കഥാപ്രസംഗം**

| | | | |
|---|---|---|---|
| I A | അന്നമ്മ പുതുപ്പറമ്പിൽ | ആയന്നൂർ | തോമാപുരം |
| II A | അൽഫോൻസ ചേറാടിയിൽ | ആനറ | നെല്ലിക്കാംപോയിൽ |
| III A | അഡ്‌ലിൻ ചെമ്പരത്തിക്കൽ | കൊളക്കാട് | പേരാവൂർ |

**ജൂനിയർപ്രസംഗം (Boys)**

| | | | |
|---|---|---|---|
| I B | തോമസ് ഞാമത്തോലിൽ | വെളിമാനം | എടൂർ |
| II B | ഡിജിൽ പാലമലയിൽ | പേരാവൂർ | പേരാവൂർ |
| III B | ജോയേൽ മടത്തിമ്യാലിൽ | പാടിച്ചാൽ | ചെറുപുഴ |

**ജൂനിയർപ്രസംഗം (Girls)**

| | | | |
|---|---|---|---|
| I B | റോസ്മരിയ പറയേരുപറമ്പിൽ | നെല്ലിപ്പാറ | ആലക്കോട് |
| II B | ബ്രിജീത്ത വട്ടപ്പാറയ്ക്കൽ | തേർമല | നെല്ലിക്കാംപോയിൽ |
| III B | ആൻമരിയ ഐക്കര | വിമലശ്ശേരി | മേരിഗിരി |

**ജൂനിയർസംഗീതം (Boys)**

| | | | |
|---|---|---|---|
| I A | ജോൺ പുതിയപറമ്പിൽ | കൊളക്കാട് | പേരാവൂർ |
| II A | മനസ് മാവുങ്കൽ | നെല്ലിക്കുറ്റി | ചെമ്പേരി |
| III A | ജോസഫ് വട്ടക്കുന്നേൽ | മാലോം | വെള്ളരിക്കുണ്ട് |

**ജൂനിയർസംഗീതം (Girls)**

| | | | |
|---|---|---|---|
| I A | ടെസ്‌ലിൻ കണ്ടത്തിനാനി | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് |
| II A | മെറിൻ മേലുക്കുന്നേൽ | വായാട്ടുപറമ്പ് | വായാട്ടുപറമ്പ് |
| III A | ആൻമരിയ തുരുത്തിമറ്റം | എടത്തൊട്ടി | പേരാവൂർ |
| III A | മേരി റോസ് കീഴേടത്തുപറമ്പിൽ | താബോർ | ചെറുപുഴ |

**ജൂനിയർക്വിസ് (Boys)**

| | | | |
|---|---|---|---|
| I C | ജോസഫിൻ കളരിക്കൽ | ഉളിക്കൽ | നെല്ലിക്കാംപോയിൽ |
| II C | ജേക്കബ്ബ് കുളത്തിനപ്രായിൽ | കുന്നോത്ത് | കുന്നോത്ത് |
| III C | ഐവിൻ ജൂഡ് കാരിക്കാക്കുന്നേൽ | പേരാവൂർ | പേരാവൂർ |

**ജൂനിയർക്വിസ് (Girls)**

| | | | |
|---|---|---|---|
| I A | അൽഫോൻസ കാരന്താനം | തളിപ്പറമ്പ് | തളിപ്പറമ്പ് |
| II A | റോസ് തോട്ടത്തിൽ | രണ്ടാംകടവ് | കുന്നോത്ത് |
| **III B** | അന്ന ചെറിയാൻ പാപ്പിനിശ്ശേരിൽ | എണ്ണപ്പാറ | കാഞ്ഞങ്ങാട് |

**ജൂനിയർ നാടോടിനൃത്തം (Girls)**

| | | | |
|---|---|---|---|
| I A | മൃദുല തെങ്ങുംപള്ളി | കടുമേനി | തോമാപുരം |
| II A | ആൻമരിയ ഐക്കരക്കുന്നേൽ | നെല്ലിക്കാംപോയിൽ | നെല്ലിക്കാംപോയിൽ |
| III B | ത്രേസ്യാ മാത്തശ്ശേരിൽ | കോലുവള്ളി | ചെറുപുഴ |

**ജൂനിയർ കഥാപ്രസംഗം**

| | | | |
|---|---|---|---|
| I A | ആൻമരിയ മണലുംകുഴി | ചെമ്പേരി | ചെമ്പേരി |
| II B | കൊച്ചുത്രേസ്യാ മറ്റത്തിൽ | അങ്ങാടിക്കടവ് | കുന്നോത്ത് |
| III B | ആൻമരിയ ഐക്കര | വിമലശ്ശേരി | മേരിഗിരി |

**സീനിയർപ്രസംഗം (Boys)**

| | | | |
|---|---|---|---|
| I B | ക്രിസ്റ്റി പേഴുംകാട്ടിൽ | പേരട്ട | കുന്നോത്ത് |
| II B | ജോമൽ ജോയി നൂറൻമാക്കൽ | പുളിങ്ങോം | ചെറുപുഴ |
| III B | ഫെലിക്സ് കളത്തിപ്പറമ്പിൽ | കോട്ടൂർ | ചെമ്പന്തൊട്ടി |

**സീനിയർപ്രസംഗം (Girls)**

| | | | |
|---|---|---|---|
| I A | മരിയ പുതിയേടത്ത് | ചന്ദനക്കാംപാറ | പൈസക്കരി |
| II A | ശ്രേയ കുഴിവേലിപ്പറമ്പിൽ | പുലിക്കുരുമ്പ | ചെമ്പേരി |
| III A | അന്ന മുത്തുമാംകുഴി | തളിപ്പറമ്പ് | തളിപ്പറമ്പ് |

**സീനിയർസംഗീതം (Boys)**

| | | | |
|---|---|---|---|
| I A | ജോർജ് കൈതയ്ക്കൽ | കരുവൻഞ്ചാൽ | വായാട്ടുപറമ്പ് |
| II A | ടോം തൈപാടത്ത് | ഉളിക്കൽ | നെല്ലിക്കാംപോയിൽ |
| III A | മാത്യു മണിയൻമാക്കൽ | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് |

**സീനിയർസംഗീതം (Girls)**

| | | | |
|---|---|---|---|
| I A | അിഗേയിൽ ഏർത്തയിൽ | പൈസക്കരി | പൈസക്കരി |
| II A | റോസമ്മ ഒളിക്കുഴി | കൊളക്കാട് | പേരാവൂർ |
| III A | മരിയ കുഴിമണ്ണിൽ | കുന്നോത്ത് | കുന്നോത്ത് |

**സീനിയർക്വിസ് (Boys)**

| | | | |
|---|---|---|---|
| I B | കുര്യൻ കുളിരണി | ചെമ്പേരി | ചെമ്പേരി |

| | | | |
|---|---|---|---|
| II B | ജോസഫ് കുന്നത്താലായിൽ | കള്ളാർ | പനത്തടി |
| III B | ഡിയോൺ ഇല്ലിമൂട്ടിൽ | പുളിങ്ങോം | ചെറുപുഴ |

**സീനിയർക്വിസ് (Girls)**

| | | | |
|---|---|---|---|
| I A | മേരി മാമ്പുഴയ്ക്കൽ | രാജഗിരി | ചെറുപുഴ |
| II A | ആൻമരിയ കച്ചിറയിൽ | മാമ്പോയിൽ | ആലക്കോട് |
| III B | ബ്രിജിറ്റ് ചൂളിക്കാപടവിൽ | മാട്ടറ | നെല്ലിക്കാംപോയിൽ |

**സീനിയർ കഥാപ്രസംഗം**

| | | | |
|---|---|---|---|
| I A | റോസ്മരിയ കാഞ്ഞമല | കടുമേനി | തോമാപുരം |
| II A | അലിൻ മരിയ ഈഴപ്പറമ്പിൽ | പരിയാരം | തളിപ്പറമ്പ് |
| III A | എലിസബത്ത് തറപ്പേൽ | വെള്ളാട് | വായാട്ടുപറമ്പ് |

**സൂപ്പർ സീനിയർപ്രസംഗം (Boys)**

| | | | |
|---|---|---|---|
| I A | ഷൈബി കുഴിവേലിപ്പുറത്ത് | ചെമ്പേരി | ചെമ്പേരി |
| II A | ഫിലിപ്പ് പാറേക്കാട്ടിൽ | തിരുമേനി | ചെറുപുഴ |
| III B | മാത്യു മണക്കാട്ട് | ഭീമനടി | വെള്ളരിക്കുണ്ട് |

**സൂപ്പർ സീനിയർപ്രസംഗം (Girls)**

| | | | |
|---|---|---|---|
| I B | ഫിനോമിന ആശാരിക്കുന്നേൽ | കള്ളാർ | പനത്തടി |
| II B | മേരി ഊഴിയാമന്നത്ത് | മണിക്കടവ് | നെല്ലിക്കാംപോയിൽ |
| III B | അമൃത മരുതുകുന്നേൽ | ഉദയഗിരി | ആലക്കോട് |

**സൂപ്പർ സീനിയർസംഗീതം (Boys)**

| | | | |
|---|---|---|---|
| I A | സച്ചിൻ താഴത്തുവീട്ടിൽ | പേരാവൂർ | പേരാവൂർ |
| II A | അഭിഷേക് ജോസഫ് | നീലേശ്വരം | കാഞ്ഞങ്ങാട് |
| III B | ജോസഫ് ഉണ്ണിയാപ്പള്ളിൽ | കാഞ്ഞിരക്കൊല്ലി | നെല്ലിക്കാംപോയിൽ |

**സൂപ്പർ സീനിയർസംഗീതം (Girls)**

| | | | |
|---|---|---|---|
| I A | അന്ന കുഴിപ്പാലയിൽ | പുലിക്കുരുമ്പ | ചെമ്പേരി |
| II A | മേരി കൊല്ലംകുന്നേൽ | പരപ്പ | ആലക്കോട് |
| III A | എലിസബത്ത് കുഴിമണ്ണിൽ | കുന്നോത്ത് | കുന്നോത്ത് |

**സൂപ്പർ സീനിയർക്വിസ് (Boys)**

| | | | |
|---|---|---|---|
| I A | സെബാസ്റ്റ്യൻ ചിറ്റംവേലിൽ | ചെടിക്കുളം | എടൂർ |
| II B | ജെയിംസ് ആക്കപ്പള്ളിൽ | മാവുംഞ്ചാൽ | വായാട്ടുപറമ്പ് |
| III B | സെബാസ്റ്റ്യൻ മുണ്ടയ്ക്കൽ | പുഞ്ച | വെള്ളരിക്കുണ്ട് |

**സൂപ്പർ സീനിയർക്വിസ് (Girls)**

| | | | |
|---|---|---|---|
| I A | ആൻസമ്മ പുതുപ്പള്ളിൽ | കോടോപ്പള്ളി | മേരിഗിരി |
| II A | ജെസ്ന മണിമല | പാടാംകവല | പൈസക്കരി |
| III B | അനിത വടക്കൻ | ശ്രീകണ്ഠാപുരം | ചെമ്പന്തൊട്ടി |

**പരിചമുട്ട് (Boys)**

| | | | |
|---|---|---|---|
| I A | അശ്വിൻ ആശാരിപ്പറമ്പിൽ & ടീം | ചെറുപുഴ | ചെറുപുഴ |
| II A | ജോസഫ് കയ്യാലപ്പറമ്പിൽ & ടീം | കടുമേനി | തോമാപുരം |

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

## രാജത്വത്തിരുനാൾ

നവംബർ 24-ാം തീയതി ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷം കൊണ്ടാടുമല്ലോ. റാലിയും പൊതുസമ്മേളനവും കലാപരിപാടികളും മറ്റും സംഘടിപ്പിച്ച് ക്രിസ്തുവാണ് നമ്മുടെ രാജാവും നേതാവും നാം അനുകരിക്കേണ്ട മാതൃകയും എന്ന ബോധ്യം കുട്ടികളിൽ ജനിപ്പിക്കുവാൻ തക്കവിധം ഈ ദിനം കൊണ്ടാടുവാൻ ബഹു. ആനിമേറ്റേഴ്സും മതാദ്ധ്യാപകരും ശ്രദ്ധിക്കുമല്ലോ.

| | | | |
|---|---|---|---|
| III A | ജോസഫ് ആനിക്കാട്ട് വയലിൽ& ടീം | പയ്യാവൂർ | പൈസക്കരി |
| **മാർഗ്ഗംകളി (Girls)** | | | |
| I A | ഡോണ താഴത്തറക്കൽ & ടീം | മുണ്ടാനൂർ | നെല്ലിക്കാംപോയിൽ |
| **II A** | അന്നമ്മ മുളവനാൽ & ടീം | കള്ളാർ | പനത്തടി |
| III A | ഫെലിനമേരി വലിയവിലയിൽ & ടീം | ചെമ്പേരി | ചെമ്പേരി |
| **സമൂഹഗാനം** | | | |
| I A | മാത്യു മഞ്ഞക്കാട്ടിൽ & ടീം | നെല്ലിക്കുറ്റി | ചെമ്പേരി |
| II A | സാനിയ നടുവിലേമുറി & ടീം | നെല്ലിക്കാംപോയിൽ | നെല്ലിക്കാംപോയിൽ |
| III B | തോമസ് മണ്ഡപത്തിൽ & ടീം | പേരട്ട | കുന്നോത്ത് |
| **മിഷൻ ആന്തം** | | | |
| I A | അഞ്ചു ബേസിൽ അഴകത്ത് & ടീം | ചെറുപുഴ | ചെറുപുഴ |
| II B | സെബാസ്റ്റ്യൻ തയ്യിൽ & ടീം | ചെമ്പേരി | ചെമ്പേരി |
| III B | എലിസബത്ത് കൊച്ചുകുടിയാറ്റിൽ & ടീം | കുന്നോത്ത് | കുന്നോത്ത് |
| **ബൈബിൾ ദൃശ്യാവതരണം** | | | |
| I A | ഐസക്ക് തെക്കേവലയിൽ & ടീം | ചെറുപാറ | മേരിഗിരി |
| II A | മേരി എള്ളുക്കുന്നേൽ & ടീം | പുഞ്ച | വെള്ളരിക്കുണ്ട് |
| III A | വർക്കി തോട്ടത്തിൽ & ടീം | കൊളക്കാട് | പേരാവൂർ |

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

## നിറംകൊടുക്കാമോ ഒക്ടോബർ മാസത്തെ വിജയികൾ

I ആൻമരിയ ഈററപ്പുറത്ത് - നെടുപുറംചാൽ

II ആൻ ജുവൽ ആനത്താനത്ത് - നെല്ലിപ്പാറ

III റെനറ്റോ ഉറുകുയിൽ - എടക്കോം

## നിങ്ങൾക്കറിയാമോ വിജയികൾ

I ജോയൽ പാണ്ടിയാംമാക്കൽ- നെല്ലിക്കുറ്റി

II ആൻമരിയ ചാഴിശ്ശേരിയിൽ - പയ്യന്നൂർ

III ആൻമരിയ ഊന്നുകല്ലേൽ - കാർത്തികപുരം

## ഈശോയെപ്പോലെ കൂട്ടുകൂടാം

കുഞ്ഞുകൂട്ടുകാരെ ഈ മാസം ഈശോയെപ്പോലെ കൂട്ടുകൂടാം എന്ന 5-ാം അധ്യായം പഠിക്കാം.. മക്കളേ, നിങ്ങൾ കൂട്ടുകൂടാറുണ്ടോ, നിങ്ങൾക്ക് നല്ല കൂട്ടുകാര് സ്കൂളിലും, അയൽപക്കത്തും ഒക്കെ ഇല്ലേ. അവരോട് നിങ്ങൾ സ്നേഹത്തോടെയാണോ പെരുമാറുന്നത്. ഈശോയ്ക്ക് കുഞ്ഞുങ്ങളെ എന്ത് ഇഷ്ടമായിരുന്നോ? നമുക്കും ഈശോയെപ്പോലെ എല്ലാവരോടും കൂട്ടുകൂടുകയും അവരെ സ്നേഹിക്കുകയും ചെയ്യാം. നമ്മുടെ കൂട്ടുകാർക്ക് വേണ്ടി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം., അല്ലേ...

## തിരുബാലസഖ്യ കലോത്സവം

തിരുബാലസംഖ്യം അതിരൂപതാതല മത്സരങ്ങൾ ജനുവരി 11-ശനിയാഴ്ച നടത്തുന്നതാണ്. അതിനുമുമ്പ് മേഖലകളിൽ മത്സരങ്ങൾ നടത്തി. ഡിസംബർ 30ന് മുൻപ് ലിസ്റ്റ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. ഒരു കുട്ടിക്ക് ഒരു വ്യക്തിഗത ഇനത്തിലും ഒരു ഗ്രൂപ്പു ഇനത്തിലും പങ്കെടുക്കാം. എന്നാൽ 50 കുട്ടികളിൽ താഴെയുള്ള ശാഖകൾക്ക് ഒരു കുട്ടിക്ക് 2 വ്യക്തിഗത ഇനത്തിലും 2 ഗ്രൂപ്പ് ഇനത്തിലും പങ്കെടുക്കാവുന്നതാണ്. മത്സരത്തിൽ അംഗത്വകാർഡും , ബാഡ്ജും നിർബന്ധമാണ്. മത്സരത്തെ സംബന്ധിച്ചുള്ള കൂടുതൽ നിബന്ധനകൾ വാട്സാപ്പിലൂടെ അയച്ചിരുന്നത് ലഭിച്ചുകാണും എന്ന് കരുതുകയാണ്.

## പ്രത്യേക ശ്രദ്ധയ്ക്ക്

തിരുബാലസഖ്യം വർക്ക് ബുക്കിന്റെ തുക ഇനിയും അടയ്ക്കാനുള്ളവർ എത്രയും വേഗം അടയ്ക്കാൻ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു......

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

**" Go MAD " - Make A Difference**

നിങ്ങളുടെ യൗവ്വനം ഒരു ഇടവേളയല്ല. നിങ്ങൾ ദൈവത്തിന്റെ ഇപ്പോൾ ആണ്
(ക്രിസ്തൂസ് വിവിദ് 5 ; 178).

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

## 28-ാമത് അതിരൂപതാ അർദ്ധവാർഷിക സെനറ്റ്

കെ സി വൈ എം, എസ് എം വൈ എം തലശ്ശേരി അതിരൂപതയുടെ കഴിഞ്ഞ 6 മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും തുടർന്നുള്ള പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി ചർച്ചചെയ്യുന്നതിനായി തലശ്ശേരി അതിരൂപതാ യുവജന പ്രസ്ഥാനത്തിന്റെ 28-ാം അർദ്ധ വാർഷിക സെനറ്റ് 2019 നവംബർ 2 ന് ശനിയാഴ്ച രാവിലെ തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദേവാലയ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 ന് പ്രർത്ഥന, പതാക ഉയർത്തൽ തുടർന്ന് 10 മണിക്ക് സെനറ്റ് സമ്മേളനം. എല്ലാ സെനറ്റ് അംഗങ്ങളും ആദ്യവസാനം വരെ പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

## ഫൊറോന സമിതിയുടെ ശ്രദ്ധയിലേക്ക്

1. അതിരൂപതയിൽ നിന്നും നൽകിയിരിക്കുന്ന ഫോമിൽ റിപ്പോർട്ട് അവതരിപ്പിക്കുക.
2. ഫൊറോന ഡയറക്ടർ, പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവരുടെ ഒപ്പ് കൃത്യമായി റിപ്പോർട്ടിൽ രേഖപ്പെടുത്തണം.
3. സെനറ്റ് അംഗങ്ങൽ സമയനിഷ്ഠ പാലിക്കാൻ ശ്രദ്ധിക്കുക.

## സ്പെഷ്യൽ ഇലക്ഷൻ

കെ സി വൈ എം, എസ് എം വൈ എം തലശ്ശേരി അതിരൂപത ജോയിൻ സെക്രട്ടറി നിമിഷ ടോമിന്റെ നിര്യാണത്തെ തുടർന്നുള്ള ഒഴിവിലേയ്ക്ക് ഇലക്ഷൻ ഈ അർദ്ധ വാർഷിക സെനറ്റിൽ വച്ച് നടത്തപ്പെടുന്നു. രണ്ട് സെനറ്റ് പരിചയമാണ് (ഈ സെനറ്റ് ഉൾപ്പെടെ ) മത്സരിക്കാനുള്ള യോഗ്യത. സെനറ്റ് പരിചയമുള്ള മത്സരാർത്ഥികൾ ആരും ഇല്ലാത്ത പക്ഷം സെനറ്റ് പരിചയം ഇല്ലാത്ത യുവതികൾക്കും മൽസരിക്കാൻ സാധിക്കും. ആരും മത്സരിക്കാൻ ഇല്ലാത്ത പക്ഷം നിലവിൽ രൂപതാ ഭാരവാഹികൾ ഉള്ള

## മദർ തെരേസ അനുസ്മരണവും അഗതി ദിനാചരണുവും

കെ സി വൈ എം, എസ് എം വൈ എം തലശ്ശേരി അതിരൂപത യുവജന പ്രസ്ഥാനത്തിന്റെ മദർ തെരേസ അനുസ്മരണവും അഗതി ദിനാചരണവും

കുന്നോത്ത് ഫൊറോനയുടെ ആതിഥേയത്വത്തിൽ ചരൾ സ്നേഹ ഭവനിൽ വച്ച് ആചരിച്ചു. രാവിലെ 10 മണിക്ക് പ്രാർത്ഥനയോടെ ആരംഭിച്ച ശ്രുശ്രൂഷ കൾ ഉച്ചയോടെ അവസാനിച്ചു. 40 ഓളം യുവജന സഹോദരങ്ങൾ പങ്കെടു ത്തു. ഗാന്ധി ജയന്തി ദിനത്തോടനുബന്ധിച്ച് സ്നേഹ ഭവന്റെ പരിസരങ്ങൾ വൃത്തിയാക്കുകയും, വസ്ത്രങ്ങൾ അലക്കി സഹായിക്കുകയും, അവരോടൊത്ത് കലാപരിപാടികൾ അവതരിപ്പിച്ചും അവർക്ക് സ്നേഹവിരുന്ന് നൽകിയും ഈ ദിനം അനുഗ്രഹീതമാക്കി. കരുണയുടെയും സ്നേഹത്തിന്റേതും കൂട്ടായ്മയു ടേതുമായ ശ്രൂശ്രൂഷക്ക് നേതൃത്വം നൽകിയ ഫൊറോനയുടെ ഡയറക്ർ ഫാ. ജോബി ചെരുവിൽ, ഫൊറോന പ്രസിഡന്റ് ടോമിൻ തോമസ്സ് പോൾ അടങ്ങുന്ന സമിതി അംഗങ്ങൾ, സഹകരിച്ച എല്ലാ യുവജനങ്ങൾക്കും, സ്നേഹ ഭവനിലെ സണ്ണി ചേട്ടനും, സഹോദരങ്ങൾക്കും നന്ദി.

## കണ്ണ്കൊണ്ട് കേൾക്കാം - ബധിര മൂക ദിനം

എല്ലാവരും ദൈവത്തിന്റെ സൃഷ്ടികളാണെന്നും, വൈകല്യങ്ങൾ ഉള്ള സഹോദരങ്ങളെയും ചേർത്ത് നിർത്തുക എന്ന സന്ദേശമുയർത്തി കെ സി വൈ എം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് ഫൊറോനയുടെ ആതിഥേയത്വത്തിൽ ചായ്യോത്ത് ജ്യോതി ഭവൻ സ്പെഷ്യൽ സ്കൂളിൽ വച്ച് നടത്തിയ പരിപാടി രാവിലെ 10 മണിക്ക് വികാരി ജനറാൾ മോൺ. ജോസഫ് ഒറ്റ പ്ലാക്കൽ ഉദ്ഘാടനം ചെയ്തു. കുട്ടികളുടെയും യുവജനങ്ങളുടെയും കലാപരി പാടികളും, അവരോടൊപ്പം കളികളിൽ യുവജനങ്ങളും പങ്കുചേർന്നത് കുട്ടിക ളുടെ സന്തോഷത്തെ വർദ്ധിപ്പിച്ചു. പരി.പിതാവ് മാർ ഫ്രാൻസ്സീസ് പാപ്പയുടെ അസാധാരണ മാഷൻ മാസ പ്രഖ്യാപനത്താടനുബന്ധിച്ച് നടന്ന ഗോ മാഡ് ഗോ മിഷൻ - ഗ്രാമ സന്ദർശനത്തിന്റെ സ്പന്ദനം ഇ മാഗസിൻ ചായ്യോത്ത് ഇടവക വികാരി ഫാ. ജോസഫ് വീട്ടിയാങ്കൽ പ്രകാശനം ചെയ്തു. കെ സി വൈ എം ഡയറക്ടർ ഫാ. സോണി വടശ്ശേരിൽ, ഫൊറോന ഡയറക്ടർ ഫാ. തോമസ്സ് പുള്ളോലിക്കൽ, അതിരൂപത പ്രസിഡന്റ് സിജോ കണ്ണേഴത്ത്, അതിരൂപത ഭാര വാഹികൾ, യുവജന നേതൃത്വങ്ങൾ, യുവജന സുഹൃത്തുക്കൾ എന്നിവർ പങ്കെ ടുത്തു. കാഞ്ഞങ്ങാട് ഫൊറോന ഏറ്റെടുത്ത് നടത്തിയ കണ്ണ് കൊണ്ട് കേൾക്കാം പ്രോഗ്രാം വിജയപ്രദമാക്കാൻ അദ്ധ്യാനിച്ച ഫൊറോന പ്രസിഡന്റ് എബിൻ ഷാജു വിനും മറ്റ് ഭാര വാഹികൾക്കും ജ്യോതി ഭവൻ സ്കൂൾ അധികാരികൾക്കും തല ശ്ശേരി യുവജന പ്രസ്ഥാനത്തിന്റെ നന്ദി.

## സിൻഡിക്കേയ്റ്റ് യോഗം

കെ സി വൈ എം തലശ്ശേരി അതിരൂപത അർദ്ധവാർഷിക സെനറ്റിനു മു മ്പായി സിൻഡിക്കേയ്റ്റ് യോഗം 12/10/2019 ശനിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ദേവാലയ ഓഡിറ്റോറിയത്തിൽ വച്ച് 11 മണിയോടെ ആരംഭിച്ചു. സിൻഡിക്കേറ്റ് യേഗത്തിൽ എടുത്ത തീരുമാനങ്ങൾ.

## സിൻഡിയ്ക്കേറ്റ് തീരുമാനങ്ങൾ, നിർദ്ദേശങ്ങൾ

1. കെ സി വൈ എം തലശ്ശേരി അതിരൂപതുടെ ജോയിൻ സെക്രട്ടറി ആയിരുന്ന നിമിഷ ടോം ന്റെ ഓർമ്മ നിലനിർത്താൻ കെ സി വൈ എം തല ശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ നിമിഷ ടോം മെമ്മോറിയൽ വിദ്യാ ഭ്യാസ സഹായ നിധി രൂപീകരിക്കാൻ തീരുമാനിച്ചു. വർഷാ വർഷം അർഹ രായ വിദ്യാർത്ഥികൾക്ക് നിശ്ചിത തുക എൻഡോവ്മെന്റ് നൽകുന്ന രീതിയി ലാണ് വിദ്യാഭ്യാസ സഹായ നിധി ക്രമീകരിക്കുന്നത്.

2. വിദ്യാഭ്യാസ സഹായ നിധിയിലേക്ക് തലശ്ശേരി അതിരൂപതയിലെ എല്ലാ ഫൊറോനകളിൻ നിന്നും സാധിക്കുന്ന തുക (ചുരുങ്ങിയത് പതിനായിരം രൂപ) സമാഹരിച്ചു നൽകാമെന്ന് സിൻഡിക്കേയ്റ്റ് യോഗത്തിൽ അഭിപ്രായപ്പെട്ടു. തീരു മാനം ഫൊറോന ഡയറക്ടർ അച്ചൻമാരോട് ചോദിച്ചിട്ട് മാത്രമേ എടുക്കുക യുള്ളൂ. (ഫൊറോനയിലെ നേതൃത്വത്തിൽ ഇടവകകളെ ഗ്രേഡ് ആയി തിരിച്ചു കൊണ്ടോ അല്ലങ്കിൽ മറ്റേതെങ്കിലും തരത്തിലോ പണം സമാഹരിച്ചുകൊണ്ട് വിദ്യാഭ്യാസ സഹായ നിധിയിലേക്ക് സംഭാവന ചെയ്യാവുന്നതാണ്.

3. നേരത്തെ തീരുമാനിച്ചിരുന്നതുപോലെ നംബർ മാസം 3-ാം തീയതി രാവിലെ 9.30 ന് അതിരൂപതയുടെ പ്രവർത്തന വർഷമായ 6 മാസക്കാലത്തെ റിപ്പോർട്ട് ജനറൽ സെക്രട്ടറി വായിച്ച് പാസാക്കി. പ്രവർത്തന വർഷത്തെ കണക്ക് ട്രഷർ ബോണി ജോൺ അവതരിപ്പിച്ച് പാസാക്കി. അതിരൂപതയുടെ 28 – മത് അർദ്ധ വാർഷിക സെനറ്റ് നടത്തപ്പെടുന്നു.

4. നവംബർ 3 ന് മുമ്പായി (അതിരൂപത അർദ്ധ വാർഷിക സെനറ്റ് യോഗ ത്തിന് മുൻപായി ) എല്ലാ ഫൊറോനകളിലും ഫൊറോന തല അർദ്ധ വാർഷിക സെനറ്റുകൾ നിർബന്ധമായും നടത്തേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ഫൊറോനകളിൽ അർദ്ധവാർഷിക സെനറ്റുകൾ നടത്താൻ സാധിക്കുന്നില്ലെ ങ്കിൽ ആ വിവരം അതിരൂപത സമിതിയെ അറിയിക്കുകയും ഫൊറോന അർദ്ധ വാർഷിക റിപ്പോർട്ട് സ്പെഷ്യൽ സിൻഡിക്കേയ്റ്റ് യോഗത്തിൽ പാസാക്കിയ ശേഷം മാത്രം അതിരൂപത സെനറ്റിൽ അവതരിപ്പിക്കുകയും ചെയ്യേണ്ടത്.

5. നവംബർ മാസം മൂന്നാം തിയ്യതി നടക്കുന്ന അർദ്ധവാർഷിക സെനറ്റ് യോഗത്തിൽ നിലവിൽ അതിരൂപതാ സമിതിയിൽ ഒഴിവു വന്നിരിക്കുന്ന ജോയിന്റ് സെക്രട്ടറി പോസ്റ്റിലേക്ക് ഇലക്ഷൻ ഉണ്ടായിരിക്കുന്നതാണ്. വനിത പ്രതിനിധികൾ മാത്രം ആയിരിക്കും ജോയിന്റ് സെക്രട്ടറി പോസ്റ്റിലേക്ക് പരിഗ ണിക്കപ്പെടുക. മത്സരിക്കാൻ ആഗ്രഹിക്കുന്നവർ ഫൊറോന ഡയറക്ടർ അച്ച ന്റെയും ഇടവക വികാരി അച്ചന്റെയും കത്തുമായി എത്തേണ്ടതാണ്.

6. സമൂഹത്തിൽ അനുദിനം ഉയർന്നു വന്നു കൊണ്ടിരിക്കുന്ന ലവ്- ജിഹാത് പ്രവണതക്കെതിരെ കെ സി വൈ എം തലശ്ശേരി അതിരൂപതയുടെ നേതൃത്വ ത്തിൽ കൗമാരക്കാരായ കുട്ടികൾക്കും അവരുടെ മാതാ പിതാക്കൾക്കും വേണ്ടി

ബോധ വല്ക്കരണ ക്യാമ്പയിൻ നടത്താൻ തീരുമാനിച്ചു. ഇതിലേക്കായി എല്ലാ ഫൊറോനകളുടെയും നേതൃത്വത്തിൽ അതിരൂപതയിലെ എല്ലാ ഇടവകകളിലും ലവ് ജിഹാതിനെതിരെ ബോധവത്ക്കരണ ക്ലാസ്സുകൾ, ക്യാമ്പയിനുകൾ എന്നിവ നടത്തുവാൻ തീരുമാനിച്ചു.

7. അതിരുപത സിൻഡിക്കേയ്റ്റ് യോഗത്തിൽ കെ സി വൈ എം തലശ്ശേരി അതിരൂപതയുടെ 2018-2019 വർഷത്തിലെ റിപ്പോർട്ടും കണക്കും വായിച്ചു പാസാക്കി.

**റൂട്ട് :** യൂണിറ്റുകളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഫൊറോന തലത്തിൽ നടന്ന് കൊണ്ടിരിക്കുന്ന റൂട്ട്സ് മനോഹരമായി നടന്ന് കൊണ്ടിരിക്കുന്നു.

**ഒക്ടോബർ മാസത്തിൽ റൂട്ട്സ് നടന്ന ഫൊറോനകൾ**

വെള്ളരിക്കുണ്ട് ഫൊറോന - വെള്ളരിക്കുണ്ട്, മാലോം

ചെമ്പന്തൊട്ടി ഫൊറോന - വെണ്ണക്കല്ല്, കരയത്തുംചാൽ

നെല്ലിക്കാംപോയിൽ ഫൊറോന - മണിക്കടവ്

ചെമ്പേരി ഫൊറോന - കുടിയാന്മല

**നവംമ്പർ മാസത്തിൽ റൂട്ട് നടക്കുന്ന ഫൊറോനകളും തീയതികളും**

ചെമ്പേരി -നവംബർ - 9, നവംബർ - 10

നെല്ലാക്കാംപൊയിൽ - നവംബർ - 3, നവംബർ - 10

എടൂർ - നവംബർ - 2, നവംബർ - 10

വെള്ളരിക്കുണ്ട് - നവംബർ - 6, നവംബർ - 12

## "VOX" - Voice of God

ജീസസ്സ് യൂത്ത് കാസർഗോഡ്, കണ്ണൂർ, തലശ്ശേരി സോണുകളുടെ നേതൃത്വത്തിൽ 18 മുതൽ 30 വയസ്സുവരെയുള്ള യുവജനങ്ങൾക്കുവേണ്ടി മലബാർ യൂത്ത് മീറ്റ് നടത്തപ്പെടുന്നു. വരും നാളുകളിൽ സഭയുടെ അഭിമാനവും സമൂഹത്തിന്റെ പ്രതീക്ഷയുമായ യുവജനങ്ങളെ വാർത്തെടുക്കുവാൻ ഈ പ്രോഗ്രാം ഉപകാരപ്രദമായിരിക്കും.

ഈശോയെ വ്യക്തിപരമായി കണ്ടെത്തുവാൻ ഈ പ്രോഗ്രാം വളരെ ഉപകാരപ്രദമായിരിക്കും.

സ്ഥലം - വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് ചെമ്പേരി

സമയം - 2019 ഡിസംബർ 26 തീയ്യതി രാവിലെ 10 മണി മുതൽ 29 തീയ്യതി ഉച്ചയ്ക്ക് 1 മണി വരെ.

രജിസ്ട്രേഷൻ ഫീസ് 650 രൂപ

കൂടുതൽ വിവരങ്ങൾക്ക് : സനൂപ് - 8086506308, ലിബിൻ - 9496433042

സ്നേഹപൂർവ്വം,

**ഫാ. സോണി സ്കറിയ വടശ്ശേരിൽ**

ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

857 എം.പി.സി കോഴ്സ് സെപ്റ്റംബർ 24 – 26, ഒക്ടോബർ 15 – 17 എന്നീ തീയ്യതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 96 ആൺകുട്ടികളും, 110 പെൺകുട്ടികളും ഉൾപ്പെടെ 206 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അവരുടെ മാതാപിതാക്കൾക്കുവേണ്ടി നടത്തിയ ക്ലാസിൽ 370 പേർ സംബന്ധിച്ചു. ആവശ്യമുള്ളവർക്കുവേണ്ടി പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

**MPC - 2019**

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| NOVEMBER | 5 – 7, 12-14 | Nil | 26 - 28 |
| DECEMBER | 10 - 12 | 17-19 | Nil |

**MPC - 2020**

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| JANUARY | 7 – 9 | Nil | 21- 23 |
| FEBRUARY | 4 - 6 | 11-13 | Nil |

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ
## www.anugrahamarry.com

## III. മാതൃവേദി

### 1. തൂവാനീസ : - നിയോഗം

ചെയിൻ റോസറി എല്ലാ ഇടവകകളിലും യൂണിറ്റുകളിലും നടത്തുന്നതിന് വേണ്ട നേതൃത്വവും പ്രചോദനവും മാതൃവേദി ഭാരവാഹികൾ നല്കുക. വരുന്ന വർഷം മുതൽ മാതൃവേദി യൂണിറ്റ് ഭാരവാഹികളിൽ വൈസ് പ്രസിഡന്റ് , ജോയിന്റ് സെക്രട്ടറി എന്നിവരാണ് ഇക്കാര്യം പ്രത്യോകം ശ്രദ്ധിക്കാൻ ചുമതലപ്പെട്ടവർ.

ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് മരിച്ച വിശ്വാസുകൾക്കുവേണ്ടി പ്രാർത്ഥിക്കാം.

**2. യൂണിറ്റ്തല പ്രവർത്തനം** - അഗതി മന്ദിരങ്ങൾ സന്ദർശിക്കുക, സെമിത്തേരി വൃത്തിയാക്കുക

**3. ദിയാക്കോണിയ പ്രവർത്തനം - ഒക്ടോബർ, നവംബർ**

**പ്രകൃതി സംരക്ഷണം** - പ്ലാസ്റ്റിക് നിർമ്മാർജ്ജനം

**4. അതിരൂപതാ കലാമത്സരങ്ങൾ**

അതിരൂപതാ മാതൃവേദിയുടെ 2019 ലെ കലോത്സവം ഒക്ടോബർ 7-ാം തീയ്യതി ചെമ്പേരി നിർമ്മല ഹയർസെക്കണ്ടറി സ്ക്കൂളിൽ വച്ച് നടന്നു. ചെമ്പേരി ഫൊറോന വികാരി ഫാ. ജോർജ്ജ് കാഞ്ഞിരക്കാട്ട് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. മിഷൻലീഗും മാതൃവേദിയും ഒരുമിച്ചായുള്ള ദിയാക്കോണിയ സംഗമത്തിൽ മാതൃവേദി കലോത്സവം 4 സ്റ്റേജുകളിലായി 9 ഇനങ്ങൾ നടത്തപ്പെട്ടു. മത്സരത്തിൽ ഒന്നാംസ്ഥാനം എടൂർ മേഖലയും, രണ്ടാംസ്ഥാനം നെല്ലിക്കാംപൊയിൽ മേഖലയും മൂന്നാം സ്ഥാനം ആലക്കോട് മേഖലയും കരസ്ഥമാക്കി.

## കലാമത്സര വിജയികൾ

**പ്രസംഗം - ജൂനിയർ**

| | | | | |
|---|---|---|---|---|
| Ist | അന്നമ്മ പടിഞ്ഞാറ്റ് | വെള്ളരിക്കുണ്ട് | കനകപ്പള്ളി | A ഗ്രേഡ് |
| IInd | സജിനി കറ്റോട്ട് | എടൂർ | വെളിമാനം | A ഗ്രേഡ |
| IIIrd | മിനി അറയ്ക്കൽ | വായാട്ടുപറമ്പ് | വായാട്ടുപറമ്പ് | B ഗ്രേഡ് |

**പ്രസംഗം - സീനിയർ**

| | | | | |
|---|---|---|---|---|
| Ist | വത്സമ്മ നിരപ്പേൽ | തോമാപുരം | മണ്ഡപം | A ഗ്രേഡ് |
| IInd | എലിസബത്ത് ജോസഫ് | ആലക്കോട് | നെല്ലിപ്പാറ | A ഗ്രേഡ് |
| IIIrd | ജോളിക്കുട്ടി കൂനമ്മാക്കൽ | നെല്ലിക്കാംപൊയിൽ | പുറവയൽ | A ഗ്രേഡ് |

**മോണോആക്ട് - ജൂനിയർ**

| | | | | |
|---|---|---|---|---|
| Ist | റൂബി നരിപ്പാറ | തളിപ്പറമ്പ് | മേലേച്ചൊവ്വ | B ഗ്രേഡ് |
| IInd | സിനി തണ്ണിപ്പാറ | എടൂർ | കീഴ്പ്പള്ളി | B ഗ്രേഡ് |
| IIIrd | മഞ്ജു നരിക്കുഴി | വെള്ളരിക്കുണ്ട് | അട്ടക്കണ്ടം | B ഗ്രേഡ് |

**മോണോആക്ട് - സീനിയർ**

| | | | | |
|---|---|---|---|---|
| Ist | ത്രേസ്യാമ്മ ഇല്ലമതിലിൽ | കാഞ്ഞങ്ങാട് | നീലേശ്വരം | A ഗ്രേഡ് |
| IInd | മോളി വല്യാത്ത് | ചെമ്പന്തൊട്ടി | നടുവിൽ | A ഗ്രേഡ് |
| IIIrd | ബിൻസി തുരുത്തേൽ | തളിപ്പറമ്പ് | തലശ്ശേരി | B ഗ്രേഡ് |

**സംഗീതം - ജൂനിയർ**

| | | | | |
|---|---|---|---|---|
| Ist | സിസ്ഡു വേങ്ങത്താനം | എടൂർ | എടൂർ | A ഗ്രേഡ് |
| IInd | ഷെറിൻ പുളിക്കൽ | വായാട്ടുപറമ്പ് | കരുവഞ്ചാൽ | A ഗ്രേഡ് |
| IIIrd | ജയ പുളിയനാട്ട് | തോമാപുരം | മണ്ഡപം | A ഗ്രേഡ് |

**സംഗീതം - സീനിയർ**

| | | | | |
|---|---|---|---|---|
| Ist | റ്റെസ്സി കൈതക്കൽ | പനത്തടി | പനത്തടി | A ഗ്രേഡ് |
| IInd | സിസിലി വാണിയപ്പുരക്കൽ | കാഞ്ഞങ്ങാട് | ഹൊസങ്കടി | A ഗ്രേഡ് |
| IIIrd | ലില്ലി തോണക്കര | ചെമ്പന്തൊട്ടി | ചേപ്പറമ്പ് | A ഗ്രേഡ് |

**കഥാപ്രസംഗം - ജൂനിയർ**

| | | | | |
|---|---|---|---|---|
| Ist | ദീപ മടുക്കാവുങ്കൽ | ആലക്കോട് | ആലക്കോട് | A ഗ്രേഡ് |
| IInd | ഷീന വേട്ടർതോട്ടം | മേരിഗിരി | മേരിഗിരി | A ഗ്രേഡ് |
| IIIrd | അനിറ്റ വട്ടക്കുന്നേൽ | പൈസക്കരി | ജോസ്മൗണ്ട് | A ഗ്രേഡ് |

**കഥാപ്രസംഗം - സീനിയർ**

| | | | | |
|---|---|---|---|---|
| Ist | ജെയ്നമ്മ കാട്ടുനിലം | ചെറുപുഴ | പുളിങ്ങോം | A ഗ്രേഡ് |
| IInd | അനിത ചീരംവേലിൽ | പേരാവൂർ | കണിച്ചാർ | A ഗ്രേഡ് |
| IIIrd | മേരി കണിയാമറ്റത്തിൽ | പൈസക്കരി | പൈസക്കരി | A ഗ്രേഡ് |

**നാടോടിനൃത്തം - ജൂനിയർ**

| | | | | |
|---|---|---|---|---|
| Ist | ജിൻസി ഈഴത്തോട്ടം | നെല്ലിക്കാംപൊയിൽ | പുറവയൽ | A ഗ്രേഡ് |
| IInd | റിൻസി പെരുകിലാകാട്ടിൽ | എടൂർ | കീഴ്പ്പള്ളി | A ഗ്രേഡ് |
| IIIrd | സ്വപ്ന ചുണ്ടക്കാട്ടിൽ | പൈസക്കരി | പയ്യാവൂർ | B ഗ്രേഡ് |

**ബൈബിൾ വായന - സീനിയർ**

| | | | | |
|---|---|---|---|---|
| Ist | മേഴ്സി തറപ്പേൽ | ആലക്കോട് | ആലക്കോട് | A ഗ്രേഡ് |
| IInd | മേരിക്കുട്ടി ഞാമത്തോലിൽ | എടൂർ | വെളിമാനം | A ഗ്രേഡ് |
| IIIrd | അനിത ചീരംവേലിൽ | പേരാവൂർ | കണിച്ചാർ | A ഗ്രേഡ് |

**സംഘഗാനം**

| | | | | |
|---|---|---|---|---|
| Ist | നെല്ലിക്കാംപൊയിൽ | നെല്ലിക്കാംപൊയിൽ | | A ഗ്രേഡ് |
| IInd | പനത്തടി | പനത്തടി | | A ഗ്രേഡ് |
| IIIrd | എടൂർ | എടൂർ | | A ഗ്രേഡ് |

**ആന്തം**

| | | | | |
|---|---|---|---|---|
| Ist | പനത്തടി | പനത്തടി | | A ഗ്രേഡ് |
| IInd | നെല്ലിക്കാംപൊയിൽ | നെല്ലിക്കാംപൊയിൽ | | A ഗ്രേഡ് |
| IIIrd | എടൂർ | എടൂർ | | A ഗ്രേഡ് |

**മാർഗ്ഗംകളി**

| | | | | |
|---|---|---|---|---|
| Ist | പൈസക്കരി | പൈസക്കരി | | A ഗ്രേഡ് |
| IInd | മേരിഗിരി | മേരിഗിരി | | A ഗ്രേഡ് |
| IIIrd | നെല്ലിക്കാംപൊയിൽ | ഉളിക്കൽ | | C ഗ്രേഡ് |

# Total Score Sheet

| മേഖല | സീനിയർ | ജൂനിയർ | ഗ്രൂപ്പിനങ്ങൾ | ആകെ | സ്ഥാനം |
|---|---|---|---|---|---|
| ആലക്കോട് | 34 | 22 | 16 | 72 | III |
| ചെമ്പന്തൊട്ടി | 32 | 9 | 20 | 61 | VII |
| ചെമ്പേരി | 21 | 13 | 16 | 50 | IX |
| ചെറുപുഴ | 21 | 12 | 12 | 45 | XI |
| എടൂർ | 37 | 51 | 28 | 116 | I |
| കാഞ്ഞങ്ങാട് | 24 | 16 | 20 | 60 | VII |
| കുന്നോത്ത് | 9 | 7 | - | 16 | XIV |
| മേരിഗിരി | 7 | 17 | 26 | 50 | IX |
| നെല്ലിക്കാംപൊയിൽ | 18 | 34 | 44 | 96 | II |
| പൈസക്കരി | 15 | 15 | 32 | 62 | VI |
| പനത്തടി | 16 | 12 | 36 | 64 | V |
| പേരാവൂർ | 31 | 24 | 16 | 71 | IV |
| തളിപ്പറമ്പ് | 9 | 14 | 12 | 35 | XII |
| തോമാപുരം | 21 | 21 | 20 | 62 | VI |
| വായാട്ടുപറമ്പ് | 9 | 24 | - | 33 | XIII |
| വെള്ളരിക്കുണ്ട് | 15 | 22 | 12 | 49 | X |

മത്സരങ്ങൾ മനോഹരമായി സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകിയ മാതൃവേദി അതിരൂപതാ ഭാരവാഹികളെ അഭിനന്ദിക്കുന്നു. അതോടൊപ്പം ഓരോ മേഖലകളിലും മത്സരങ്ങൾ സംഘടിപ്പിക്കുകയും മത്സരാർത്ഥികളെ അതിരൂപതാ മത്സരത്തിൽ പങ്കെടുക്കുവാൻ സഹകരിക്കുകയും ചെയ്ത മേഖലാ ഡയറക്ടർമാർ, ആനിമേറ്റർമാർ, മറ്റ് മാതൃവേദി ഭാരവാഹികൾ എന്നിവർക്ക് പ്രത്യേകം നന്ദി. ചെമ്പേരി ഫൊറോന വികാരിയച്ചനെയും ഇടവകാംഗങ്ങളെയും അവിടുത്തെ മാതൃവേദി അംഗങ്ങളെയും കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. മത്സരങ്ങളിൽ പങ്കുചേർന്ന എല്ലാവർക്കും വിജയികൾക്കും പ്രത്യേകം അനുമോദനങ്ങൾ

## അറിയിപ്പുകൾ

**5. അതിരൂപതാ ഇലക്ഷ്ൻ, ജനറൽബോഡി ഡിസംബർ 14 സന്ദേശഭവൻ, തലശ്ശേരി**

**6. മാതൃവേദി ഇലക്ഷ്ൻ**

സീറോ മലബാർ മാതൃവേദിയുടെ ഭാരവാഹികളുടെ പൊതുവായ തിരഞ്ഞെടുപ്പ് 2019 – ഒക്ടോബറിൽ യൂണി റ്റ്, നവംബറിൽ മേഖല, ഡിസംബറിൽ അതിരൂപതാതലം എന്നീ രീതിയിൽ നടത്തപ്പെടുന്നു. യൂണിറ്റുകളിൽ 5 ഭാരവാഹികളും രണ്ട് സെനറ്റ് മെമ്പർമാരും. ഈ ഭാരവാഹികളിൽ നിന്ന് മേഖലയിലേക്ക് അഞ്ച് ഭാരവാഹികളെയും 2 സെനറ്റു മെമ്പർമാരെയും തെരഞ്ഞെടുത്ത് നവംബർ 28 നകം പേരുകൾ അതിരൂപതാ ഓഫീസിൽ എത്തിക്കുക.

**അതിരൂപതാതല തെരഞ്ഞെടുപ്പ്**

മേഖലയിലെ ഭാരവാഹികളിൽ നിന്ന് രൂപതാതലത്തിൽ മത്സരിക്കാൻ തീരുമാനിക്കുന്നവരുടെ ലിസ്റ്റ് നവംബർ 28 നകം രൂപതയിൽഎത്തിക്കേണ്ടതാണ്. ഒരു മേഖലയിൽ നിന്ന് ഓരാൾക്കുമാത്രമേ രൂപതാ ഭാരവാഹിയായി സ്ഥാനാർത്ഥിയാകാൻ സാധിക്കുകയുള്ളു. അപ്രകാരം സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്ന മേഖലകൾ, മേഖലാ ജനറൽ ബോഡിയിൽ വച്ച് ആളെ തീരുമാനിക്കുകയും പേര് നൽകുകയും ചെയ്യുക. ഏത് സ്ഥാനത്തേക്കാണ് തിരഞ്ഞെടുക്കപ്പെടുക എന്നത് ബാലറ്റ് വോട്ടിങ്ങിലൂടെ രൂപതാതല ഇലക്ഷനിൽ തീരുമാനിക്കുന്നതാണ്.

• **യൂണിറ്റ്** – 5 ഭാരവാഹികളും, 2 സെനറ്റ് മെമ്പർമാരും, ഒരേ ഭാരവാഹിത്വത്തിലേക്ക് 2 ടേമിൽ കൂടുതൽ പ്രാവശ്യം തെരഞ്ഞെടുക്കപ്പെടരുത്.

• **മേഖല** – യൂണിറ്റ് ഭാരവാഹികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 5 ഭാരവാഹികൾ, ഒരേ ഭാരവാഹിത്വത്തിലേക്ക് 2 ടേമിൽ കൂടുതൽ പ്രാവശ്യം തെരഞ്ഞെടുക്കപ്പെടരുത്. യൂണിറ്റ് സെനറ്റ് മെമ്പർമാരിൽ നിന്ന് 2 പേർ മേഖല സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെടണം.

• **അതിരൂപതാ ഭാരവാഹികൾ** – മേഖലാ ഭാരവാഹികളിൽ നിന്ന് അതിരൂപതയിലേക്ക് മത്സരിക്കാൻ ആഗ്രഹിക്കുന്ന മേഖലകൾക്ക് ഒരാളെ സ്ഥാനാർത്ഥിയായി തെരഞ്ഞെടുത്ത്നവംബർ 28 നകം പേര് നൽകണം. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവർ **6 മാസമെങ്കിലും** സംഘടനയിൽ പ്രവർത്തന പരിചയമുള്ളവരായിരിക്കണം.

• **അതിരൂപത ഇലക്ഷ്ൻ** – അതിരൂപതാ ഇലക്ഷനിൽ പങ്കെടുക്കുവാൻ നിയുക്തരായവർ – മേഖല ആനിമേറ്റർമാർ, മേഖല ഭാരവാഹികൾ, മേഖല സെനറ്റ് മെമ്പർമാരിൽ ഒരാൾ.

• ആനിമേറ്റർമാരൊഴിച്ച് എല്ലാവർക്കും വോട്ടവകാശം ഉണ്ടായിരിക്കും. അംഗത്വകാർഡ് കൊണ്ടുവരുന്നവർക്ക് മാത്രമേ വോട്ട് രേഖപ്പെടുത്തുവാൻ അനുവാദമുള്ളൂ.

• ഒരേ ഭാരവാഹിത്വത്തിലേക്ക് 2 പ്രാവശ്യത്തിൽ കൂടുതൽ തവണയോ ഏതെങ്കിലും ഭാരവാഹിത്വത്തിലേക്ക് 3 തവണയിൽ കൂടുതലോ തുടർച്ചയായി തെരഞ്ഞെടുക്കപ്പെടാൻ പാടില്ല.

• മേഖലയിലും യൂണിറ്റിലും ആവശ്യമെങ്കിൽ ബാലറ്റ് വോട്ടിംങ്ങ് നടത്താവുന്നതാണ്. പഴയ ഭാരവാഹികളെ തുടർന്നും നിലനിർത്തുന്ന ഇടവകകൾ ഭാരവാഹികളുടെ ലിസ്റ്റ് നൽകേണ്ടതാണ്.

**7. ജ്വാല-കുന്നോത്ത്**

സെപ്റ്റംബർ 28-ാം തീയ്യതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ കുന്നോത്ത് മേഖലയുടെ ജ്വാല പ്രോഗ്രാം കുന്നോത്ത് സെന്റ് തോമസ് ഫൊറോനാ പള്ളിയിൽ വച്ച് നടന്നു.

**8. തോമാപുരം**: 2019 ഒക്ടോബർ 19-ാം തീയ്യതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ തോമാപുരം മേഖലയുടെ ജ്വാല പ്രോഗ്രാം കടുമേനി സെന്റ് മേരീസ് പള്ളിയിൽ വച്ച് നടന്നു.

**9. ജ്വാല - ചെമ്പന്തൊട്ടി, പനത്തടി, പൈസക്കരി**

2019 പ്രവർത്തന വർഷത്തെ ജ്വാല പരിപാടി നവംബർ 23 ന് ചെമ്പന്തൊട്ടി മേഖലയ്ക്കുവേണ്ടിയും നവംബർ 25 ന് പനത്തടി മേഖലയ്ക്കു വേണ്ടിയും നവംബർ 30 ന് പൈസക്കരി മേഖലയ്ക്കു വേണ്ടിയും നടത്തപ്പെടുന്നു. കൊടിയേറ്റ്, പൊതുസമ്മേളനം, ക്ലാസ്, കലാപരിപാടികൾ എന്നിവ ഉൾക്കൊള്ളുന്ന ജ്വാലയുടെ ക്രമീകരണത്തെക്കുറിച്ച് മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക. റെക്കോർഡ്സ്, യൂണിറ്റ് രജിസ്ട്രേഷൻ ഫോം, മിനിട്ട്സ് ബുക്ക്, അക്കൗണ്ട് ബുക്ക്, എന്നിവ കൊണ്ടുവരേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഭാരവാഹികളും കൂടാതെ 5 പേരിൽ കുറയാതെ മറ്റ് മാതൃവേദി അംഗങ്ങളും പങ്കെടുക്കണം.

**10. സഖറിയാസ് കൺവെൻഷൻ - തളിപ്പറമ്പ് ഫൊറോന**

60 വയസ്സിനു മുകളിൽ പ്രായമുള്ള വയോജനങ്ങൾക്കുവേണ്ടി ഫാമിലി അപ്പൊസ്റ്റൊലേറ്റ് മലബാർ ക്രിസ്റ്റീൻ മിനിസ്ട്രിയോട് ചേർന്ന് നടത്തുന്ന ധ്യാനം നവംബർ 19, 20, 21 തീയ്യതികളിൽ തളിപ്പറമ്പ് പള്ളിയിൽ വച്ച് നടക്കുന്നതാണ്. വയോജനങ്ങളെ കണ്ടെത്തുന്നതിനും കൺവെൻഷനിൽ പങ്കെടുപ്പിക്കുന്നതിനും മാതൃവേദി അംഗങ്ങൾ സഹകരിക്കുക ഇടവകയിൽ വച്ച് നടക്കുന്നതാണ്. വയോജനങ്ങളെ കണ്ടെത്തുന്നതിനും കൺവെൻഷനിൽ പങ്കെടുപ്പിക്കുന്നതിനും മാതൃവേദി അംഗങ്ങൾ സഹകരിക്കുക.

**11. മാതൃസംഗമങ്ങൾ**

സെപ്റ്റംബർ 29 ഞായറാഴ്ച കമ്പല്ലൂർ ഇടവകയിൽ മാതൃസംഗമത്തിൽ പങ്കെടുത്ത് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ക്ലാസ് നയിച്ചു. ഒക്ടോബർ 20 ഞായർ കണിച്ചാർ ഇടവകയിലും ഒറ്റത്തൈ ഇടവകയിലും മാതൃസംഗമങ്ങളിൽ പങ്കെടുക്കുകയും ക്ലാസ്സുകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

**12. ഉത്തര മലബാർ കർഷക പ്രക്ഷോഭം**

അതിരൂപത നേതൃത്വം നല്കുന്ന കർഷക പ്രക്ഷോഭ പരിപാടികൾക്ക് മാതൃവേദി അംഗങ്ങൾ എല്ലാ പിന്തുണയും നല്കുകയും നവംബർ 24-ാം തീയതി നടക്കുന്ന "കണ്ണീർ കഞ്ഞി" അടുപ്പുകൂട്ടി സമരം വൻ വിജയമാക്കാൻ മുന്നിട്ടിറങ്ങുകയും ചെയ്യേണ്ടതാണ്.

## IV. ജീവോത്സവം 2019

വലിയ കുടുംബങ്ങളെ ആദരിക്കുകയും ജീവന്റെ സംസ്ക്കാരത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പരിപാടിയാണ് ജീവോത്സവം. ഇതിൽ പങ്കെടുക്കാനുള്ള കുടുംബങ്ങളെ കണ്ടെത്താനും അയക്കാനും മാതൃവേദി അംഗങ്ങൾ മുൻകൈ എടുക്കുക. 2017 നു ശേഷം അവസാനത്തെ കുട്ടി ജനിച്ചവരെയാണ് ഈ വർഷത്തെ ജീവോത്സവത്തിനു പങ്കെടുപ്പിക്കേണ്ടത്. പേരുകൾ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ വികാരിയച്ചന്മാർ വഴിയോ, മാതൃവേദി അംഗങ്ങൾ വഴിയോ നവംബർ 20 ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല.

**സ്ഥലം : സന്ദേശഭവൻ, തീയ്യതി : 2019 ഡിസംബർ 21**

**സമയം : രാവിലെ 10 മണി മുതൽ 1 മണി വരെ**

## V. വിവാഹാർത്ഥികളുടെ സംഗമം

കോഴിക്കോടുവച്ച് നടന്ന വിവാഹാർത്ഥികളുടെ സംഗമത്തിൽ രജിസ്ട്രേഷൻ നടത്തിയ എല്ലാവരെയും prolifemarry.com എന്ന മാര്യേജ് ബ്യൂറോയിൽ അംഗങ്ങളായി ചേർത്തിട്ടുണ്ട്. 2019 ഡിസംബർ 31 വരെ അവർക്ക് സൗജന്യമായി ബ്യൂറോയിൽ സെർച്ച് നടത്താവുന്നതാണ്.

വിശദവിവരങ്ങൾ അറിയുവാൻ വിളിക്കേണ്ട നമ്പർ : 6235 445 544 (ഇനിയും ഈ ബ്യൂറോയിൽ മെമ്പർഷിപ്പ് ലഭ്യമാണ്)

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## വേദപാഠ - സന്മാർഗ്ഗപാഠ പഠനവും പരീക്ഷയും

മതബോധന സന്മാർഗ ക്ലാസുകൾ അക്കാദമിക് വർഷത്തിന്റെ ആരംഭത്തിൽ തന്നെ സ്കൂളിൽ കൃത്യമായും ഭംഗിയായും ആരംഭിച്ച് മുന്നോട്ടു പോകുന്നു എന്നു കരുതുന്നു. വിദ്യാലയം വിദ്യാർത്ഥികളുടെ സമഗ്രവളർച്ചയ്ക്കുള്ള ഇടമാണല്ലോ, അതുകൊണ്ടു തന്നെ സ്കൂളിൽ സന്മാർഗ മതബോധന ക്ലാസുകൾക്ക് വലിയ പ്രസക്തിയുണ്ട്. അധ്യാപകരുടെ ഇഷ്ടാനിഷ്ടങ്ങളേക്കാൾ വിദ്യാർത്ഥികളുടെ സമഗ്രവളർച്ചയ്ക്ക് ഉപകരിക്കുന്ന കാര്യങ്ങൾ സ്കൂളിൽ കൃത്യമായി ക്രമീകരിക്കേണ്ടതുണ്ട്. ഭൂരിപക്ഷം സ്കൂളിലും സന്മാർഗ മതബോധന ക്ലാസുകൾക്ക് ആവശ്യമായ പ്രാധാന്യം നൽകുന്നുണ്ട്. എന്നാൽ ചില സ്കൂളുകളിൽ പുസ്തകങ്ങൾ കൃത്യമായി വിദ്യാർത്ഥികൾക്ക് എത്തിച്ചു കൊടുക്കാനും പരീക്ഷപേപ്പറുകൾ പരിശോധിച്ചു കൊടുക്കാനും ക്ലാസുകൾ കൃത്യമായി നടത്താനും താല്പര്യം കാണിക്കുന്നില്ല. സ്കൂളുകളിൽ സന്മാർഗ - മതബോധന ക്ലാസുകൾ കാര്യക്ഷമമായി നടക്കുന്നുവെന്ന് പ്രധാന അധ്യാപകർ ഉറപ്പു വരുത്തണം.

മാർക്ക് പ്രോഗ്രസ് കാർഡിൽ രേഖപ്പെടുത്താനും സ്കൂളിൽ സന്മാർഗ മതബോധന പരീക്ഷയുടെ മാർക്കുകൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കാനും ശ്രദ്ധിക്കണം. ബഹു. ലോക്കൽ മാനേജർ അച്ചന്മാർ അതതു സ്കൂളുകളിലെ സന്മാർഗ മതബോധന ക്ലാസുകൾ നടത്തുന്നത് വിലയിരുത്തി അധ്യാപകർക്ക് മാർഗനിർദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ന്യൂനപക്ഷ വിദ്യാലയങ്ങളാണ് നമ്മുടേത്. ഈ വിദ്യാലയങ്ങളുടെ തനിമയും സംസ്ക്കാരവും മൂല്യങ്ങളും സംരക്ഷിക്കുന്നതിന് നമ്മൾ പ്രതിജ്ഞാബദ്ധരാണ്. ഈശ്വര വിശ്വാസത്തിൽ വളരുന്നതിനും മൂല്യങ്ങളിൽ അടിയുറച്ച ധാർമ്മിക ജീവിതത്തിലൂടെ നമ്മുടെ വിദ്യാർത്ഥികൾ വളർന്നു വരുന്നതിനും സന്മാർഗ മതബോധന പഠനം വിദ്യാലയങ്ങളിൽ അനിവാര്യമാണ്.

ഈ വർഷത്തെ വേദപാഠ-സന്മാർഗ്ഗപാഠ **അർദ്ധവാർഷിക പരീക്ഷ ഒക്ടോബർ 31-ാം** തീയതി വ്യാഴാഴ്ച നടത്തണം. ചോദ്യപത്രങ്ങൾ സ്കൂൾ തലത്തിൽ അധ്യാപകർ തന്നെ തയ്യാറാക്കി പരീക്ഷ നടത്തേണ്ടതാണ്. സന്മാർഗ വേദപാഠ വാർഷിക പരീക്ഷകൾ 2020 ജനുവരി 03-ാം തീയതി നടക്കുന്നതായിരിക്കും.

## പഠനയാത്ര

നമ്മുടെ സ്കൂളുകളിൽ നിന്ന് വിവിധ സ്ഥലങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് മുൻപ് പല സർക്കു

ലറുകളിലൂടെയും സൂചിപ്പിച്ചിരുന്നു. എന്നാൽ പഠനയാത്രകൾ സംഘടിപ്പിക്കുമ്പോൾ ഈ നിർദ്ദേശങ്ങൾ പലരും ശ്രദ്ധിക്കുന്നില്ല. അതിനാൽ ഒരിക്കൽക്കൂടി പ്രധാനദ്ധ്യാപകരുടെയും സ്റ്റാഫംഗങ്ങളുടെയും സത്വരശ്രദ്ധക്ക് ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ.

യാതൊരു കാരണവശാലും ഞായറാഴ്ച്ച ദിവസങ്ങൾ ഉൾപ്പെടുന്ന രീതിയിൽ പഠനയാത്രകൾ ക്രമീകരിക്കരുത്. ഞായറാഴ്ച്ച വിശുദ്ധ കുർബാനയിലും മതബോധന ക്ലാസുകളിലും വിദ്യാർത്ഥികൾക്ക് പങ്കെടുക്കാൻ കഴിയണം. ന്യൂനപക്ഷ സ്ഥാപനമായ നമ്മുടെ സ്കൂളുക ളിൽ നമ്മുടെ സംസ്കാരത്തിനു വിരുദ്ധമായ നിലപാടുകൾ സ്വീകരിക്കുന്നത് ഖേദകരമാണ്. പ്രധാനദ്ധ്യാപകർ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തണം. പല പ്രാവശ്യം ഓർമ്മിപ്പിച്ചിട്ടും പല സ്കൂളുകളും ഈ തെറ്റ് ആവർത്തിക്കുന്നു.

പഠനയാത്രകൾ മാത്രമല്ല സ്കൂൾ കലോത്സവങ്ങളും കായിക മേളകളും സംഘടിപ്പിക്കുമ്പോഴും ഞായറാഴ്ച്ചകൾ ഉൾപ്പെടെ പ്രോഗ്രാം ക്രമീകരിക്കുന്ന പ്രവണത വർദ്ധിച്ചുവരുകയാണ്. ഇത് നിരുത്സാഹപ്പെടുത്തണം. ഈ പ്രോഗ്രാമുകളുടെ സംഘാടക സമിതികളിൽ പങ്കെടുക്കുന്നഅധ്യാപകർ ഞായറാഴ്ച ദിവസങ്ങളിൽ പ്രോഗ്രാം ക്രമീകരിക്കരുതെന്ന് ഉത്തരവാദപ്പെട്ടവരെ ഓർമ്മിപ്പിക്കണം. ഞായറാഴ്ച ദിവസങ്ങളിൽ സ്കൂളുകളിൽ പരിശീലനങ്ങളോ മറ്റു പ്രോഗ്രാമുകളോ സ്കൂളിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കണം. വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് മാത്രമേ പഠനയാത്രകൾ സംഘടിപ്പിക്കാവു. പി.ടി.എ പ്രതിനിധിയെകൂടി ഉൾപ്പെടുത്തുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. പഠനയാത്രകൾ കുറ്റമറ്റ രീതിയിൽ നടത്താൻ സംഘാടകർ ശ്രദ്ധിക്കണം.

## മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി അവാർഡ്

തലശ്ശേരി അതിരൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി മൂന്നു വർഷത്തിലൊരിക്കൽ സാമൂഹ്യ പരിഷ്കരണ രംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ചവർക്കു നൽകുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവിന്റെ നാമത്തിലുള്ള അവാർഡിന് ഫാ. തോമസ് തൈത്തോട്ടം അർഹനായിരിക്കുകയാണ്.അൻപതിനായിരം രൂപയും, പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് അവാർഡ്. പ്രൗഢോജ്വലമായ പ്രഭാഷണങ്ങളും, ത്യാഗസുരഭിലമായ കർമ്മങ്ങളും അക്ഷീണമായ സമരാവേശവും, അജയ്യമായ സംഘടനാ വൈഭവവും കൈമുതലാക്കി കേരളത്തെ മദ്യലഹരിയുടെ മാരകവിപത്തിൽ നിന്നും കരകയറ്റാനുള്ള പോരാട്ടത്തെ മുന്നിൽ നിന്നു നയിക്കുന്നതിന് അച്ചന് സാധിച്ചിട്ടുണ്ട്.

ലഹരിയുടെ മാരകവിപത്തുകൾ കുഞ്ഞുമനസ്സുകളിൽ ഉറപ്പിക്കുന്നതിനായി വിദ്യാലയങ്ങളിൽ ADSU, മദ്യപാനരോഗികളുടെ ചികിത്സക്കായി 'പ്രതീക്ഷ' പുനരധിവാസ കേന്ദ്രം, A A കൂട്ടായ്മകൾ, സ്ത്രീകളുടെ കൂട്ടായ്മയായ 'മുക്തിശ്രീ' മുതലായവയും ലഹരിക്കെതിരെയുള്ള പോരാട്ടത്തിനായി അച്ചൻ സ്ഥാപിച്ച സംഘടനകളാണ്. സ്ഥൈര്യവും സ്ഥിരോത്സാഹവും ഊർജ്ജസ്വലതയും കൊണ്ട് സമാനതകളില്ലാത്ത വ്യക്തി വിശേഷങ്ങളുടെ ഉടമയായ അച്ചൻ സാമൂഹ്യ തിൻമകൾക്കും, അനീതികൾക്കും, അക്രമങ്ങൾക്കും, മതമൗലിക വാദങ്ങൾക്കും , രാഷ്ട്രീയ സംഘട്ടനങ്ങൾക്കുമെതിരെ നിരന്തരം പോരാടി. കർമ്മ വഴിയിലെ ചടുല പോരാട്ടങ്ങളുടെ അംഗീകാരമായി ഇതുവരെ 20 അവാർഡുകൾ ഫാ. തോമസ് തൈത്തോട്ടത്തിന് ലഭിച്ചിട്ടുണ്ട്. ലഹരിയെന്ന മാരക വിപത്തിനെതിരെ നടത്തിയ നിരന്തരമായ പോരാട്ടത്തിലൂടെയും ലഹരിയുടെ അടിമകളായവരുടെ പുനരധിവാസത്തിലൂടെയും, മറ്റു സാമൂഹ്യ തിൻമകൾക്കെതിരെ നടത്തിയ തീവ്രപോരാട്ടത്തിലൂടെയും കൈവരിച്ച സാമൂഹ്യ നൻമയാണ് അച്ചനെ അവാർഡിന് അർഹനാക്കിയത്.

**2019 ഒക്ടോബർ 29 ന് രാവിലെ 10** മണിക്ക് തലശ്ശേരി സന്ദേശഭവൻ ഓഡിറ്റോറിയത്തിൽ വെച്ച് ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽവെച്ച് ആദർശ രാഷ്ട്രീയത്തിന്റെ ആൾരൂപമായ ശ്രീ വി.എം.സുധീരൻ അവാർഡ് സമ്മാനിക്കുന്നതാണ്.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ശാസ്താംപടവിൽ**
കോർപ്പറേറ്റ് മാനേജർ

## സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ: 8281750777, 8281730777

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com

### സാൻജോസ് അക്കാഡമിയിൽ നിന്നും സ്നേഹാശംസകൾ

സാൻജോസ് അക്കാഡമിയുടെ വിവിധ പരിശീലനങ്ങൾ സജീവമായി വിവിധ സ്ഥലങ്ങളിൽ നടന്നുക്കൊണ്ടിരിക്കുന്നു. മധ്യവേനൽ അവധിക്കാലങ്ങളിൽ നടക്കാനിരിക്കുന്ന വിവിധ എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായിട്ടുള്ള അപേക്ഷകൾ സമർപ്പിക്കേണ്ട സമയമാണ് നവംബർ – ഡിസംബർ മാസങ്ങൾ. ഈ വർഷം പ്ലസ് ടു കഴിയുന്ന കുട്ടികൾക്ക് ഉപരിപഠനത്തിനാവശ്യമായ നിരവധി പരീക്ഷാവിജ്ഞാപനങ്ങൾ ഇപ്പോൾത്തന്നെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇടവകകളിലുമുള്ള കുട്ടികളെ ഇത്തരം പരീക്ഷകളെഴുതാൻ പ്രേരിപ്പിക്കുകയും ഇതിനുവേണ്ടിയുള്ള പരിശീലനങ്ങളിൽ ഏർപ്പെടാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇടവകകളിലും പഠനത്തിൽ വളരെ മുന്നോക്കം നിൽക്കുന്നവരും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന കുട്ടികളുണ്ടെങ്കിൽ അവർക്ക് പ്രത്യേക പരിഗണന നൽകി പരിശീലിപ്പിക്കാനും സാൻജോസ് അക്കാഡമി തയ്യാറാണ്. ബഹു. വികാരിയച്ചന്മാരുടെയും പ്രധാനദ്ധ്യാപകരുടെയും പ്രത്യേക ശ്രദ്ധയും താൽപര്യവും ഇക്കാര്യത്തിൽ പ്രത്യേകം അഭ്യർത്ഥിക്കുന്നു. നവംബർ മാസത്തെ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

### I. K-TET Coaching

എൽ.പി.സ്കൂൾതലം മുതൽ ഹൈസ്ക്കൂൾതലംവരെയുള്ള അദ്ധ്യാപകരാകാനുള്ള ഗവൺമെന്റ് എൻട്രൻസ് പരീക്ഷയായ K-TET അഞ്ചാം ബാച്ചിന്റെ പരിശീലനം ഇരിട്ടി സെന്റ് ജോസഫ് ചർച്ച് ഓഡിറ്റോറിയത്തിലും തളിപ്പറമ്പ് സെന്റ്. മേരീസ് ചർച്ച് ഓഡിറ്റോറിയത്തിലും നടന്നുകൊണ്ടിരിക്കുന്നു. നവംബർ മാസത്തിൽ നടക്കാനിരിക്കുന്ന K-TET പരീക്ഷയ്ക്ക് ഒരുക്കമായിട്ടുള്ള പരിശീലനമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. കണ്ണൂർ ജില്ലയിലെ മികച്ച പരിശീലനകേന്ദ്രമായിതന്നെ സാൻജോസ് അക്കാഡമി മാറിയിട്ടുണ്ട്. അടുത്ത ബാച്ചിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവർക്ക് 8281750777, 8281730777 എന്നീ നമ്പറുകളിൽ വിളിച്ച് സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

### II. Bridge +1, +2

എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായി രണ്ടുവർഷം നീണ്ടുനിൽക്കുന്ന പരിശീലന ക്യാമ്പുകൾ ഇരിട്ടി സെന്റ്. ജോസഫ് ചർച്ച് ഓഡിറ്റോറിയത്തിൽവച്ചു

നടന്നുകൊണ്ടിരിക്കുന്നു. പ്രധാന അവധിദിവസങ്ങളിലും ശനിയാഴ്ച ദിവസങ്ങളിലും ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞുമാണ് ക്ലാസ്സുകൾ നടത്തപ്പെടുക.

## III. PSC Coaching

കേന്ദ്ര – സംസ്ഥാന ഗവൺമെന്റ് മേഖലകളിൽ ജോലിയിൽ പ്രവേശിക്കുവാനുള്ള കവാടമാണല്ലോ P.S.C, U.P.S.C. പരീക്ഷകൾ. ലളിതവും എന്നാൽ നല്ല ഒരുക്കവും പരിശീലനവും ആവശ്യമായ പരീക്ഷാഘടനയാണ് ഇതിനുള്ളത്. നമ്മുടെ അതിരൂപതയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന ഈ പരിശീലന പദ്ധതി കാര്യക്ഷമമായി മുന്നോട്ടുപോകുന്നു. പുതിയ ബാച്ച് ജൂലൈ മാസത്തിൽ പൈസക്കരി ദേവമാതാ കോളേജ്, ആരംഭിച്ചിട്ടുണ്ട്. അഡ്മിഷൻ ആവശ്യമുള്ളവർ കോളേജ് ഓഫീസിലോ, 8281 750 777, 8281 730 777 എന്നീ നമ്പരുകളിലോ ബന്ധപ്പെടേണ്ടതാണ്.

## IV. NET Exam Crash Coaching

കോളേജ് അധ്യാപകരാകാനും റിസേർച്ച് ഫെലോസ് ആകാനുമുള്ള യോഗ്യതാ പരീക്ഷയായ യു.ജി.സി. നെറ്റ് പരീക്ഷയ്ക്ക് വേണ്ടിയുള്ള പരിശീലനം സെപ്റ്റംബർ മാസം ആദ്യവാരം മുതൽ ഇരിട്ടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽവച്ച് നടന്നുകൊണ്ടിരിക്കുന്നു. ഡിസംബർ മാസത്തിൽ 2 മുതൽ 6 വരെ തിയ്യതികളിലാണ് അടുത്ത NET പരീക്ഷ നടക്കുന്നത്. ഞായറാഴ്ചകളിലാണ് സാൻജോസ് അക്കാഡമിയുടെ പരിശീലന ക്ലാസ്സുകൾ നടക്കുന്നത്. വിവിധ യൂണിവേഴ്സിറ്റികളിലെ പ്രഗല്ഭരായ അദ്ധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നു. പി.ജി. രണ്ടാം വർഷം പഠിച്ചുകൊണ്ടിരിക്കുന്നവർക്കും പൂർത്തിയാക്കിയവർക്കും പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. അടുത്ത ബാച്ചിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവർക്ക് 8281750777, 8281730777 എന്നീ നമ്പറുകളിൽ വിളിച്ച് സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

## V. IELTS പരിശീലനം

ഇംഗ്ലീഷ് ഭാഷ ലോക ഭാഷയായി മാറിയ ഈ കാലഘട്ടത്തിൽ നമ്മുടെ കുട്ടികൾക്ക് വിവിധ കോഴ്സുകളിൽ അഡ്മിഷൻ നേടുവാനും വിജയിക്കുവാനും വിവിധ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കും IELTS, OET തുടങ്ങിയ സർട്ടിഫിക്കറ്റുകൾ അത്യന്താപേക്ഷിതമാണ്. നമ്മുടെ കുട്ടികൾക്ക് നല്ല പരിശീലനം നൽകി വിജയികളാക്കുവാൻ സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ തലശ്ശേരി മാതാ സെന്റർ കേന്ദ്രീകരിച്ച് IELTS പരിശീലനം ആരംഭിച്ചിരിക്കുന്നു. കോഴ്സ് ഫീസ് രണ്ട് മാസത്തേക്ക് 12000 രൂപയും + ഹോസ്റ്റൽ ഫീസും ഒരു മാസത്തേക്ക് 8000 രൂപയും ഹോസ്റ്റൽ ഫീസുമാണ് നിശ്ചയിച്ചിരിക്കുന്നത്. വിജയികൾക്ക് U Kയിൽ നേഴ്സിംഗ് സംബന്ധമായ ജോലികൾക്ക് പ്രത്യേക സഹായസഹകരണങ്ങൾ സൗജന്യമായി സാൻജോസ് അക്കാഡമി നൽകുന്നതാണ്. ഏത് ദിവസവും വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാ

വുന്നതാണ്. അഡ്മിഷൻ ആവശ്യമുള്ളവർ 8281 750 777, 8281 730 777 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്. കേരളത്തിലെ പ്രമുഖ അദ്ധ്യാപകർ കോഴ്സുകൾക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നു.

IELTS അക്കാഡമിയിലേക്ക് ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള അധ്യാപകരെ ആവശ്യമുണ്ട്. ഉദ്യോഗാർത്ഥികൾക്ക് 8281 750 777, 8281 730 777 എന്നീ നമ്പറുകളിൽ വിളിച്ച് ബന്ധപ്പെടാവുന്നതാണ്.

## സെമിനാറുകൾ - ക്ലാസ്സുകൾ

13.10.2019 ന് പനത്തടി ഇടവകയിൽ ബഹു. പയസ് പടിഞ്ഞാറെമുറിയിൽ അച്ചൻ ഫൊറോന തലത്തിൽ മതാധ്യാപകർക്ക് സംഘടിപ്പിച്ച സെമിനാറിൽ ക്ലാസ്സുകൾ നയിക്കുകയും സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.

20.10.2019 ന് മണിക്കടവ് ഇടവകയിൽ ബഹു. ഡയറക്ടർ അച്ചൻ യുവജന കൂട്ടായ്മയായ റൂട്ട്സിൽ പങ്കെടുത്ത് സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ഇത്തരത്തിൽ വേദി ഒരുക്കിതന്ന ബഹു. ഡയറക്ടർ അച്ചനും വികാരിയച്ചനും പ്രത്യേകമായി നന്ദി രേഖപ്പെടുത്തുന്നു.

26.10.2019 ന് പൈസക്കരി ദേവമാതാ കോളേജ്, കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി, സാൻ ജോസ് അക്കാഡമി സംയുക്ത സഹകരണത്തോടെ നടന്ന സെമിനാറിൽ ബഹു. ഡയറക്ടറച്ചൻ സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

## ഹൃദയപൂർവ്വം

സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായ സഹകരണങ്ങൾ നല്കിയ ഏവരെയും നന്ദിയോടെ ഓർക്കുന്നു. തുടർന്നും പ്രോത്സാഹനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് .....

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# എ.കെ.സി.സി.

## കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമ്മേളനം ദുബായ്

സെപ്റ്റംബർ 30 ഒക്ടോബർ 1 തീയതികളിൽ ദുബായിൽ വെച്ച് നടത്തിയ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമ്മേളനത്തിൽ സമുദായത്തിനും സമൂഹത്തിനും ഉപകരിക്കുന്ന നിരവധി പ്രൊജക്ടുകൾക്ക് അംഗീകാരം നല്കി. ഇത്തരം പ്രൊജക്ടുകളെ സഹായിക്കാനായി പ്രൊജക്ട് പ്രൊമോഷൻ കൗൺസിൽ രൂപീകരിച്ചു.വിവിധ രാജ്യങ്ങളിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട മികച്ച സംരഭകരെയും വിദഗ്ദരെയും ഉൾപ്പെടുത്തിയാണ് കൗൺസിൽ രൂപീകരിച്ചത്.

കൗൺസിലിന്റെ പ്രഥമ കോൺക്ലേവ് ഡിസംബറിൽ ചേരുന്നതാണ്. വിഷൻ 2025 എന്ന സെമിനാറിന്റെ ഭാഗമായാണ് ഈ കൗൺസിൽ രൂപീകരിച്ചത്. 18 രാജ്യങ്ങളിൽ നിന്നായി 150ൽപരം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. സീറോമലബാർ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, ആർച്ചുബിഷപ്പുമാരായ മാർ ആഡ്രൂസ് താഴത്ത് (തൃശൂർ) മാർ ജോർജ് ഞറളക്കാട്ട് (തലശ്ശേരി) ബിഷപ്പ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ (താമരശ്ശേരി) ബിഷപ്പുമാരായ മാർ പോൾ ആലപ്പാട്ട് (രാമനാഥപുരം) മാർ ബോസ്കോ പുത്തൂർ(ആസ്ത്രേലിയ) മാർ പോളി കണ്ണൂക്കാടാൻ (ഇരിങ്ങാലക്കുട) മാർ റാഫേൽ തട്ടിൽ (ഷംഷാബാദ്) മാർ സെബാസ്റ്റ്യൻ പൊഴലിപറമ്പിൽ (ഹൊസൂർ) മാർ ജോസ് കല്ലുവേലി (കാനഡ) മാർ ജോൺ വടക്കേൽ ബിജ്നേർ, രൂപത ഡയറക്ടർമാരായ വൈദികർ, സുപ്രീംകോർട്ട് മുൻ ജഡ്ജി ശ്രീ കുര്യൻ ജോസഫ്, അഡീഷനൽ ചീഫ് സെക്രട്ടറി ടി.കെ. ജോസ്(കേരള), ഇസാഫ് ബാങ്ക് ചെയർമാൻ പോൾ തോമസ്, പ്രൊഫസർ ജെ.ഫിലിപ്പ്, (ബാംഗ്ലൂർ) എം.എൽ.എ.മാരായ പി.ജെ. ജോസഫ്, അഡ്വ സണ്ണി ജോസഫ്, എം.പിമാരായ ജോസ് കെ.മാണി, തോമസ് ചാഴികാടൻ, ഡീൻ കുര്യാക്കോസ്, മുൻ എം.പി.മാരായ പി.സി. തോമസ്, ഫ്രാൻസീസ് ജോർജ് തുടങ്ങിയവർ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. ഗ്ലോബൽ ഡയറക്ടർ ഫാ. ജിയോ കടവി (തൃശൂർ) ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയനിലം, ജനറൽ സെക്രട്ടറി അഡ്വ.ടോണി പുഞ്ചകുന്നേൽ, ട്രഷറർ പി. ജെ. പാപ്പച്ചൻ, ജനറൽ കൺവീനർ ബെന്നി പുളിക്കക്കര (ദുബായ്) എന്നിവർ നേതൃത്വം നൽകി.

## അതിരൂപത ഭാരവാഹികളുടെ യോഗം

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത ഭാരവാഹികളുടെ യോഗം ഒക്ടോബർ 10ന് വ്യാഴാഴ്ച പ്രസിഡന്റ് ദേവസ്യ കൊങ്ങോലയുടെ അധ്യക്ഷതയിൽ സന്ദേശഭവനിൽ ചേർന്നു. ഉത്തരമലബാർ കർഷക

പ്രക്ഷോഭത്തിന്റെ ഭാഗമായി കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ്, ഫൊറോന കമ്മിറ്റികൾ വിളിച്ചുചേർത്ത് പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിന് തീരുമാനിച്ചു. മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടക്കാത്ത കമ്മിറ്റികൾ (യൂണിറ്റ് ഫൊറോന) ബഹുമാനപ്പെട്ട ഡയറക്ടറച്ചനുമായി ആലോചിച്ച് ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കുന്നതിനു തീരുമാനിച്ചു. കത്തോലിക്കാ കോൺഗ്രസ് അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം നവംബർ 11ന് ചേരുന്നതാണ്. അന്നേദിവസം പരസ്പരസഹായ നിധിയുടെ ജനറൽബോഡിയോഗം 1 മണിക്ക് ചേരുന്നതുമാണ്. രാജ്യത്തെ കാർഷിക മേഖലയെ തകർച്ചയിലേക്കു നയിക്കുന്ന ആർ.ബി.ഇ.വി. ഒപ്പിടുന്നതിൽനിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്ന് യോഗം ആവശ്യപ്പെട്ടു.

സ്നേഹപൂർവ്വം,

**ദേവസ്യ കൊങ്ങോല**
അതിരൂപതാപ്രസിഡന്റ്

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# വിമൽ ജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

## വിമൽ ജ്യോതിയിൽ നിന്ന് ഈ വർഷവും അമേരിക്കയിലേക്ക്

എൻജിനീയറിംഗ് വിദ്യാർത്ഥികളുടെ അന്താരാഷ്ട്ര സംഘടനയായ IEEE യുടെ വാർഷിക യോഗത്തിൽ പങ്കെടുക്കുന്നതിനായി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലെ 2 വിദ്യാർത്ഥികൾ അമേരിക്കയിലെ ബാൾട്ടിമോറിലേക്ക്. മൂന്നാം വർഷ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് വിദ്യാർത്ഥികളായ അഭയ രാജൻ, മേഘ്ന സുധീപ് എന്നിവരാണ് തിരഞ്ഞെടുക്കപ്പെട്ടത്.

## പ്ലേസ്മെന്റ് വാർത്തകൾ

Computer Aided Engineering Training നടത്തുന്ന പ്രമുഖ കമ്പനിയായ Eleations 27/09/2019ന് കാമ്പസ് റിക്രൂട്ട്മെന്റ് ടെസ്റ്റ് നടത്തുകയും മെക്കാനിക്കൽ, സിവിൽ എൻജിനീയറിംഗ് വിഭാഗത്തിൽനിന്ന് 18 വിദ്യാർത്ഥികളെ ഇന്റേൺഷിപ്പിനായി തിരഞ്ഞെടുക്കുകയും ചെയ്തു. ഇന്റേൺഷിപ്പ് വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ പ്രതിമാസം 30,000/- രൂപ ശമ്പളവാഗ്ദാനത്തോടെ ജോലിക്ക് എടുക്കുവാനും കമ്പനി സന്നദ്ധത അറിയിച്ചു.

വിമൽജ്യോതി പ്ലേസ്മെന്റ് സെല്ലിന്റെയും കണ്ണൂർ പാസ്പോർട്ട് സേവാ കേന്ദ്രത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 30.09.2019ന് പാസ്പോർട്ട് സ്റ്റുഡന്റ് കണക്റ്റ് പ്രോഗ്രാം സംഘടിപ്പിച്ചു.

പ്രമുഖ ഐ.റ്റി കമ്പനിയായ IBS Technologies ഉത്തരമലബാറിലെ കുട്ടികൾക്കായി സംഘടിപ്പിച്ച പൂൾ കാമ്പസ് റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിൽ നിന്നും 50-ലധികം വിദ്യാർത്ഥികൾ പങ്കെടുക്കുകയും, 6 വിദ്യാർത്ഥികൾ ഫൈനൽ റൗണ്ടിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

10.10.2019ന് GIOX എന്ന ഐ.റ്റി കമ്പനിയും Trinity Skillworks ഉം സംയുക്തമായി സംഘടിപ്പിച്ച പൂൾ കാമ്പസ് റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിൽനിന്നും 70 കുട്ടികൾ പങ്കെടുക്കുകയും 15 കുട്ടികൾ അവസാന റൗണ്ടിലേയ്ക്ക് യോഗ്യത നേടുകയും ചെയ്തു.

മൾട്ടിനാഷണൽ കമ്പനിയായ Cognizant Technology Solutions (CTS) സംഘടിപ്പിച്ച കാമ്പസ് റിക്രൂട്ട്മെന്റിൽ (2019 ഒക്ടോബർ 10,11 തീയതികളിൽ) വിമൽ ജ്യോതിയിൽ നിന്നും 100-ലധികം കുട്ടികൾ പങ്കെടുത്തു.

## വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമി

വിമൽജ്യോതി സിവിൽ സർവീസ് അക്കാദമിയിൽ കഴിഞ്ഞ 2 വർഷമായി വിജയകരമായി വിദ്യാർത്ഥികൾ പരിശീലനം നേടിവരുന്നു. ഭാവിയിൽ സിവിൽ സർവീസ് മേഖലകളിലേക്ക് വളരാനുള്ള അടിസ്ഥാനവും പരിശീലനങ്ങളും

നൽകി എട്ടാം ക്ലാസ് മുതൽ നമ്മുടെ വിദ്യാർത്ഥികൾക്ക് മാർഗനിർദേശം നൽകാൻ വിമൽജ്യോതി സിവിൽ സർവീസ് അക്കാദമി പദ്ധതികൾ ആരംഭിച്ചിരിക്കുന്നു.

എട്ട്, ഒമ്പത്, പ്ലസ് വൺ ക്ലാസുകളിൽ പഠിക്കുന്ന താല്പര്യമുള്ള മിടുക്കരായ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഈ പരിശീലന പരിപാടിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. സിവിൽ സർവീസ്, പി.എസ്.സി, നീറ്റ് തുടങ്ങിയ മത്സരപരീക്ഷകൾക്ക് കുട്ടികളെ ഒരുക്കുക, കുട്ടികളുടെ കഴിവുകൾ കണ്ടെത്തി വളർത്താൻ സഹായിക്കുക, പൊതുവിജ്ഞാനം വളർത്തുക, പഠന നിലവാരം ഉയർത്തുക, വിവിധ ക്ലാസുകളിലൂടെ സ്വഭാവരൂപീകരണം നടത്തുക, പ്രശ്നങ്ങൾ തരണം ചെയ്യാൻ പര്യാപ്തരാക്കുക, സാമൂഹിക വബോധവും ലക്ഷ്യബോധവും വളർത്തുക, എന്നീ ലക്ഷ്യങ്ങളോടെ ഒരു സമഗ്ര പരിശീലന പദ്ധതിയാണ് തയാറാക്കിയിരിക്കുന്നത്. രജിസ്ട്രേഷനും പ്രാഥമിക പരിശീലനങ്ങളും സൗജന്യമായിരിക്കും. പരിശീലനത്തിന്റെ വിശദവിവരങ്ങൾ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളെ അറിയിക്കുന്നതായിരിക്കും. രജിസ്റ്റർ ചെയ്യാനും, കൂടുതൽ വിവരങ്ങൾക്കുമായി ബന്ധപ്പെടുക : 8547429540, 0460 2212240, E-mail: civilservice@vjec.ac.in

## ഡോ. എ. പി. ജെ അബ്ദുൾ കലാം സയന്റിഫിക് എക്സലൻസ് പ്രൊജക്റ്റ് കോംബറ്റീഷൻ 2019

2019 നവംബർ 12-ാം തീയതി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽവച്ച് +1, +2 സയൻസ് വിദ്യാർത്ഥികൾക്കായി ഒരു സയൻസ് പ്രൊജക്ട് കോമ്പറ്റീഷൻ നടത്തുന്നു. യുവതലമുറയിൽ ശാസ്ത്രാവബോധം വളർത്തുന്നതിനും സമൂഹത്തിനു ഗുണകരമാകുന്ന കണ്ടുപിടുത്തങ്ങളെ പ്രോത്സാഹിപ്പിക്കുകയുമാണ് ഇതിന്റെ ലക്ഷ്യം. കണ്ണൂർ, കാസറഗോഡ്, വയനാട്, കോഴിക്കോട് ജില്ലകളിലെ ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് സ്ഥാനങ്ങളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് 30000/-,20000/-,10000/-,5000/- രൂപ വീതം ക്യാഷ് പ്രൈസ് ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: പ്രൊഫ. ലക്ഷ്മി - 9495871875, പ്രൊഫ. ഷിംന - 9895304700

## വിമൽ ജ്യോതി സയൻസ് ക്വിസ് കോംബറ്റീഷൻ 2019

2019 നവംബർ 27-ാം തീയതി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ വച്ച് +1, +2 സയൻസ് വിദ്യാർത്ഥികൾക്കായി ഒരു സയൻസ് ക്വിസ് നടത്തപ്പെടുന്നു. വിദ്യാർത്ഥികളിൽ ശാസ്ത്രാഭിമുഖ്യം പ്രോത്സാഹിപ്പിച്ച് പുതിയ യുഗത്തിന്റെ ശാസ്ത്ര ഗതിവേഗത്തിന് ആക്കം കൂട്ടുന്നതിന് പുതിയ തലമുറയെ പ്രാപ്തരാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കണ്ണൂർ, കാസറഗോഡ്, വയനാട്, കോഴിക്കോട് ജില്ലകളിലെ ഹയർസെക്കന്ററി സയൻസ് വിദ്യാർത്ഥി

കൾക്കാണ് അവസരം. ഒരു സ്കൂളിൽ നിന്ന് 4 സയൻസ് വിദ്യാർത്ഥികൾ അടങ്ങുന്ന ഒരു ടീമിനാണ് സ്കൂളിനെ പ്രതിനിധീകരിച്ച് മത്സരത്തിൽ പങ്കെടുക്കാവുന്നത്. 1,2,3 സ്ഥാനം ലഭിക്കുന്ന ടീമുകൾക്ക് യഥാക്രമം 12000/-, 8000/-, 6000/- രൂപ വീതം ക്യാഷ് അവാർഡും ട്രോഫിയും ഉണ്ടായിരിക്കുന്നതാണ്. 4,5,6 സ്ഥാനം നേടുന്ന ടീമുകൾക്ക് 4000/- രൂപ വീതം പ്രോത്സാഹന സമ്മാനവും നൽകുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് : പ്രൊഫ. ജോമി ജോസ് - 9495146970, പ്രൊഫ. ഷിജിത്ത് തോമസ് - 9847151817

## സ്പെല്ലിംഗ് ബീ കോംമ്പറ്റീഷൻ 2019

മുൻ വർഷങ്ങളിൽ നടത്തിയിരുന്നതുപോലെ ഈ വർഷവും നവംബർ മാസത്തിൽ Spelling Bee Competition നടത്തുന്നു. ഈ വർഷം കണ്ണൂർ, കാസറഗോഡ് ജില്ലകൾക്കായി 22.11.2019ന് ചെമ്പേരി എൻജിനീയറിംഗ് കോളേജിലും, വയനാട് ജില്ലയിൽ 15.11.2019ന് മാനന്തവാടി കണിയാരം ഫാ. ജി.കെ.എം ഹയർസെക്കന്ററി സ്കൂളിലും, കോഴിക്കോട് ജില്ലയിൽ 08.11.2019ന് താമരശ്ശേരി അൽഫോൻസ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ചും നടത്തപ്പെടുന്നു. ഹയർസെക്കണ്ടറി സ്കൂളിലെ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 5 വിദ്യാർത്ഥികൾക്ക് പങ്കെടുക്കാവുന്നതാണ്. മത്സരം വ്യക്തിപരമായിരിക്കും. മൂന്ന് സെന്ററുകളിലും ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടുന്ന കുട്ടികൾക്ക് യഥാക്രമം 10,000/-, 7000/-, 5000/- രൂപ വീതം സമ്മാനം നൽകുന്നു. അവസാന റൗണ്ടിൽ എത്തുന്ന ഏഴ്പേർക്ക് 1000/- രൂപ വീതം പ്രോത്സാഹന സമ്മാനവും നൽകുന്നു. ലോക ഭാഷയായ ഇംഗ്ലീഷിനോട് പുതിയ തലമുറയ്ക്ക് ആഭിമുഖ്യം വളർത്തുക എന്ന ലക്ഷ്യത്തോടെ അന്തർദേശീയതലത്തിൽ നടത്തപ്പെടുന്ന ഒരു മത്സര ഇനമാണ് Spelling Bee Competition. പങ്കെടുക്കാനാഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 15.11.2019ന് മുമ്പായി പേരും, സ്ഥാപനത്തിന്റെ പേരും spellingbee@vjec.ac.in എന്ന മെയിൽ ഐഡിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. മത്സരത്തിന് വരുമ്പോൾ സ്ഥാപനമേധാവിയിൽനിന്നും സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്. ഒരാൾക്ക് ഏതെങ്കിലും ഒരു കേന്ദ്രത്തിൽ മാത്രമേ പങ്കെടുക്കാൻ കഴിയൂ.

## IoT ചലഞ്ച് 2020

വിമൽ ജ്യോതിയിലെ ACM സ്റ്റുഡന്റ് ചാപ്റ്ററും, i3India ടെക്നോളജീസും, ഐ.ഐ.റ്റി ബോംബെയുടെ ആകാർ എന്ന പ്രോഗ്രാമും സംയുക്തമായി സംഘടിപ്പിക്കുന്ന IoT Challenge 2020 എന്ന ബൃഹത് പദ്ധതിയുടെ പ്രാഥമിക പരിശീലനം 2019 സെപ്തംബർ 28,29 തീയതികളിൽ കോളേജിൽവച്ച് നടത്തി.

## റെഡ്ഹാറ്റ് സർട്ടിഫിക്കേഷൻ

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ്, ലോകത്തിലെ പ്രശസ്തമായ

കമ്പ്യൂട്ടർ സോഫ്റ്റ്വെയർ നിർമ്മാതാക്കളായ റെഡ്ഹാറ്റ് ടെക്നോളജീയുമായി സഹകരിച്ച്, ആദ്യമായി ഒരു സർട്ടിഫിക്കേഷൻ പ്രോഗ്രാം (R H C S A ) കോളേജിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി സംഘടിപ്പിക്കുകയുണ്ടായി.

## വിമൽ ജ്യോതി പൂർവ്വ വിദ്യാർത്ഥി സംഗമം

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലെ പൂർവ്വ വിദ്യാർത്ഥികളുടെ സംഗമം 2019 ഒക്ടോബർ 12ന് തളിപ്പറമ്പ് സെന്റ് മേരീസ് ചർച്ച് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. വിമൽ ജ്യോതിയുടെ സ്ഥാപക ചെയർമാൻ മോൺ. മാത്യു എം ചാലിൽ ദീപം തെളിയിച്ച് ചടങ്ങ് ഉദ്ഘാടനം ചെയ്തു.

## വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസർച്ച്

വിമൽ ജ്യോതി എം.ബി.എ കോളേജിലെ വിദ്യാർത്ഥികൾക്കായി Team Medcity International Academy എന്ന സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ഏകദിന സെമിനാർ സംഘടിപ്പിക്കപ്പെട്ടു. 'വിദേശരാജ്യങ്ങളിൽ എം.ബി.എ വിദ്യാർത്ഥികൾക്കുള്ള ജോലിസാദ്ധ്യതകൾ' എന്നതായിരുന്നു വിഷയം.

## വേൾഡ് ഹാർട്ട് ഡേയിൽ ബോധവത്കരണ ക്ലാസ് നടത്തി

29.10.2019ന് World Heart Day പ്രമാണിച്ച് റവ സി. ഡോ. ലൂസിയ ജോർജ്ജിന്റെ നേതൃത്വത്തിൽ ഒരു ബോധവത്കരണ ക്ലാസ് നടത്തി. ഹൃദയാരോഗ്യ സംരക്ഷണവും ശ്രദ്ധിക്കേണ്ട കാര്യങ്ങളും എന്നതായിരുന്നു പ്രതിപാദ്യവിഷയം.

## ഗാന്ധിജയന്തി ദിനത്തിൽ ശുചീകരണ പ്രവർത്തനം നടത്തി

ഒക്ടോബർ 2 - രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് റാലിയും സാമൂഹ്യബോധവത്കരണ പരിപാടിയും നടത്തി. കോളേജിന്റെ സമീപ ടൗണും പരിസരങ്ങളും ശുചീകരിച്ചു. പരിസര ശുചിത്വം സംസ്കാരത്തിന്റെ മുഖമുദ്ര എന്നതായിരുന്നു ഉയർത്തിക്കാട്ടിയ ആപ്തവാക്യം.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# നിർമ്മലഗിരി വാർത്തകൾ

## 1. മുഴപ്പിലങ്ങാട് ബീച്ച് ശുചീകരണം

അന്താരാഷ്ട്ര തീരദേശ ശുചീകരണ ദിനത്തിന്റെ ഭാഗമായി നിർമലഗിരി കോളേജ് ജന്തുശാസ്ത്രവിഭാഗം, എൻ.എസ്.എസ്., ഇന്ത്യൻ കോസ്റ്റ് ഗാർഡ് എന്നിവയുടെ ആഭിമുഖ്യത്തിൽ മുഴപ്പിലങ്ങാട് ബീച്ച് ശുചീകരണം നടത്തി. ഡ്രൈവ് ഇൻ ബീച്ചിന്റെ രണ്ടു കീലോമീറ്റർ പരിധിയിൽനിന്നും 350 കിലോ യോളം മാലിന്യങ്ങൾ ശേഖരിച്ചു.

## 2. ഗാന്ധികിസ് 2ഗ19

നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയുടെ 150-ാം ജന്മദിനാചരണത്തിന്റെ ഭാഗമായി ചരിത്രവിഭാഗം ഗാന്ധികിസ് 2K19 സംഘടിപ്പിച്ചു. ഇക്കണോമിക്സ് വിഭാഗത്തിലെ ബിമൽ ബെന്നി, വിഷ്ണു റാജ് എന്നിവരുടെ ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കി. മാത്തമാറ്റിക്സ് വിഭാഗം (റാഫുൽ സജി, റോസ്മേരി സെബാസ്റ്റ്യൻ) രണ്ടാം സ്ഥാനവും, ഇംഗ്ലീഷ് വിഭാഗം മൂന്നാം സ്ഥാനവും (അഭിനന്ദ് കെ., നേഹ ആർ) കരസ്ഥമാക്കി.

## 3. പച്ചക്കറിത്തോട്ടം പ്രവർത്തനോദ്ഘാടനം

ഗാന്ധിജയന്തി ദിനാഘോഷത്തോടനുബന്ധിച്ച് നിർമ്മലഗിരി എൻ.എസ്. എസ്. (25&26) യൂണിറ്റ് ജൈവ പച്ചക്കറിത്തോട്ടം പ്രവർത്തനോദ്ഘാടനവും ഗാന്ധിജയന്തി സന്ദേശവും കോളേജ് ബർസാർ റവ. ഫാ. ഷാജി തെക്കേമുറി നിർവഹിച്ചു. ശുചിത്വദിനാചരണത്തിന്റെ ഭാഗമായി വോളണ്ടിയേഴ്സ് ക്യാമ്പസും പരിസരങ്ങളും വൃത്തിയാക്കി. ഉച്ചയ്ക്കുശേഷം ഒന്നാംവർഷ വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസന ക്ലാസ് പിലാത്തറ കോളേജ് മാനേജ്മെന്റ് സ്റ്റഡീസ് വകുപ്പു മേധാവിയും ട്രെയിനറുമായ ശ്രീ. മനോജ് കെ.വി. നയിച്ചു.

## 4. ഓറിയന്റേഷൻ പ്രോഗ്രാം

നിർമലഗിരി കോളേജ് എൻ.എസ്.എസ്. യൂണിറ്റും (26) കൂത്തുപറമ്പ് പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റും സംയുക്തമായി ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. ചടങ്ങ് കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. ഉദ്ഘാടനം ചെയ്തു. സ്നേഹസ്പർശം പാലിയേറ്റീവ് കെയർ യൂണിറ്റ് ഇൻചാർജ് ഡോ. സി. ടെസി ജോസ്, പ്രസിഡന്റ് ശ്രീ. രാജൻ വി.സി. എന്നിവർ ക്ലാസെടുത്തു. കോളേജിൽ SIPC യൂണിറ്റ് രൂപീകരിച്ചു. ഡോ. ദീപാമോൾ മാത്യു പ്രോഗ്രാമിന് നേതൃത്വം നൽകി.

## 5. വിഷൻ 2020

കൂത്തുപറമ്പ് പോലീസ് സ്റ്റേഷന് നിർമലഗിരി കോളേജ് എൻ.എസ്.എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 30,000 രൂപ വിലവരുന്ന ഫർണിച്ചർ നൽകി. കൂത്തുപറമ്പ് സ്റ്റേഷൻ പരിധിയിലുള്ള അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സൗജന്യ പരീക്ഷാപരിശീലനം നൽകുന്ന പദ്ധതിയായ വിഷൻ 2020ക്ക് വേണ്ടിയാണ് ഫർണിച്ചർ നൽകിയത്.

## 6. ക്വിസ് മത്സര വിജയികൾ

കണ്ണൂർ അഗ്രിഹോർട്ടി കൾച്ചറൽ സൊസൈറ്റി ഗ്രീൻ ലീഫ് സംഘടിപ്പിച്ച ഇന്റർ കോളേജിയേറ്റ് ക്വിസ് മത്സരത്തിൽ നിർമലഗിരി കോളേജ് മൂന്നാം സ്ഥാനം നേടി. ജന്തുശാസ്ത്ര വിഭാഗത്തിലെ ജിഷ്ണു കെ., മനീഷ് ജോർജ് എന്നിവരാണ് കോളേജിനെ പ്രതിനിധീകരിച്ചത്.

വന്യജീവിവാരത്തോടനുബന്ധിച്ച് കേരള ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച ജില്ലാതല ക്വിസ് മത്സരത്തിൽ നിർമലഗിരി കോളേജിലെ ജിഷ്ണു കെ. (സുവോളജി), അഭിനന്ദ് കെ.(ഇംഗ്ലീഷ്) എന്നിവർ ഒന്നാം സ്ഥാനം നേടി.

**പി.ആർ.ഒ., നിർമലഗിരി കോളേജ്**

# ഫ്രാൻസിസ്കൻ അൽമായസഭ
## (എസ്.എഫ്.ഒ.)

### ഏവർക്കും സമാധാനവും സൗഭാഗ്യവും!!!

**ജപമാല ക്യാമ്പ്**

SFO ഇരിട്ടി, ചെമ്പേരി, ചെറുപുഴ എന്നീ റീജിയണുകൾ കേന്ദ്രീകരിച്ച് രണ്ടുദിവസത്തെ ജപമാല കളരി സംഘടിപ്പിച്ചു. എല്ലാ യൂണിറ്റുകൾക്കും നൽകുവാനായി 2000 മണികൾ ഉള്ള ജപമാലകൾ കെട്ടുകയും, അംഗങ്ങൾക്ക് ജപമാല കെട്ടുവാൻ പരിശീലനം നൽകുകയും ചെയ്തു.

**അഖണ്ഡ ജപമാല**

ഇരട്ടി റീജിയണിൽ ഉൾപ്പെട്ട കല്ലുവയൽ, തേർമല, ഉളിക്കൽ, വെളിമാനം, മാങ്ങോട്, കൊട്ടിയൂർ, ചുങ്കക്കുന്ന് ഭാതൃത്വങ്ങളിലും ചെമ്പേരി റീജിയണിൽ ഉൾപ്പെട്ട ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി, ചന്ദനക്കാംപാറ, ഏറ്റുപാറ, കുടിയാൻമല, തടിക്കടവ്, പാത്തൻപാറ, വായാട്ട്പറമ്പ് എന്നീ ഭാതൃത്വങ്ങളിലും ചെറുപുഴ റീജിയണിൽ ഉൾപ്പെട്ട ചെറുപുഴ, തിരുമേനി, കൂരാംകുണ്ട്, പാടിച്ചാൽ, മുളപ്ര, താബോർ എന്നീ ഭാതൃത്വങ്ങളിലും പുതിയതായി കെട്ടിയ 2000 മണികളുള്ള ജപമാല ആത്മീയ സഹായിയോടൊപ്പം റീജയൺ പ്രതിനിധികൾ വിതരണം ചെയ്യുകയുണ്ടായി. പ്രസ്തുത ഇടവകകളിലെല്ലാം SFO യുടെ നേതൃത്വത്തിൽ അഖണ്ഡ ജപമാലയും ദിവ്യകാരുണ്യ ആരാധനയും നടത്തി.

**ന്യൂമിഷൻ**: അഭിവന്ദ്യപിതാവ് അൽമായസഭയെപ്പറ്റി സർക്കുലറിൽ പരാമർശിച്ചതിന്റെ പശ്ചാത്തലത്തിൽ ന്യൂമിഷന്റെ ഭാഗമായി നിലവിൽ ഭാതൃത്വങ്ങൾ ആരംഭിക്കാത്ത ഇടവകകളിൽ റീജയണുകളുടെ നേതൃത്വത്തിൽ ബഹു: വികാരിയച്ചൻമാരെ സന്ദർശിച്ചു.

**ചെമ്പേരി റീജയൺ:** റവ. ഫാ. ശ്രുതിൻ കളപ്പുര Cap., സി. മേരിക്കുട്ടി അഴകത്ത് എന്നിവരുടെ നേതൃത്വത്തിൽ ആലക്കോട്, മേരിഗിരി, വായാട്ടുപറമ്പ്, ചെമ്പന്തൊട്ടി, പൈസക്കരി. ഫൊറോനകളിലെ ഇടവകകളിലും ചെറുപുഴ റീജയൺ റവ. ഫാ ജോജോ മണിമല Cap, സി മോളി മൂലെമുറിയിൽ എന്നിവരുടെ നേതൃത്വത്തിൽ തോമാപുരം, വെള്ളരിക്കുണ്ട്, കാഞ്ഞങ്ങാട് ഫൊറോനകളിലെ ഇടവകകളിലും ഇരിട്ടി റീജയൺ റവ. ഫാ. വിൻസെന്റ് മേക്കാട്ട്കുളം Cap ന്റെ നേതൃത്വത്തിൽ എടൂർ, കുന്നോത്ത്, പേരാവൂർ, നെല്ലിക്കാംപൊയിൽ ഫൊറോനകളിലെ ഇടവകകളിലും ന്യൂമിഷന്റെ ഭാഗമായി പോവുകയും ബഹു. വികാരിയച്ചൻമാരുമായി ചർച്ച ചെയ്യുകയും ചെയ്തു.

സാഹോദര്യപൂർവ്വം,

**ഫാ. ജോൺ ബോസ്കോ താന്നിക്കപ്പാറ, കപ്പൂച്ചിൻ**

അതിരൂപതാ ആത്മീയ സഹായി

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി



## തലശ്ശേരി സെൻട്രൽ കൗൺസിൽ



### കുന്നോത്ത് എ.സി. വാർഷികം

കുന്നോത്ത് എ.സിയുടെ 2018-19 വർഷത്തെ വാർഷികം 26-9-2019-ന് വ്യാഴാഴ്ച 2 മണിക്ക് മുടയിരഞ്ഞി സെന്റ് ജോസഫ് പള്ളിയിൽ വെച്ച് നടത്തി. കരണകൊന്തയ്ക്ക്ശേഷം 2.30ന് വാർഷിക സമ്മേളനം ആരംഭിച്ചു. കുന്നോത്ത് എ.സി. പ്രസി. ബ്ര. ജോസ് വാണിയക്കിഴക്കേൽ അദ്ധ്യക്ഷത വഹിച്ച വാർഷിക സമ്മേളനത്തിൽ, കുന്നോത്ത് സെന്റ് തോമസ് ഫൊറോന വികാരി വെരി. റവ. ഫാ. അഗസ്റ്റിൻ പാണ്ട്യമാക്കൽ ഉദ്ഘാടനം ചെയ്തു. തലശ്ശേരി സി.സി. പ്രസി. ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ മുഖ്യപ്രഭാഷണം നടത്തി. മുടയിരഞ്ഞി സെന്റ് ജോസഫ് ഇടവക വികാരി റവ. ഫാ. ജോർജ് ചിറയിൽ, സി.സി. മുൻ സിക്രട്ടറി ബ്ര. ദേവസ്യ കളരിക്കൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. 16 കോൺഫ്രൻസുകളിൽ നിന്നായി 90 അംഗങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തു.

### സെന്റ് വിൻസെന്റ് ഡി പോൾ അനുസ്മരണ തിരുനാൾ ദിനാചരണം

സെന്റ് വിൻസെന്റ് ഡിപോൾ അനുസ്മരണ തിരുനാൾ 2019 സെപ്റ്റംബർ 26-ാം തീയതി വ്യാഴാഴ്ച മാടത്തിൽ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിലെ മെറിലാക്ക് മഠത്തിൽ വെച്ച് ആചരിക്കുകയുണ്ടായി. വൈകുന്നേരം 5.30ന് തലശ്ശേരി അതിരൂപതാ വികാരി ജനറാൾ വെരി. റവ. ഫാ. അലക്സ് താരാമംഗലം, റവ. ഫാ. റോയി കൊച്ചാപ്പള്ളി എന്നിവർ ചേർന്ന് ആഘോഷമായ ദിവ്യബലിയർപ്പിച്ചു. അതിനുശേഷം അവിടുത്തെ അന്തേവാസികളോടൊപ്പം ഒത്തുകൂടുകയും റോയി അച്ചൻ സന്ദേശം നൽകുകയും ജനറാളച്ചൻ പ്രാർത്ഥനാ ശുശ്രൂഷ നടത്തുകയും ചെയ്തു.

### എടൂർ എ.സി. - വാർഷികവും കുടുംബസംഗമവും

എടൂർ എ.സിയുടെ 41-മത് വാർഷികവും കരിക്കോട്ടക്കരി സെന്റ് തോമസ് കോൺഫ്രൻസിന്റെ 45-ാമത് വാർഷികവും, സെന്റ് മേരീസ് വനിതാ കോൺഫ്രൻസിന്റെ 6-ാംമത് വാർഷികവും, കുടുംബസംഗമവും 8-10-19ന് കരിക്കോട്ടക്കരി സെന്റ് തോമസ് പാരീഷ് ഹാളിൽ വെച്ച് സംയുക്തമായി നടത്തപ്പെട്ടു. എടൂർ എ.സി പ്രസി. ബ്ര. മൈക്കിൾ പൊടിമറ്റത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം എടൂർ സെന്റ് മേരീസ് ഫൊറോന വികാരി റവ. ഫാ. ആന്റണി മുതുകുന്നേൽ ഉദ്ഘാടനം ചെയ്തു. കരിക്കോട്ടക്കരി സെന്റ് തോമസ് ഇടവകാ വികാരി റവ. ഫാ. ആന്റണി പുന്നൂർ അനുഗ്രഹ പ്രഭാഷണം നടത്തി. തലശ്ശേരി സി.സി. പ്രസി. ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ മുഖ്യ പ്രഭാഷണം നടത്തി.

സ്നേഹപൂർവ്വം,

**ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ**

സി.സി. പ്രസിഡന്റ്

# പ്രതീക്ഷ പുനരധിവാസ ചികിത്സാകേന്ദ്രം

## മാനേജിംഗ് കമ്മിറ്റി

സെപ്തംബർ 24-ാം തീയതി മാനേജിംഗ് കമ്മിറ്റി ചേർന്നു. ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലെ പ്രവർത്തനങ്ങളെ വിലയിരുത്തി. പ്രതീക്ഷാ സൊസൈറ്റിക്ക് പുതിയ പി.ആർ.ഒ. ആയി അഡ്വ. മനോജ് എം.കണ്ടത്തിലിനെ നിയമിച്ചു. 36-ാം വാർഷികം നവംബർ ആദ്യഞായറാഴ്ച നടത്തുന്നതിനും തീരുമാനിച്ചു. യോഗത്തിൽ സണ്ണി പായിക്കാട്ട്, മാത്യു എം. കണ്ടത്തിൽ, അബ്രാഹം പാരിക്കപ്പള്ളിൽ, സിസ്റ്റർ എമിലി, സെബാസ്റ്റ്യൻ പെരുമ്പുഴ, തങ്കച്ചൻ കൊല്ലക്കൊമ്പിൽ, റോസിലി കാരിക്കക്കുന്നേൽ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

## ലോക ഹൃദയദിനം ആചരിച്ചു

പ്രതീക്ഷയിൽ നടത്തിയ ലോകഹൃദയദിന പരിപാടികൾക്ക് ഡയറക്ടർ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡണ്ട് എ.കെ. രമ്യ സമ്മേളനം ഉദ്ഘാടനം ചെയ്തു. നഴ്സ് സുഷുംന, ഫാ. ജോൺസൺ അന്ത്യാംകുളം എന്നിവർ ആരോഗ്യ പരിപാലനത്തിൽ ഹൃദയത്തിന്റെ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ക്ലാസ്സെടുത്തു. നഴ്സ് ജ്യോതിസ് സ്വാഗതവും കൗൺസിലർ സിസ്റ്റർ ഷാന്റി നന്ദിയും പറഞ്ഞു.

## ലോക വയോജന ദിനാചരണവും ലഹരി വിമോചന ജീവിതവും

പാനൂർ പോലീസ് സ്റ്റേഷൻ അതിർത്തിയുള്ള വയോജനങ്ങളുടെ സംഗമം പാനൂർ സി.ഐ. ശ്രീജിത്ത് ഉദ്ഘാടനം ചെയ്തു. പ്രതീക്ഷാ, ഡയറക്ടർ-റിട്ടയേർഡ് ജീവിതത്തിലെ മാനസിക സംഘർഷങ്ങളും അവയ്ക്കുള്ള പ്രശ്നപരിഹാരങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു.

## ആൽക്കഹോളിക് അനോനിമസ് സംഗമം

പ്രതീക്ഷാ കേന്ദ്രത്തിൽ വച്ച് ലഹരിവിമുക്ത കുടുംബങ്ങളുടെ സംഗമം ഒക്ടോബർ 6-ാം തീയതി സംഘടിപ്പിക്കപ്പെട്ടു. ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ വി. ബലിയർപ്പിക്കുകയും സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. യോഗത്തിൽ ഫാ. ഡയറക്ടർ അധ്യക്ഷത വഹിച്ചു. കുടുംബജീവിതത്തിൽ പുലരേണ്ട വ്യക്തിബന്ധത്തിന്റെ മനഃശാസ്ത്രത്തെക്കുറിച്ച് സി.വി. ഷംസുദീൻ ക്ലാസ്സെടുത്തു. സി. തെരേസ്, ടി.സി. തോമസ്, സിസ്റ്റർ ഷാന്റി തുടങ്ങിയവർ പ്രസംഗിച്ചു. ചികിത്സകഴിഞ്ഞ് ഒന്നാംവാർഷികം ആചരിക്കുന്നവരെ പ്രത്യേകം ആദരിച്ചു. തുടർന്ന് ഗ്രൂപ്പ് കൗൺസിലിംഗും നടത്തപ്പെട്ടു.

**വൊക്കേഷണൽ ട്രെയിനിംഗ്:**പ്രതീക്ഷാ സ്റ്റാഫിനും ചികിത്സാർത്ഥികൾക്കുമായി ടി.എസ്.എസ്.എസ്. സ്റ്റാഫ് ലിസി ജിജിയുടെ നേതൃത്വത്തിൽ സോപ്പുനിർമ്മാണവുമായി ബന്ധപ്പെട്ട് ഏഴിന പരിശീലന പരിപാടി നടത്തി. സിസ്റ്റർ തെരേസ് വൊക്കേഷണൽ ട്രെയിനിംഗ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഉദ്ഘാടനം നിർവഹിച്ചു. ജോയി മണ്ടപത്തിക്കുന്നേൽ സ്വാഗതവും സിസ്റ്റർ ഷാന്റി നന്ദിയും പറഞ്ഞു.

**150-ാം ഗാന്ധിജയന്തി ആചരണം :** എൻ.ജി.ഒ. യുടെ ആവശ്യപ്രകാരം ചികിത്സാകേന്ദ്രത്തിൽവച്ച് 150-ാം ഗാന്ധിജയന്തി ആചരണസമ്മേളനവും പരിസരശുചീകരണവും ഗാന്ധി മെഗാക്വിസും സംഘടിപ്പിക്കപ്പെട്ടു. ക്വിസ് മത്സരത്തിൽ മനു മാത്യു, ബെന്നി പൊന്നാട്ട്, സുഷുംന എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

**ബോധവത്ക്കരണ ക്ലാസ്സ് :** വടകര മേമുണ്ട ഹയർസെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തപ്പെട്ട ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസിന് ഫാ. ഡയറക്ടർ, സിസ്റ്റർ തെരേസ്, സി. എത്സീന, സി. ഷാന്റി, മനു മാത്യു എന്നിവർ നേതൃത്വം നൽകി.

**R.R.T.C പരിശീലനം:** ചങ്ങനാശ്ശേരിയിൽവച്ച് നടത്തപ്പെട്ട EAT module പരിശീലനപരിപാടിയിൽ ജിൻസി ജോർജ്, സി. എത്സീന എന്നിവർ സംബന്ധിച്ചു.

**ബോധവത്ക്കരണ ക്ലാസ്സ് :** ചെമ്പേരി നിർമ്മല ഹയർ സെക്കണ്ടറി ഗൈഡ്സിന് പ്രതീക്ഷാ കേന്ദ്രത്തിൽ ഏകദിന ബോധവത്ക്കരണ പരിപാടി നടത്തി. ലഹരി ലോകത്തിൽനിന്നും മാറിനില്ക്കുന്ന വിദ്യാർത്ഥി ലോകത്തെക്കുറിച്ച് ഫാ. ഡയറക്ടർ ക്ലാസ്സെടുത്തു. തുടർന്ന് ചർച്ചയും കലാപരിപാടികളും സംഘടിപ്പിച്ചു.

**ലോക മാനസികാരോഗ്യദിനാചരണം:** പ്രതീക്ഷാ ചികിത്സാ കേന്ദ്രവും കതിരൂർ ജനമൈത്രി പോലീസും ചേർന്ന് പ്രതീക്ഷാ കേന്ദ്രത്തിൽവച്ച് ലോക മാനസികാരോഗ്യദിന പരിപാടികൾ നടത്തി. ഫാ. ഡയറക്ടറിന്റെ അധ്യക്ഷതയിൽ ചേർന്ന ദിനാചരണ പരിപാടികളിൽ ജനമൈത്രി ജില്ലാ കോ-ഓഡിനേറ്റർ കെ.ശ്രീനിവാസൻ ക്ലാസ്സെടുത്തു. കതിരൂർ ഓഫീസർ സനോജ് സി.പി. സ്വാഗതവും സി. തെരേസ് നന്ദിയും പറഞ്ഞു.

**മാനേജിംഗ് കമ്മിറ്റി :** ഒക്ടോബർ 16-ന് മാനേജിംഗ് കമ്മിറ്റി ചേർന്നു. വാർഷികാഘോഷവും ഫയർ ആന്റ് സേഫ്റ്റി സംവിധാനങ്ങളുടെ നടത്തിപ്പിനെക്കുറിച്ച് ചർച്ചയും നടത്തി.

**അറിയിപ്പ് :** നവംബർ 3-ാം തീയതി, പ്രതീക്ഷയുടെ 36-ാമത് വാർഷികാഘോഷങ്ങൾ നടത്തപ്പെടുന്നു. കണ്ണൂർ ജില്ല കളക്ടർ ടി.വി. സുഭാഷ്, മാർ ജോസഫ് പാംപ്ലാനി, എ.എൻ. ഷംസീർ എം.എൽ.എ, സാമൂഹ്യനീതി ഓഫീസർ പി.പി. നാരായണൻ, ഫാ. തോമസ് തൈത്തോട്ടം എന്നിവർ മുഖ്യാതിഥികളായിരിക്കും. 9 മണിക്കുള്ള വി. കുർബാനയ്ക്കുശേഷം കൃത്യം 10.30ന് പരിപാടികൾ ആരംഭിക്കും. ഉച്ചതിരിഞ്ഞ് 2 മണിക്ക് അവസാനിക്കുന്നതായിരിക്കും. ഈ മാസികയുടെ മാന്യവായനക്കാർ പ്രാർത്ഥിച്ച് അനുഗ്രഹിക്കണമേ. പ്രതീക്ഷയുടെ മുൻ ചികിത്സാർത്ഥികളെ കണ്ടെത്തി പങ്കെടുപ്പിക്കുവാൻ, പറഞ്ഞുവിടുവാൻ ശ്രദ്ധിക്കണേ

**ഫാ.ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ

# എ.ഡി.എസ്.യു.

## എ.ഡി.എസ്.യു ലഹരിവിരുദ്ധ കലോത്സവം

17-ാമത് എ.ഡി.എസ്.യു. കലോത്സവം 2019 ഒക്ടോബർ 12-ന് ചെമ്പേരി നിർമ്മല സ്കൂളിൽ വച്ച് നടത്തി. എ.ഡി.എസ്.യൂ പ്രസിഡന്റ് സഞ്ജയ് ഷാജി പതാക ഉയർത്തി. തുടർന്ന് നടന്ന സമ്മേളനത്തിൽ നിർമ്മല സ്കൂൾ മാനേജരും ചെമ്പേരി ഫൊറോന ദേവാലയ വികാരിയുമായ റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട് നിലവിളക്ക് തെളിച്ച് കലോത്സവം ഉദ്ഘാടനം ചെയ്തു.

ഉദ്ഘാടന സമ്മേളനത്തിന് സഞ്ജയ് ഷാജി അധ്യക്ഷത വഹിച്ചു. പി. എ. ജോർജ് പാരിക്കാപ്പള്ളി സ്വാഗതവും എ.ഡി.എസ്.യൂ അതിരൂപതാ ഡയറക്ടർ റവ. ഡോ. ജോൺസൺ അന്ത്യാംകുളം ആമുഖ പ്രഭാഷണവും നടത്തി. എ.ഡി. എസ്.യു. വൈസ് പ്രസിഡന്റ് കുമാരി മെറിൻ ഇഗ്നേഷ്യസ് ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

നിർമ്മല ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ മാത്യു ജോസഫ്, യു. പി. സ്കൂൾ മുഖ്യാധ്യാപിക സിസ്റ്റർ ലിസിപോൾ, എ.ഡി.എസ്.യു. ചീഫ് ഓർഗനൈസർ അഡ്വ. മനോജ് എം. കണ്ടത്തിൽ, എ.ഡി.എസ്.യു ചീഫ് ആനിമേറ്റർ ആൽബിൻ മണ്ടുംപാല എന്നിവർ പ്രസംഗിച്ചു. വിദ്യാർത്ഥികളിൽ ലഹരിവിരുദ്ധ മനോഭാവമുണ്ടാക്കി അവരെ ലഹരിയുടെ പിടിയിലകപ്പെടാതെ രക്ഷിക്കുക എന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന കലോത്സവത്തിൽ വിവിധ കലാമത്സരങ്ങളിൽ കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ നൂറോളം സ്കൂളുകളിൽ നിന്നെത്തിയ 800-ൽ പരം വിദ്യാർത്ഥികൾ പങ്കെടുത്തു.

സമാപന സമ്മേളനത്തിൽ കുമാരി മെറിൻ ഇഗ്നേഷ്യസ് സ്വാഗതവും തലശ്ശേരി അതിരൂപതാ കോർപ്പറേറ്റ് മാനേജർ റവ. ഫാ. മാത്യു ശാസ്താംപടവിൽ സമാപന സന്ദേശവും ഏറ്റവും കൂടുതൽ പോയിന്റുകൾ സ്കോർ ചെയ്ത സ്കൂളുകൾക്കുള്ള റോളിംഗ് ട്രോഫിയും വിജയികളായ കലാപ്രതിഭകൾക്കുള്ള വ്യക്തിഗത സമ്മാനങ്ങളും വിതരണം ചെയ്തു.

എവർ റോളിംഗ് ട്രോഫികളും സമ്മാനങ്ങളും കരസ്ഥമാക്കിയ സ്കൂളുകളെയും കുട്ടികളെയും ആനിമേറ്റർമാരേയും പ്രാധാനധ്യാപകരെയും അഭിനന്ദിക്കുന്നു. ചീഫ് ആനിമേറ്റർ ആൽബിൻ മണ്ടുംപാല എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു.

## എ.ഡി. എസ്.യു. കലോത്സവത്തിൽ സ്കൂൾ തലത്തിൽ റോളിംഗ് ട്രോഫി കരസ്ഥമാക്കിയ സ്കൂളുകൾ:

**എൽപി വിഭാഗം :** സെന്റ് തോമസ് എൽ.പി. എസ്. എസ് തോമാപുരം, ശ്രീ. ആന്റണി ഇടയാട്ടുപള്ളിൽ സ്മാരക റോളിംഗ് ട്രോഫി.

**യുപിഎസ് വിഭാഗം:** സെന്റ് ജോസഫ് യു.പി. എസ്. വായാട്ടുപറമ്പ, ശ്രീ.

പി.ജെ. ജോൺമാസ്റ്റർ സ്മാരക റോളിംഗ് ട്രോഫി.

**എച്ച്എസ്വിഭാഗം:** സെന്റ് ജോസഫ് എച്ച്.എസ്. കുന്നോത്ത്, ശ്രീ. ഫ്രാൻസിസ് കോക്കാട്ട് സ്മാരക റോളിംഗ് ട്രോഫി.

**എച്ച്എസ്എസ് വിഭാഗം:** സെന്റ് ജോസഫ് എച്ച്.എസ്.എസ് വായാട്ടുപറമ്പ, സെന്റ് മേരീസ് എച്ച്.എസ്. തോമാപുരം, ശ്രീമതി റോസമ്മ പുന്നയ്ക്കൽ എവർ റോളിംഗ് ട്രോഫി.

**ക്വിസ് മത്സരം: റോളിംഗ് ട്രോഫി കരസ്ഥമാക്കിയ സ്കൂളുകൾ**
I$^{st}$ സെന്റ് ജോസഫ് എച്ച്.എസ്. കുന്നോത്ത്, II$^{nd}$ സേക്രട്ട് ഹാർട്ട് എച്ച്.എസ്. അങ്ങാടിക്കടവ്.

**സ്കിറ്റ്:**
I$^{st}$ സെന്റ് ജോസഫ് എച്ച്.എസ്. കുന്നോത്ത്, II$^{nd}$ സെന്റ് ജോസഫ് എച്ച്.എസ്. പേരാവൂർ

**കൈയ്യെഴുത്ത് മാസിക:** I$^{st}$ സെന്റ് ജോസഫ് എച്ച്.എസ്.എസ്. പേരാവൂർ- 'എസ്കേപ്', II$^{nd}$സേക്രട്ട് ഹാർട്ട് എച്ച്.എസ്.എസ്. അങ്ങാടിക്കടവ്-'മൂവരെ' III$^{rd}$സെന്റ് ജോസഫ് എച്ച്.എസ്.എസ്. എടൂർ -'മുക്തി'

**2017-18 വർഷത്തിൽ ബെസ്റ്റ് സ്കൂൾ അവാർഡ് കരസ്ഥമാക്കിയ സ്കൂളുകൾ**
**എൽപിഎസ് വിഭാഗം** : മഞ്ഞളാപുരം എൽ.പി. എസ്. കേളകം, ശ്രീമതി ത്രേസ്യാമ്മ ഫ്രാൻസീസ് കോക്കാട്ട് സ്മാരക റോളിംഗ് ട്രോഫി.

**യുപിഎസ് വിഭാഗം:** സെന്റ് ജോസഫ് യു.പി.എസ്. പേരാവൂർ
തലശ്ശേരി കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസി റോളിംഗ് ട്രോഫി.

**എച്ച്എസ് വിഭാഗം:** സെന്റ് ജോസഫ് എച്ച്.എസ്. കുന്നോത്ത്, റവ. ഫാ. തോമസ് തൈത്തോട്ടം പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരക റോളിംഗ് ട്രോഫി.

**എച്ച് എസ്എസ് വിഭാഗം:** സെന്റ് തോമസ് എച്ച്.എസ്.എസ്. തോമാപുരം, ആർച്ച് ബിഷപ്പ് എമിരറ്റസ് മാർ ജോർജ് വലിയമറ്റം. പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരക റോളിംഗ് ട്രോഫി.

**എ.ഡി.എസ്.യു കലോത്സവം**
**എൽ.പി.എസ്. റിസൽട്ട് - വാക്സ് ക്രയോൺസ്**
I$^{st}$ സെബാസ്റ്റ്യൻ ജോസ്-മഞ്ഞളാപുരം II$^{nd}$ മെറിൻ സിബിച്ചൻ-അങ്ങാടിക്കടവ്
III$^{rd}$ആൻമരിയ തോമസ്-പാലാവയൽ III$^{rd}$ ഹരിനന്ദ സാബു-കല്ലുവയൽ

**പെൻസിൽ ഡ്രോയിംഗ്**
I$^{st}$ക്രിസ്റ്റി സെബാസ്റ്റ്യൻ-കുടിയാൻമല II$^{nd}$ ജോസ്മിൻ ഷൈൻ മനോജ് -തോമാപുരം
III$^{rd}$ ജാനീസ് സജി-ചെമ്പൻതൊട്ടി III$^{rd}$ആദിഷ് കെ.എസ്.-തോമാപുരം

**പ്രസംഗം**

Ist ദിയ അൽഫോൻസ ഷെറിൻ-വയത്തൂർ IInd എഡ്‌വിൻ സനീഷ്-ഉദയഗിരി

IIIrd അനന്യ സുനിൽ-പുലിക്കുരുമ്പ IIIrd ആൻമരിയ തോമസ്-പാലാവയൽ

**കവിതാപാരായണം**

Ist ഷിയോണ ആൽ ജോസഫ് -തോമാപുരം IInd അമേയ കൃഷ്ണ - കുന്നോത്ത്

IIIrd രൂപിക ഹരി - വെള്ളരിക്കുണ്ട് IIIrd മാളവിക ഡി. - ഉദയഗിരി

**മോണോ ആക്ട് :** Ist വൈഗ വിജേഷ് - കുന്നോത്ത്

IInd വിഷ്ണു പ്രിയ - വെള്ളരിക്കുണ്ട് IIIrd എയ്ഞ്ചൽ മരിയ - അങ്ങാടിക്കടവ്

**യു.പി.എസ്. റിസൽട്ട് - പോസ്റ്റർ രചന:** Ist റോസ് മേരി അലോഷ്യസ് -കാരുള്ളടുക്കം IInd ജിയോ വർഗ്ഗീസ്-തോമാപുരം IIIrd വൈഭവ് കെ.വി.-തേർത്തല്ലി

**കാർട്ടൂൺ:** Ist ഫെബിന മേരി വിത്സന്റ്-ചെമ്പേരി

IInd മരീന ടോജോ-പാലാവയൽ IIIrd ലിയോ ഷൈൻ-ചന്ദനയ്ക്കാംപാറ

**കവിതാപാരായണം:** Ist റോയൽ റോയി-കരിക്കോട്ടക്കരി

IInd ആഗ്നസ് ബിനോയ് -മണിക്കടവ് IIIrd കെസിയ രാഗേഷ്-തോമാപുരം

IIIrd അമൽഡാ സാബു-കാരുള്ളടുക്കം IIIrd ആൻസിൻ തോമസ്-പുലിക്കുരുമ്പ

**മോണോ ആക്ട്**

Ist ടിയ ജേക്കബ്-മണിക്കടവ് IInd എലിസബത്ത് തോമസ്-കുന്നോത്ത്

IIIrd ലിസ് മരിയ റൈജു-അങ്ങാടിക്കടവ് IIIrd അശ്വന്ത് ഷാജി-കരിക്കോട്ടക്കരി

**പ്രസംഗം**

Ist ആദിത്യൻ സുനിൽ-പുലിക്കുരുമ്പ IInd അന്ന.പി. ടോം-വായാട്ടുപറമ്പ

IIIrd അൽന തോമസ്-കേളകം IIIrd അലീന തെരേസ സെബാസ്റ്റ്യൻ-പൈസക്കരി

**കഥാപ്രസംഗം:** Ist അനീറ്റ തെരസ് കുര്യൻ-കുന്നോത്ത്

Ind താരാ മനു-വായാട്ടുപറമ്പ IIIrd റോസ് മോൾ റോയി-തൊണ്ടിയിൽ

**നോട്ടീസ് നിർമ്മാണം**

Ist നിയമേരി തോമസ്-വായാട്ടുപറമ്പ IInd അനന്യ സുരേഷ് - ചെമ്പൻതൊട്ടി

IIIrd ആഷീഷ് ടോമി-കരിക്കോട്ടക്കരി IIIrd ജിയ ബിനു-വായാട്ടുപറമ്പ്

**എച്ച്.എസ്.റിസൽട്ട്-പ്രബന്ധ രചന** : Ist നീനു പി.ഷാജി പേരാവൂർ

IInd ഷിജിന ഷൈജു-മണിക്കടവ് IIIrd അനീന മരിയ ജോസഫ്-കരിക്കോട്ടക്കരി

IIIrd അൽഫോൻസ. സി.സി.-കിളിയന്തറ

**കാർട്ടൂൺ**

Ist ഓസ്റ്റിൻ ബെന്നി-വെള്ളരിക്കുണ്ട് IInd അഭിഷേക് റോജി-പേരാവൂർ

IIIrd അഭിനവ് ലാൽ-കുന്നോത്ത് IIIrd ക്രിസ്റ്റോ ജോൺ-കുടിയാൻമല

**കവിതാ രചന**

Ist അൻസിയ കെ.ടോമി-കടുമേനി IInd ആനി പോൾ-പുലിക്കുരുമ്പ

III[rd] ശ്രേയ ട്രീസാ-കുനനോത്ത് III[rd] മിഥുന രാജൻ-അങ്ങാടിക്കടവ്

**സ്കിറ്റ് :** I[st] അലീന മാരിയ & പാർട്ടി-കുന്നോത്ത്
II[nd] അഭയ് വി.കെ. & പാർട്ടി-പേരാവൂർ III[rd] ഫെബിൻ പ്രിൻസ് ടോം & പാർട്ടി-ചെമ്പേരി
III[rd] ഗോപിക പ്രദീഷ് & പാർട്ടി – വായാട്ടുപറമ്പ

**കഥാപ്രസംഗം**
I[st] ടീന ജേക്കബ്-മണിക്കടവ് II[nd] ആഷ്‌ലി മാത്യു-അങ്ങാടിക്കടവ്
III[rd] ദിവ്യ വി.എസ്.-വെള്ളരിക്കുണ്ട് III[rd] ആൽസന ആന്റണി-പേരാവൂർ

**മോണോ ആക്ട് :** I[st] ഷിജിന ഷൈജു-മണിക്കടവ്
II[nd] സാനിയ ജോസ്-വെള്ളരിക്കുണ്ട് III[rd] അഷിക ഷാജി-കുന്നോത്ത്

**പ്രസംഗം :** I[st] ജാസ്മിൻ സുരേഷ്-അങ്ങാടിക്കടവ്
II[nd] റോസ് മരിയ ബാബു-തോമാപുരം III[rd] റിച്ച റോസ് സോണി-എടൂർ

**ക്വിസ്സ് :** I[st] എയ്ഞ്ചൽ അൽഫോൻസ്, അന്നറോസ്-കുന്നോത്ത്
II[nd] അമൃത സജീവൻ, ആർഷബിജു തോട്ടത്തിൽ-അങ്ങാടിക്കടവ്
III[rd] എഡ്വിന എലിസബത്ത്, ഗോകുൽപ്രകാശ്-വായാട്ടുപറമ്പ

**എച്ച്.എസ്.എസ് റിസൾട്ട് – പ്രബന്ധം :** I[st] തെരസ് മരിയ പ്രിൻസ് – തോമാപുരം
II[nd] അനുഗ്രഹ വിജേഷ്-പോരാവൂർ III[rd] എബിറ്റ മരിയ-വെള്ളരിക്കുണ്ട്

**പെയിന്റിംഗ് :** I[st] വർഷ തോമസ്-വെളിമാനം
II[nd] ലിഡിയ സിബി-വായാട്ടുപറമ്പ III[rd] ഫാത്തിമത്ത് സഫ്ന-പേരാവൂർ

**ചെറുകഥ**
I[st] അൽഫോൻസ റ്റി. മാണി പേരാവൂർ II[nd] അമല തോമസ്-പാലാവയൽ
III[rd] അൽറ്റ മരിയ-കിളിയന്തറ III[rd] അമിയ സാജു-അങ്ങാടിക്കടവ്

**കൊളാഷ് :** I[st] ക്രിസ്റ്റീന തോമസ്-വായാട്ടുപറമ്പ
II[nd] അനു റോസ് റ്റി. ബിനോയി-എടൂർ III[rd] അന്ന എലിസബത്ത് രാജു-തോമാപുരം

**പ്രസംഗം :** I[st] ടെസ് മരിയ-മണിക്കടവ്
II[nd] ലൂയി ബെൻ ജോഷ്-വെള്ളരിക്കുണ്ട് III[rd] തെരസ് മരിയ പ്രിൻസ്-തോമാപുരം

**മോണോ ആക്ട് :** I[st] അപർണ്ണ വി. ആർ-എടൂർ
II[nd] റോസ് മേരി-അങ്ങാടിക്കടവ് III[rd] സ്റ്റിവോ റോയി- കൊളക്കാട്

**കവിതാ പാരായണം :** I[st] അമല മാർട്ടിൻ-വായാട്ടുപറമ്പ
II[nd] നവ്യ ജോസഫ്-അങ്ങാടിക്കടവ് III[rd] ക്ലാര മിന്നു സെബാസ്റ്റ്യൻ-തോമാപുരം
III[rd] ജോഷ് മരിയ ജോഷി-വെളിമാനം III[rd] അനുഷ്മ കെ -എടൂർ

**നന്ദിയോടെ :** ലഹരി വിരുദ്ധ കലോത്സവത്തിന്റെ വിജയത്തിനായി എല്ലാ രീതിയിലും സഹായസഹകരണങ്ങൾ ചെയ്തുതന്ന അതിരൂപതാ കോർപ്പ

റേറ്റ് മാനേജർ റവ. ഫാ. മാത്യു ശാസ്താംപടവിന് ADSU വിന്റെപേരിൽ ഹൃദ്യ മായ നന്ദി രേഖപ്പെടുത്തുന്നു.

കലോത്സവ വിജയത്തിന് വേണ്ടി അധ്വാനിച്ച സി. ലൂസീന പൊരുന്നേടം എസ്.എച്ച്, മഞ്ജുഷ കുര്യൻ, സി. മേഴ്സി SABS എന്നിവർക്കും കലോത്സവ നടത്തിപ്പിനായി സ്റ്റേജും ഇതര സംവിധാനങ്ങളും ഒരുക്കിത്തന്ന സി. ലിസി പോൾ MSMI (UP HM) സി. ഷൈല SKD, ചെമ്പേരി നിർമ്മല സ്കൂൾ പ്രിൻസി പ്പാൾ മാത്യു ജോസഫ്, മുക്തിശ്രീ അംഗങ്ങളായ ഷിനോ പാറയ്ക്കൽ, ഷീബ തെക്കേടത്ത്, ആനി റോബർട്ട്, അക്കാമ്മ സേവ്യർ, മേരിക്കുട്ടി തോമസ് എന്നി വരെ നന്ദിയോടെ അനുസ്മരിക്കുന്നു.

## സ്ക്കൂൾ സന്ദർശനം

ഒക്ടോബർ 9,10 തീയതികളിൽ സി. സിസിലി എഫ്.സി.സി.മണിക്കടവ് UPS, HS, HSS ഭീമനടി LPS എന്നീ സ്കൂളുകൾ സന്ദർശിക്കുകയും ലഹരിവി രുദ്ധ ബോധവത്ക്കരണ ക്ലാസ് എടുക്കുകയും ചെയ്തു.

- ഒക്ടോബർ 21, 22 തീയതികളിൽ സി. ജോസ്ന എസ്.എച്ച്. ഉദയഗിരി യുപിഎസ് വയത്തൂർ യുപിഎസ് എന്നീ ക്ലാസ്സുകൾ സന്ദർശിക്കുകയും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സ് നല്കുകയും ചെയ്തു.
- ഒക്ടോബർ 3ന് സി. ലിബിയ എസ്.എ.ബി.എസ്. കച്ചേരിക്കടവ് UPS സ്കൂളിലും ഒക്ടോബർ 11ന് പെരുമ്പടവ് HS, HSS സ്കൂളിലും സന്ദർശനം നടത്തുകയും ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സ് എടുക്കുകയും ചെയ്തു.
- ഒക്ടോബർ 15-ന് അരീക്കമല LPS, ഒക്ടോബർ 16ന് കരിക്കോട്ടക്കരി UPS, HS ഒക്ടോബർ 17ന് കാഞ്ഞിരക്കൊല്ലി UPS, എന്നീ സ്കൂളുകളിൽ സി. ജിൻസി പോൾ എം.എസ്.എം. ഐയും സി. മരീന എം.എസ്.എംഐയും സന്ദർശനം നടത്തുകയും ക്ലാസ്സുകൾ എടുക്കുകയും ചെയ്തു.
- ഒക്ടോബർ 4ന് സി. സിനി. എസ്.കെ.ഡി എടൂർ UPS,HS സ്കൂളിൽ സന്ദർശനം നടത്തുകയും ലഹരിവിരുദ്ധ ക്ലാസ്സുകൾ എടുത്തു.

## ബോധവത്ക്കരണ ക്ലാസ് ചെമ്പേരി യു.പി.യിൽ

18-ാം തീയതി ചെമ്പേരി യു.പി യിൽ വച്ച് മുഴുവൻ വിദ്യാർത്ഥികൾക്കു മായി ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ് നടത്തപ്പെട്ടു. ഫാ. ജോൺസൺ അന്ത്യാകുളം നേതൃത്വം നൽകി. സി. ലിസി പോൾ MSMI (HM) സി. ഷൈല SKD എന്നിവർ പ്രസംഗിച്ചു.

## ചെമ്പൻതൊട്ടി യു.പിയ്ക്ക് അഭിനന്ദനം

'ഋജു' വെന്നെ ഹ്രസ്വമലയാള ചലചിത്രം ലഹരിക്കെതിരെയുള്ള ബോധവ ത്ക്കരണ മാധ്യമമായി ജനങ്ങളിലെത്തിക്കാൻ ധീരത കാട്ടിയ ചെമ്പംതൊട്ടി യു.പി.സ്കൂളിന് പ്രത്യേക അഭിനന്ദനങ്ങളും ആദരവും. ഒക്ടോബർ 11-ന് ചെമ്പ ത്തൊട്ടി യു.പി.സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ട ആദരിക്കൽ

ചടങ്ങിൽ കെ.സി. ജോസഫ് (MLA) ഫാ. ജോൺസൺ അന്ത്യാംകുളം, സി. ജെസിക്കുട്ടി ജോസഫ് (ഹെഡ്മിസ്ട്രസ്), ഷിനോ പാറയ്ക്കൽ തുടങ്ങിയവർ പ്രസംഗിച്ചു. 'ഋജു' –വിന്റെ എല്ലാ അഭിനേതാക്കളെയും സംഘാടകരെയും ADSU ഹൃദ്യമായി അഭിനന്ദിക്കുന്നു.

## അറിയിപ്പുകൾ

1. കലോത്സവ വിജയികളുടെ സർട്ടിഫിക്കറ്റ് ഓഫീസിൽ നിന്നും എത്രയും വേഗം കൈപ്പറ്റുവാൻ ഉത്തരവാദിത്വപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.
2. സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധ വത്ക്കരണ ക്ലാസ്സോ, സെമിനാറോ നടത്താൻ ആഗ്രഹിക്കുന്നവർ ഡയറക്ടറുമായി ബന്ധപ്പെടേണ്ടതാണ്.
3. ADSU സ്കൂൾ തലത്തിലെ ഭാരവാഹികൾക്കുവേണ്ടി നടത്തപ്പെടുന്ന ഏകദിന നേതൃത്വ പരിശീലന ശില്പശാല നവംബർ 2–ന് തളിപ്പറമ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. ഭാരവാഹികളെ തളിപ്പറമ്പിൽ എത്തിക്കുവാൻ ആനിമേറ്റർമാർ ശ്രദ്ധിക്കുക.

റജിസ്ട്രേഷൻ ഫീസ് ആയി 50/രൂപ വീതം കരുതി വരേണ്ടതാണ്.
സമയം : രാവിലെ 10 മുതൽ ഉച്ചയ്ക്ക് 2 മണിവരെ

വിശദാംശങ്ങൾ ADSU WhatsApp group- ലും സ്കൂൾ ഇ–മെയിലിലൂടെയും അറിയിക്കുന്നതായിരിക്കും. കുട്ടികളുടെ ഇടയിലുള്ള ലഹരി വിരുദ്ധ പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന എല്ലാവർക്കും അഭിനന്ദനങ്ങളും ആശംസകളും.....

ആശംസകളോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ.

# കെ. സി. ബി. സി.
# മദ്യവിരുദ്ധ സമിതി, മുക്തിശ്രീ

## അതിരൂപതാ സ്റ്റിയറിംഗ് കമ്മറ്റി

ചെമ്പേരി വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജിൽ ഒക്ടോബർ 7 തിങ്കളാഴ്ച നടന്ന അതിരൂപതാ സ്റ്റിയറിംഗ് കമ്മിറ്റിയിൽ ഡോ. ജോസ്ലെറ്റ് മാത്യു അദ്ധ്യക്ഷതയും ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനവും നിർവ്വഹിച്ചു.

മദ്യവിരുദ്ധ സമിതിയും, മുക്തിശ്രീയും കാലിക പ്രാധാന്യമുള്ള പ്രശ്നങ്ങളെ അവഗണിക്കരുത് എന്ന ചർച്ചമേൽ, സർക്കാരിന്റെ തത്വദീക്ഷയില്ലാത്ത മദ്യമൊഴുക്കുന്ന നിലപാടുകൾക്ക് നമുക്ക് സാധ്യമാകുന്ന രീതിയിൽ അടിയന്തിരമായി പ്രതിഷേധിക്കണമെന്ന് തീരുമാനമായി. പുതിയ 70 ബാറുകൾക്ക് രഹസ്യാനുമതി നല്കി സർക്കാർ വഞ്ചനാപരമായ നയം തുടരുകയാണെന്നും കമ്മറ്റി വിലയിരുത്തി.

ഉത്തരമലബാർ കർഷക പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് അതിരൂപതാ സമിതി കേരളപ്പിറവി ദിനമായ നവം.1 മുതൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പ്രതിഷേധ സമരങ്ങൾ നടത്തുവാൻ തീരുമാനിച്ചു.

ശ്രീ ആന്റണി മേൽവെട്ടം, വിൻസെന്റ് മുങ്ങാട്ടുചൂണ്ടയിൽ, മാത്യു എം കണ്ടം, തങ്കച്ചൻ കൊല്ലക്കൊമ്പിൽ, റോസിലി കാരിക്കുന്നേൽ, ഷീബ തെക്കേടത്ത്, ഷിനോ പാറയ്ക്കൽ സിസ്റ്റർ ലൂസീന എസ്.എച്ച്. എന്നിവർ പ്രസംഗിച്ചു.

## പ്രകാശിതമായ കുടുംബവും ഇടവകയും ബദിയടുക്ക ഇടവകയിൽ

ഒക്ടോബർ 11,12 തീയതികളിൽ ബദിയടുക്ക ഇടവകയിൽ പ്രകാശിതമായ കുടുംബവും ഇടവകയും സെമിനാർ നടന്നു. വൈകു. 4 മുതൽ 8.30വരെ ആയിരുന്നു ശുശ്രൂഷകൾ. വികാരി ഫാ. ജോമിഷ് നൂറമ്മാക്കൽ എല്ലാം ഭംഗിയായി ക്രമീകരിച്ചു. മുക്തിശ്രീ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, യൂണിറ്റുകൾ ബദിയടുക്കയിൽ രൂപീകരിച്ചു. അബ്രഹാം കുന്നപ്പള്ളി, രജീന വിൻസെന്റ് ചാണക്കാട്ടിൽ എന്നിവരെ പ്രസിഡന്റുമാരായി തെരഞ്ഞെടുത്തു. പത്തംഗ കമ്മറ്റിയും രൂപീകരിച്ചു.

## ചെമ്പേരി മേഖല ഭാരവാഹികളെ തെരഞ്ഞെടുത്തു

ചെമ്പേരി മേഖല ഒക്ടോബറിൽ നടത്തിയ മേഖല സമ്മേളനത്തോടനുബന്ധമായി മേഖലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടന്നു. സമ്മേളനം ഫൊറോന വികാരി റവ. ഫാ. ജോർജ്ജ് കാഞ്ഞിരക്കാട്ട് ഉദ്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർ റവ. ഫാ. മാത്യു മുല്ലപ്പള്ളി അദ്ധ്യക്ഷത വഹിച്ചു.

**മേഖലാ ഭാരവാഹികൾ**

**മദ്യവിരുദ്ധ സമതിതി**

പ്രസിഡന്റ്-പാപ്പച്ചൻ കണ്ണംകുളത്ത്,വൈ. പ്രസിഡന്റ്-അപ്പച്ചൻ കാഞ്ഞിരങ്ങാട്ട്തൊട്ടിയിൽ, സെക്രട്ടറി -തോമസ് മുന്തിരങ്ങാട് കുന്നേൽ,ജോ. സെക്രട്ടറി-ജോസ് ചിറ്റേട്ട്, ട്രഷറർ-ജോസ് വെള്ളമരുതുങ്കൽ.

**മുക്തിശ്രീ**

പ്രസിഡന്റ്-ചിന്നമ്മ എളമ്പാശ്ശേരിയിൽ, വൈ. പ്രസിഡന്റ്-മോളി പടിഞ്ഞാറെ വീട്ടിൽ, സെക്രട്ടറി-ഷീബ തെക്കേടത്ത്,ജോ. സെക്രട്ടറി-ഷെൽസി കാവനാടിയിൽ, ട്രഷറർ-ജിൻസി കുഴിമുള്ളിയിൽ.

## മുക്തിശ്രീ ജാഗരണം പേരാവൂരിൽ

മുക്തിശ്രീയുടെ നേതൃത്വത്തിൽ പേരാവൂർ ഫൊറോനാ പള്ളിയിൽ ഒക്ടോബർ 18 വൈകു. 7 മണി മുതൽ ഒക്ടോബർ 19 രാവിലെ 1.45 വരെ ലോകത്തിനും ഇടവകയ്ക്കും വേണ്ടി പ്രാർത്ഥിച്ചു. ജപമാല വി. കുർബ്ബാന,വചനസന്ദേശം, ജെറീക്കോ പ്രാർത്ഥന എന്നിവയ്ക്ക് ഫാ. ചാക്കോ കുടിപ്പറമ്പിൽ നേതൃത്വം നൽകി. ഫൊറോന വികാരി റവ. ഫാ. തോമസ് കൊച്ചുകാരോട്ട്, അസി. വികാരിമാരായ ഫാ. ജോബിൻ കൊട്ടാരത്തിൽ, ഫാ. ലിബിൻ ഏഴുപറയിൽ ആനിമേറ്റർ സിസ്റ്റർ. ആലീസ് കൂര്യൻ ആക്കാട്ടു മുണ്ടയ്ക്കൽ എസ്.എച്ച്. എന്നിവർ നേതൃത്വം നൽകി.

## മാർ ജോസഫ് പാംപ്ലാനി പിതാവുമൊത്ത് സമ്മേളനം- തളിപ്പറമ്പിൽ

നവം.28 വ്യാഴം 10.30 am മുതൽ 1 pm വരെ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, മുക്തിശ്രീ സംഘടനകളുടെ മേഖലാ ഡയറക്ടർമാർ, ആനിമേറ്റേഴ്സ്, പ്രസിഡന്റുമാർ, അതിരൂപതാ ഭാരവാഹികൾ എന്നിവരുമായി അഭിവന്ദ്യ പാംപ്ലാനി പിതാവ് സംഘടന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു. സമ്മേളനത്തിൽ മേഖലാ റിപ്പോർട്ടുകളും അവതരിപ്പിക്കേണ്ടതാണ്. ബഹു. മേഖലാ ഡയറക്ടർമാർ മേഖലാ ഭാരവാഹികളെ അറിയിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

## സർക്കാരിന്റെ മദ്യക്കച്ചവടത്തിനെതിരേയും ഉത്തരമലബാർ കർഷക പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും മേഖലാതല ഉപവാസങ്ങൾ - സായാഹ്ന ധർണ്ണകൾ

നവം.1ന് കേരളപ്പിറവി ദിനത്തിൽ രാവിലെ 9.30 മുതൽ 3.30വരെ ചിറ്റാരിക്കൽ ബസ്സ്സ്റ്റാന്റ് പരിസരത്ത് വെച്ച് ഉപവാസ സമരം നടക്കുന്നു. ഉപവാസ സമരം കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, മുക്തിശ്രീ സഹരക്ഷാധികാരിയും തലശ്ശേരി അതിരൂപതാ വികാരി ജനറാളുമായ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ ഉദ്ഘാടനം ചെയ്യും. ഫൊറോന വികാരി റവ. ഫാ. മാർട്ടിൻ കിഴക്കേത്തലയ്ക്കൽ അദ്ധ്യക്ഷതവഹിക്കും. മേഖലാ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ ഉപവാസ സമരത്തിന് നേതൃത്വം നല്കുന്നു.

## സായാഹ്ന ധർണ്ണ - ചെമ്പേരിയിൽ നവം. 2 ശനിയാഴ്ച വൈകു. 3 മണി മുതൽ 6 മണിവരെ

സർക്കാരിന്റെ മദ്യനയത്തിൽ പ്രതിഷേധിച്ചും കർഷക പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും മദ്യവിരുദ്ധ സമിതിയും മുക്തിശ്രീയും ചെമ്പേരി ടൗണിൽ സായാഹ്ന ധർണ്ണ നടത്തുന്നു. നവം 25ന് ശനിയാഴ്ച വൈകു. 3 മണിക്ക് സായാഹ്ന ധർണ്ണ നടക്കും. വെരി. റവ. ഫാ. തോമസ് തൈത്തോട്ടം, ഫൊറോന വികാരി ഫാ. ജോർജ്ജ് കാഞ്ഞിരക്കാട്ട്, മേഖലാ ഡയറക്ടർ ഫാ. മാത്യു മുല്ലപ്പള്ളി, അതിരൂപതാ - മേഖലാ ഭാരവാഹികൾ എന്നിവർ പ്രസംഗിക്കും.

## ഞായർ സന്ദർശനവും സന്ദേശവും

ഒക്ടോബർ 6 ഞായർ കല്ലുവയൽ ഇടവകയിലും ഒക്ടോ. 13 ഞായർ ബദിയടുക്ക ഇടവകയിലും ഒക്ടോ. 20 ഞായർ ധർമ്മശാലയിലും വി. ബലി യർപ്പിച്ച് മദ്യവിരുദ്ധ സന്ദേശം നൽകി.

## നവം. 20ന് അങ്ങാടിക്കടവ് ടൗണിൽ ഉപവാസ- സയാഹ്ന ധർണ്ണകളുടെ അതിരൂപതാ തല സമാപനം ഉദ്ഘാടനം മാർ ജോസഫ് പാംപ്ലാനി

സർക്കാരിന്റെ മദ്യക്കച്ചവടത്തിനെതിരായും ഉത്തര മലബാർ കർഷക പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും നവം. 1- കേരളപ്പി റവി ദിനം മുതൽ നടന്നുകൊണ്ടിരിക്കുന്ന വിവിധ സമര രീതികളുടെ സമാ പനം നവം 20ന് വൈകു. 4 മണിക്ക് അങ്ങാടിക്കടവ് ടൗണിൽ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്യുന്നു.

സ്നേഹാദരങ്ങളോടെ

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
ഡയറക്ടർ

# സാമൂഹ്യസേവനവേദി

### തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
### (ടി.എസ്.എസ്.എസ്.)

**മീറ്റിംഗ് :** കണ്ണൂർ കളക്ടറുടെ ചേമ്പറിൽ പ്രളയദുരന്തനിവാരണ പ്രവർത്തനങ്ങളിൽ എൻ.ജി.ഒ. കളുടെ പ്രവർത്തനങ്ങളെ കുറിച്ചുള്ള മീറ്റിംഗിൽ തലശ്ശേരി അതിരൂപതയുടെയും സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും പ്രളയസഹായ പദ്ധതികളുടെ അവതരണം ടിഎസ്എസ്എസ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ നടത്തി.

**അഭിനന്ദനം:** സോൾജിയർ ബസ് ജീവനക്കാർക്ക് അഭിനന്ദനവുമായി കണ്ണൂർ ചൈൽഡ് ലൈൻ: തലശ്ശേരിയിൽ നിന്നും ഇരിട്ടിക്ക് പോകുന്ന സോൾജിയർ ബസിൽ വച്ച് ശ്വാസതടസ്സം അനുഭവപ്പെട്ട് ഗുരുതരാവസ്ഥയിൽ ആയ ഒരുകുട്ടിയുടെ ജീവൻ സമയോചിതമായ ഇടപെടലിലൂടെ കാരുണ്യം പ്രവൃത്തിച്ച് മാതൃകയാക്കി. ആശുപത്രിയിലേക്ക് എത്രയും വേഗം മറ്റു സ്ഥലങ്ങളിൽ നിറുത്താതെ കൂത്തുപറമ്പ് ക്രിസ്തുരാജ ആശുപത്രിയിൽ എത്തിച്ച് ജീവൻ രക്ഷിച്ച സോൾജിയർ ബസ് ജീവനക്കാരെ തലശ്ശേരി ബസ്സ്സ്റ്റാന്റിൽ കണ്ണൂർ ചൈൽഡ് ലൈനിന്റെ ആഭിമുഖ്യത്തിൽ ആദരിച്ചു. തലശ്ശേരി മുനിസിപ്പൽ വൈസ് ചെയർമാൻ ശ്രീമതി നജീമ ഹസിം അഭിനന്ദന ഫലകം നൽകി ആദരിച്ചു. ചൈൽഡ് ലൈൻ ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ അദ്ധ്യക്ഷത വഹിച്ചു. ബസ് ഓണേർസ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. രാഘവൻ, ചൈൽഡ് ലൈൻ കോ ഓർഡിനേറ്റർ ശ്രീ. സുമേഷ് എന്നിവർ ആശംസകൾ അറിയിച്ചു.

## ഹോട്ടൽ മാനേജ്മെന്റ്

താജ് ഹോട്ടലിലേക്ക് യുവജനങ്ങൾക്ക് ഉള്ള ഹോട്ടൽ മാനേജ്മെന്റ് ആദ്യഘട്ട ഇന്റർവ്യൂ ശനിയാഴ്ച 19.10.19 നടന്നു. രണ്ടാം ഘട്ട ഇന്റർവ്യൂ തിങ്കളാഴ്ച 28.10.19 ൽ നടക്കും. സൗജന്യമായി ടിഎസ്എസ്എസ് ഉം താജ് ഹോട്ടലും ചേർന്ന് പഠിപ്പിക്കുന്നു. ഈ കോഴ്സിലേക്ക് 18 വയസ് പൂർത്തിയായ 10-ാം ക്ലാസ് യോഗ്യതയുള്ള ആർക്കും പങ്കെടുക്കാം.

**CHAI - SLF**: ശ്രീകണ്ഠാപുരം സാൻജോർജിയ സ്പെഷ്യൽ സ്കൂൾ, എടൂർ വികാസ്, ഭവൻ ബദിയടുക്കാ കാർമൽ സ്പെഷ്യൽ സ്കൂൾ എന്നിവിടങ്ങളിൽ 20 ഭിന്നശേഷിയുള്ള കുട്ടികൾക്കായി ടി.എസ്.എസ്.എസ്.ഉം ചേർന്ന് നടത്തുന്ന ഡിജിറ്റൽ റീച്ച് ഫിസിയോ തെറാപ്പി നടത്തി വരുന്നു. ഫിസിയോതറാപ്പിസ്റ്റ് ബെന്നറ്റ്, കൗൺസിലർ ഷിജിന തോമസ് എന്നിവർ ആഴ്ചയിൽ 3 ദിവസം ഈ പദ്ധതി നടപ്പാക്കി വരുന്നു.

**DRR- PROJECT**: പ്രകൃതി ദുരന്ത നിവാരണ പദ്ധതിയുടെ ഭാഗമായി കച്ചേരിക്കടവിൽ സർവേയും അതിനോടനുബന്ധിച്ച് മാപ്പിങ്ങും ശ്രീ. തോമസ് ജോണിന്റെ നേതൃത്വത്തിൽ നടത്തി. പ്രകൃതി ദുരന്തപ്രദേശങ്ങളെപറ്റി അറി

യുകയും അതിനുവേണ്ട മുൻകരുതലുകൾ നടപ്പിലാക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി നിർധനനരും നിരാലംബരുമായ കുടുംബങ്ങളെ സമുദ്ധരിക്കുന്നതിനുവേണ്ടി സേവ് എ ഫാമിലി പ്ലാൻ പ്രോജക്ടിന്റെ കീഴിലുള്ള 310 കുടുംബങ്ങൾക്കായി മൂന്നു റീജണൽ മീറ്റിംങ്ങുകൾ വെള്ളരിക്കുണ്ട്, കരുണാപുരം, നെല്ലിക്കാംപോയിൽ എന്നീ സ്ഥലങ്ങളിൽ സംഘടിപ്പിച്ചു. ഓക്ടോബർ 7–ാം തീയതി വെള്ളരിക്കുണ്ട് വച്ച് നടത്തിയ മീറ്റിംഗിൽ ഫാ. ആന്റണി തെക്കേമുറി അദ്ധ്യക്ഷത വഹിക്കുകയും സി. ആഷ ജോർജ്ജ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. പ്രോഗ്രാം മാനേജർ മിസ്റ്റർ സാന്റി, RCC പ്രസിഡന്റ് മിസ്റ്റർ ജോസഫ് അത്താഴപ്പാടത്ത് എന്നിവർ ആശംസകൾ അറിയിക്കുകയും, സേവ് എ ഫാമിലി ആനിമേറ്റർ, മിസ്. ബീന ബേബി സ്വാഗതവും, സേവ് എ ഫാമിലി അംഗം ബിന്ദു നന്ദി അറിയിക്കുകയും ചെയ്തു. ഓക്ടോബർ 8–ാം തിയതി ചെമ്പേരി മേഖലയിലുള്ള സേവ് എ ഫാമിലി അംഗങ്ങൾക്ക് കരുണപുരത്ത് മീറ്റിംഗ് സംഘടിപ്പിച്ചു. മിസ്റ്റർ സാജു ഓറിത്തായിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഫാ. ബെന്നി നിരപ്പേൽ യോഗം ഉദ്ഘാടനം ചെയ്യുകയും, പ്രോഗ്രാം മാനേജർ സൽസമ്മ റ്റോമി സ്വാഗതവും സേവ് എ ഫാമിലി ആനിമേറ്റർ ലിസി ജിജി നന്ദിയും അറിയിച്ചു. ഒക്ടോബർ 12–ാം തീയതി നെല്ലിക്കാംപൊയിൽ ചേർന്ന യോഗത്തിൽ ആർസിസി പ്രസിഡന്റ് മിസ്റ്റർ എം.എസ്. ജോസഫ് മരങ്ങാട്ടുമാലിൽ അദ്ധ്യക്ഷത വഹിക്കുകയും ഫാ. ബെന്നി നിരപ്പേൽ യോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. സേവ് എ ഫാമിലി ആനിമേറ്റർ മേഴ്സി ജേക്കബ് സ്വാഗതവും ആർസിസി പ്രതിനിധി മിസ്റ്റർ ജോയി കടുവക്കുന്നേൽ നന്ദിയും പറഞ്ഞു.

വെള്ളരിക്കുണ്ട്, കരുണാപുരം, നെല്ലിക്കാംപൊയിൽ എന്നീ സ്ഥലങ്ങളിൽ നടത്തിയ മീറ്റിംഗുകളിൽ പ്രോഗ്രാം മാനേജർമാരായ ശ്രീ. സണ്ണി, ശ്രീ. ജോസ് പ്രകാശ് എന്നിവർ കോഴി വളർത്തലിനെക്കുറിച്ചുള്ള ക്ലാസ്സ്എടുത്തു. കോഴി വളർത്തൽ സംരംഭം തുടങ്ങുന്നതിനായി പല കുടുംബങ്ങളും മുന്നോട്ടു വരുകയും ചെയ്തു.

**ക്യാൻസർ ഇൻഷൂറൻസ് പദ്ധതി** :സേവ് എ ഫാമിലി പ്ലാൻ പ്രോജക്ടിന്റെ കീഴിലുള്ള 310 കുടുംബങ്ങളെ ക്യാൻസർ ഇൻഷൂറൻസ് പദ്ധതിയിൽ ചേർത്തു. ബെന്നി നിരപ്പേൽ അച്ചന്റെ നേതൃത്വത്തിൽ എൽ. ഐ.സി. ലീഗൽ അഡ്വൈസർ ശ്രീ. ആന്റണി ക്യാൻസർ ഇൻഷൂറൻസ് പദ്ധതിയെക്കുറിച്ച് ക്ലാസ്സ് എടുത്തു. പ്രോജക്ട് കോർഡീനേറ്റർ ജോജോ ജോസ്, സി. ആഷ ജോർജ് എന്നിവർ ഓരോ കുടുംബത്തിൽ നിന്നും 20നും 40നും ഇടയ്ക്ക് വയസ്സുള്ള കുടുംബാംഗങ്ങളെ ഈ പദ്ധതിയിൽ ചേർക്കുകയും ചെയ്തു.

**ഫാ. ജോർജ് കളരിമുറിയിൽ**
അസി. ഡയറക്ടർ

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ACCOMPAINYING DEAF AND AWAKINING MISSION (ADAM)

## വി. കുർബാനയും ക്ലാസ്സും

- ജപമാല മാസത്തോടനുബന്ധിച്ച് ഒക്ടോബർ 4ന് കാരക്കുണ്ട് ഡോൺബോസ്കോ സ്പീച്ച് ആന്റ് ഹിയറിംങ് സ്പെഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്കായി വി. കുർബാനയും പ്രാർത്ഥനാശുശ്രൂഷകളും നടത്തി.
- ബധിരസമൂഹക്കാർക്കായി ഒക്ടോബർ 6–ന് ആലക്കോട് സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് വി. കുർബ്ബാനയും കുമ്പസാരവും, കൗൺസിലിംഗ് ശുശ്രൂഷയും നടത്തി.
- ഒക്ടോബർ 12ന് തൃശ്ശൂർ വച്ചു നടത്തിയ ആൽഫ ബൈബിൾ തിയോളജി കോഴ്സിൽ 18 പേർ പങ്കെടുത്തു.
- ബാംഗ്ലൂർ സെന്റ് പാട്രിക് ദൈവാലയത്തിൽ, ബധിര സമൂഹത്തിനായി ഒക്ടോബർ 13ന് വി. കുർബ്ബാനയും ക്ലാസ്സും നടത്തി.
- മാഹി സെന്റ് തെരേസസ് തീർത്ഥാടന കേന്ദ്രത്തിൽ വി. അമ്മ ത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് ബധിരർക്കായി ഒക്ടോബർ 19ന് ആംഗ്യഭാഷയിൽ ഫാ. പ്രിയേഷ് കളരിമുറിയുടെ നേതൃത്വത്തിൽ വി. ബലി അർപ്പിച്ചു. ഫാ. പയസ് പടിഞ്ഞാറെമുറിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. കൊല്ലംമുതൽ കാസർഗോഡ് വരെയുള്ള ബധിരമൂക വിശ്വാസികളും സെന്റ് ഡോൺബോസ്കോ സ്കൂൾ കാരക്കുണ്ട്, ചാവറ നിവാസ് ഇരിട്ടി, കരുണ സ്കൂൾ പൂമല എന്നിവിടങ്ങളിലെ വിദ്യാർത്ഥികളും പങ്കെടുത്തു. സി. ഷാരോൺ എം.എസ്.എം.ഐ. ആംഗ്യഭാഷയിൽ പ്രാർത്ഥനകൾ നടത്തുവാൻ സഹായിച്ചു.
- ബധിരസമൂഹകർക്കായി ഒക്ടോബർ മാസം 25 മുതൽ 27 വരെ മദർഹോമിൽവച്ച് 3 ദിവസത്തെ ധ്യാനം നടത്തി.

## നവംബർ മാസത്തിലെ കർമ്മപരിപാടികൾ

03.11.19 : വി. കുർബ്ബാന, ബൈബിൾ ക്ലാസ്സ് (പൂമല)
09.11.19 : ആൽഫ ബൈബിൾ തിയോളജി കോഴ്സ് തൃശ്ശൂർ
10.11.19 : വി. കുർബ്ബാന (ബാംഗ്ലൂർ)
17.11.19 : ബോംബെ (സെന്റ് തെരേസാസ് ചർച്ച് ബാന്ധര) ബധിര സമൂഹ കൂട്ടായ്മ, വി.കുർബ്ബാന
23.11.19 : തീർത്ഥാടനം (വെളാങ്കണ്ണി) വി. കുർബ്ബാന

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2019 നവംബർ & ഡിസംബർ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

**നവംബർ** 1-3 : തപസ്സ് ധ്യാനം
11-15 : ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം
17-22 : ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം
**ഡിസംബർ** 1-6 : ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം
15-20 : ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം
26-31 : ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി**
**ഫോൺ: 0490-2493491, 9745017131, 0490 2491941**

**നവംബർ** 2 : ഏകദിനധ്യാനം
3-7 : ആന്തരിക സൗഖ്യ ധ്യാനം
8 : ജാഗരണപ്രാർത്ഥന
9 : കുട്ടികളുടെ ഏകദിന ധ്യാനം
16 : ഏകദിനധ്യാനം
17-21 : ആന്തരിക സൗഖ്യ ധ്യാനം
21 : ഏകദിനധ്യാനം
24-28 : വചനാഭിഷേകധ്യാനം (ഫാ. മൈക്കിൾ പനച്ചിക്കൽ വി.സി)
**ഡിസംബർ** 1-5 : ആന്തരിക സൗഖ്യ ധ്യാനം
7 : ഏകദിനധ്യാനം
13 : ജാഗരണപ്രാർത്ഥന
14 : കുട്ടികളുടെ ഏകദിന ധ്യാനം
15-19 : ആന്തരിക സൗഖ്യ ധ്യാനം
21 : ഏകദിനധ്യാനം
21-23 : തപസ്സ് ധ്യാനം (21 -ാം തിയ്യതി 4 pm മുതൽ 23-ാം തിയിയതി 9 am വരെ)
28 : ഏകദിനധ്യാനം
29- ജനു. 2 : കുടുംബനവീകരണ ധ്യാനം

**3. മൗണ്ട് കാർമ്മൽ പേരാവൂർ : ഫോൺ. 0490 2444595, 9446687556**

**നവംബർ** 8-10 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)
22-24 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)
**ഡിസം.** 13-15 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

27–29 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

**4. ദർശന ധ്യാന കേന്ദ്രം പുഷ്പഗിരി, തളിപ്പറമ്പ്**

**ഫോൺ :0460 2202613, 0460 2204556, 9447424076**

**നവംബർ** 4–6 : 40 മണി ആരാധന
10–14 : ആന്തരികസൗഖ്യധ്യാനം
15 –17 : (വെള്ളി - ഞായർ) കുടുംബദർശന ധ്യാനം
21 – 24 : (വ്യാഴം- ഞായർ) ഹീലിംഗ് & ഡെലിവറൻസ് ധ്യാനം- ഫാ. ജോസഫ് വയലിൽ സി. എം.ഐ & ടീം

**6. IMS ധ്യാന കേന്ദ്രം – കൂട്ടുപുഴ ഫോൺ: 9605907813, 9745292602**

**നവംബർ** 7 : ജാഗരണപ്രാർത്ഥന
11–15 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
22 –24 : മരിയൻ ധ്യാനം
24–27 : പരിശുദ്ധാത്മാഭിഷേക ധ്യാനം
**ഡിസംബർ**5 : ജാഗരണപ്രാർത്ഥന
9–13 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
13-16 : വചനാഭിഷേകധ്യാനം
20–22 : മരിയൻ ധ്യാനം
29–31 : പരിശുദ്ധാത്മാഭിഷേക ധ്യാനം

**7. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460–2264451**

**നവംബർ** 02 : ഏകദിനകൺവെൻഷൻ
3–7 : ആന്തരീക ശാരീരിക സൗഖ്യധ്യാനം
8 : ജാഗരണപ്രാർത്ഥന
17–21 : ആന്തരീക സൗഖ്യധ്യാനം
23 : വചന പാരായണ ദിനം

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### സെപ്റ്റംബർ2019

28 നടവയൽ ഓസ്സാനാം ഭവനൽ വച്ച് നടന്ന വിൻസെന്റ് ഡിപോൾ സൊസൈറ്റിയുടെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

29-30 ദുബായിൽ നടന്ന എകെസിസി ഗ്ലോബൽ മീറ്റിൽ പങ്കെടുത്തു.

### ഒക്ടോബർ

01 ദുബായിൽ എകെസിസി ഗ്ലോബൽ മീറ്റിൽ പങ്കെടുത്തു.

02 ആദ്‌ലിമിന സന്ദർശനത്തിനായി റോമിൽ എത്തിച്ചേർന്നു

03 രാവിലെ സീറോമലബാർ സഭയിലെ പിതാക്കന്മാരോടൊപ്പം പത്രോസിന്റെ കബറിടത്തിൽ വി.ബലിയർപ്പിച്ചു. 10മണിക്ക് പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പയോടൊപ്പം കൂടിക്കാഴ്ച നടത്തി. ഉച്ചകഴിഞ്ഞ് വൈദികർക്കു വേണ്ടിയുള്ള തിരുസംഘത്തിന്റെ മീറ്റിങ്ങിൽ പങ്കെടുത്തു.

04 രാവിലെ വിശ്വാസപ്രഘോഷണ കാര്യാലയം സന്ദർശിച്ചു. ഉച്ചക്ക് കുടുംബങ്ങൾക്കും അല്മായർക്കുവേണ്ടിയുള്ള തിരുസംഘത്തിന്റെ മീറ്റിങ്ങിൽ പങ്കെടുത്തു.

06 ഡിവിനോ അമോറയിൽ വച്ചുനടന്ന റോമിലെ സീറോമലബാർ ഇടവകയുടെ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു.

07 വിശ്വാസ തിരുസംഘം സന്ദർശിച്ചു. തുടർന്ന് മതാന്തര സംവാദത്തിന്റെ കാര്യാലയം സന്ദർശിച്ചു. ഉച്ചക്ക് നവ സുവിശേഷവൽക്കരണത്തിനുള്ള കാര്യാലയം സന്ദർശിച്ചു.

വൈകുന്നേരം ഡമഷീൻ കോളേജിൽ നടന്ന വി. ബലിയിൽ സഹകാർമ്മികത്വം വഹിക്കുകയും അത്താഴവിരുന്നിൽ പങ്കുചേരുകയും ചെയ്തു.

08 ലാറ്ററൻ ബസിലിക്കയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് പൗരസ്ത്യ തിരുസംഘത്തിന്റെ മീറ്റിങ്ങിൽ പങ്കെടുത്തു. വൈകുന്നേരം തലശ്ശേരി അതിരൂപതയിൽനിന്നുള്ള വൈദികരുടെയും സിസ്റ്റേഴ്സിന്റെയും

വൈദികവിദ്യാർത്ഥികളുടെയും സംയുക്ത യോഗത്തിൽ അധ്യക്ഷത വഹിച്ചു.

09 കത്തോലിക്ക വിദ്യാഭ്യാസ തിരുസംഘത്തിന്റെ കാര്യാലയം സന്ദർശിച്ചു.

10 അസീസി സന്ദർശിച്ചു.

11 വിശുദ്ധ പൗലോസ് ശ്ലീഹായുടെ ബസിലിക്കയിൽ നടന്ന വി. ബലിയിൽ വചനസന്ദേശം നല്കി.

12 സീറോ മലബാർ സഭയുടെ റോമിലുള്ള കാര്യാലയം ഡോമൂസ് മാർ തോമായുടെ വെഞ്ചരിപ്പ് കർമ്മത്തിൽ പങ്കെടുത്തു. തുടർന്ന് നടന്ന വിശുദ്ധ ബലിയിൽ സഹകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് മരിയ മജോറോ ബസിലിക്കയിൽ നടന്ന വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായുടെ നാമകരണ ത്തോടനുബന്ധിച്ചുള്ള ജാഗരണ പ്രാർത്ഥനയിൽ പങ്കെടുത്തു.

13 വാ. മറിയംത്രേസ്യായുടെ നാമകരണത്തിരുക്കർമ്മങ്ങളിൽ സഹകാർ മികത്വം വഹിച്ചു. വൈകുന്നേരം തലശ്ശേരി അതിരൂപതയിലെ വൈദികരുടെയും സെമിനാരിക്കാരുടെയും കൂട്ടായ്മയിൽ പങ്കെടുത്തു.

14 അനസ്തായിലെ ബസിലിക്കായിൽ നടന്ന കൃതജ്ഞതാ ബലിയിൽ പങ്കെടുത്തു.

14-18 റോമിലെ 'Opera della Chiesa' സന്യാസസമൂഹത്തിൽ നടന്ന മെത്രാന്മാർക്കുവേണ്ടിയുള്ള ധ്യാനത്തിൽ പങ്കെടുത്തു.

19 അയർലന്റിലെ മതാധ്യാപകർക്കുവേണ്ടിയുള്ള കൺവെൻഷനിൽ ക്ലാസ്സെടുത്തു.

21 നടവയലിൽ നിര്യാതനായ സഹോദരൻ പീറ്റർ ഞറളക്കാട്ടിന്റെ മൃതസംസ്കാരകർമ്മത്തിൽ മുഖ്യകാർമികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് ദ്വാരക എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ പരേതയായ സി. ഗ്ലോറിയ എസ്.എച്ചിന്റെ മൃതസംസ്കാര കർമ്മത്തിൽ മുഖ്യകാർമികത്വം വഹിച്ചു.

23 നടവയൽ ഹോളി ക്രോസ് ദൈവാലയത്തിൽ പരേതനായ പീറ്റർ ഞറളക്കാട്ടിനുവേണ്ടിയുള്ള അനുസ്മരണ ബലിയിൽ മുഖ്യകാർമികത്വം വഹിച്ചു.

❖❖❖

# Programme of the Archbishop
## Mar George Njaralakatt

**NOVEMBER 2019**

| | | | |
|---|---|---|---|
| 1-2 | | - | Episcopal Ordination - Bijnor |
| 3-5 | | - | Delhi |
| 5-6 | | - | CBCI - Bangalore |
| 7-8 | | - | NKCBC - Mananthavady |
| 09 | | - | Catechism Teachers' meet |
| 10 | | - | Pastoral visit - Charal |
| 11 | 06.45 am | - | Ponmala |
| | 10.30 am | - | Areeckamala |
| 12 | 10.00 am | - | Pastoral Council - Chemperi Eng. College |
| | 04.00 pm | - | Forane Vicars' meeting - Chemperi Eng. College |
| 13 | | - | Visitors' day, Monthly Recollection |
| 14 | | - | Priests' & sisters' day |
| 15 | | - | Peruvannamuzhy |
| 16 | 10.00 am | - | SABS Jubilee - Kilianthara |
| | 05.00 pm | - | Meeting with MP, MLA |
| | | - | Pastoral visit - Ennappara |
| 17 | | - | Pastoral visit - Ennappara |
| 18 | 09.00 am | - | Ordination-Pulingome |
| | 03.30 am | - | MSJ Jubilee- Mandalam |
| 19 | 10.00 am | - | MSMI Vestition-Kannur |
| 20 | | - | Visitors' day |
| 21 | | - | Priests' & sisters' day |
| | 06.00 pm | - | Homeday-Minor Seminary |
| 22 | | - | Parents day - Minor Seminary |
| | 03.00 pm | - | SH Convent Blessing - Thokkilangady |

| | | | |
|---|---|---|---|
| 23 | | - | Ordination - Palavayal |
| | | - | Pastoral visit - Kottody |
| 24 | | - | Pastoral visit - Kottody |
| 25 | 09.00 am | - | Attamcherry Church Blessing |
| | 04.00 pm | - | MCBS House blessing Vattiyara |
| 26 | 10.00 am | - | Presbyterium-Sandhesabhavan |
| | 06.00 pm | - | Jubilerians' meet - Archbishops House |
| 27 | | - | Visitors' day |
| 28 | | - | Nadavayal |
| 29 | | - | Nilambur |
| 30 | 10.30 am | - | Pulpally |

**DECEMBER 2019**

| | | |
|---|---|---|
| 01 | - | Pastoral visit |
| 02 | - | Payyavoor |
| 03 | - | SH Convent blessing - Iritty |
| 4-6 | - | KCBC |
| 08 | - | Pastoral visit |
| 09 | - | Malabar Karshaka Prakshobham - Kannur |
| 11 | - | Mananthavady |
| 12 | - | Visitors day |

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

## സെപ്റ്റംബർ

26-27 മദർഹോമിൽവച്ച് നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

28 രാവിലെ 10 മണിക്ക് പുൽപ്പള്ളി ബൈബിൾ കൺവെൻഷനിൽ പ്രഭാഷണം നടത്തി.

29 രാവിലെ 10 മണിമുതൽ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ ഓൺലൈൻ ക്ലാസ്സ് നയിച്ചു.

30 രാവിലെ 9 മണിക്ക് കിളിയന്തറ എസ്എബിഎസ് പ്രൊവിൻഷ്യൽ ഹൗസിൽ പ്രഥമവ്രതവാഗ്ദാന കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്ക് 12 മണിക്ക് വള്ളിത്തോട് ക്ലരീഷൻ സെമിനാരി സന്ദർശിച്ചു. വൈകുന്നേരം 6.30ന് കുന്നോത്ത് ബോയ്സ് ടൗണിൽ നടന്ന ഹോംഡേ ആഘോഷത്തിൽ അധ്യക്ഷത വഹിച്ചു. രാത്രി 8.30ന് അരമനയിൽ നടന്ന മീഡിയാ ഫോറത്തിൽ അധ്യക്ഷത വഹിച്ചു.

## ഒക്ടോബർ

01 രാവിലെ 10മണിക്ക് സന്ദേശഭവനിൽ നടന്ന കർഷകപ്രക്ഷോഭ പ്ലാനിംഗ് യോഗത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് ടിഎസ്എസ്എസിന്റെ ഗവേണിംഗ് ബോഡി യോഗത്തിൽ അധ്യക്ഷത വഹിച്ചു.

2-15 റോമിൽ നടന്ന സീറോമലബാർ മെത്രാന്മാരുടെ ആദ്ലിമിന സന്ദർശന പരിപാടിയിൽ പങ്കെടുത്തു.

16 ഉച്ചകഴിഞ്ഞ് 2.30ന് തളിപ്പറമ്പിൽ നടന്ന ഉത്തരമലബാർ കർഷകപ്രക്ഷോഭം വിവിധ സമിതികളുടെ തിരഞ്ഞെടുപ്പിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം 6 മണിക്ക് അരമനയിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

17 രാവിലെ 10 മണിക്ക് ചെറുപുഴ ഇടവകയിൽ നിര്യാതനായ തോമസ് മഠത്തിമ്യാലിയുടെ മൃതസംസ്കാര കർമ്മങ്ങൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. 11 മണിക്ക് കണ്ണിവയൽ ഇടവകയിൽ നിര്യാതയായ ത്രേസ്യാമ്മ പന്തമാക്കലിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്ക് 12 മുതൽ വിമൽ ജ്യോതി കോളേജിൽ വിവിധയോഗങ്ങളിൽ പങ്കെടുത്തു.

18 ഉച്ചകഴിഞ്ഞ് 3 മണിക്ക് അരമനയിൽ നടന്ന പാസ്റ്ററൽ കൗൺസിൽ അജണ്ട യോഗത്തിൽ അധ്യക്ഷത വഹിച്ചു. രാത്രി 11 മണിക്ക് നടവയലിൽ പീറ്റർ ഞറളക്കാട്ടിനെ ആശുപത്രി സന്ദർശിച്ച് പ്രാർത്ഥിച്ചു.

19 രാവിലെ 10 മണിക്ക് തൃശ്ശൂർ ഡി.ബി.സി.എൽ.സി. ഓഡിറ്റോറിയത്തിൽ നടന്ന തൃശ്ശൂർ അതിരൂപതാ ടീച്ചേഴ്സ് ഗിൽഡ് യോഗത്തിൽ ക്ലാസ്സ് നയിച്ചു. വൈകുന്നേരം 6.30ന് വായാട്ടുപറമ്പ് ഇടവകയിൽ സന്ദർശനം നടത്തി.

20 വായാട്ടുപറമ്പ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

21 രാവിലെ 11 മണിക്ക് നടവയൽ ഇടവകയിൽ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ നിര്യാതനായ വത്സല സഹോദരൻ പീറ്റർ ഞറളക്കാട്ടിന്റെ മൃതസംസ്കാര കർമ്മങ്ങളിൽ പങ്കാളിയായി. വൈകുന്നേരം 6 മണിക്ക് സന്ദേശഭവനിൽ നടന്ന ഡീക്കന്മാരുടെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

22 രാവിലെ 6.30ന് ചരളിൽ വത്സലപിതാവിന്റെ ചരമവാർഷിക ദിനത്തിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് ചരൾ ഇടവകയിൽ നിര്യാതനായ സാജൻ ചക്കാംകുന്നേൽ, കച്ചേരിക്കടവിൽ നിര്യാതനായ ബൈജു ഇളംപ്ലാക്കാട്ട് എന്നിവരുടെ ഭവനങ്ങളിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം 4.30ന് കാലിച്ചാനടുക്കം ഇടവകയിൽ പുതുതായി നിർമ്മിച്ച കുരിശുപള്ളി വെഞ്ചരിച്ചു.

23 രാവിലെ 10.30ന് വായാട്ടുപറമ്പ ഇടവകയിൽ ജിതിൻ തൈക്കുന്നുംപുറം അപർണ്ണ കണിച്ചുകാട്ട് എന്നിവരുടെ വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് വിമൽജ്യോതി കോളേജിൽ എച്ച്.ഒ.ഡി. മീറ്റിങ്ങിൽ പങ്കെടുത്തു. തുടർന്ന് 5.30ന് ചെമ്പേരി പള്ളിയിൽ നടന്ന ബി.എസ്.എഫ്. പരിപാടിയിൽ ക്ലാസ്സ് നയിച്ചു. രാത്രി 8 മണിക്ക് ചെമ്പേരി വിമൽജ്യോതി കോളേജിൽ ജീസസ്സ് യൂത്ത് ലീഡേഴ്സുമായി സംവദിച്ചു.

# Programme of the Auxiliary Bishop
## Mar Joseph Pamplany

## 2019 NOVEMBER

| | | | |
|---|---|---|---|
| 01 | 02.00pm | - | Nirmalagiri |
| | 04.00pm | - | Manjalampuram |
| 02 | 05.00 pm | - | Panathady |
| 03 | | - | Bedoor Pastoral Visit |
| 04 | 03.00pm | - | Thalassery |
| 05 | | - | Visitors' day |
| 06 | 04.30pm | - | Vilakkannur |
| 07-8 | | - | NM KCBC |
| 09 | 07 .00 am | - | Rayrome |
| | 10 .00 am | - | Chemperi |
| | 04 .00 pm | - | Payyavoor |
| 10 | | - | Ulickal Pastoral visit |
| 11 | 06 .00 pm | - | Thalassery |
| 12 | | - | Pastoral Council |
| 13 | 03 .00 pm | - | Anapanthy |
| 14 | | - | BSF Chemperi |
| 15 | 02 .00 pm | - | Padannakkad |
| 16 | 07 .00 am | - | Kannur |
| | 03 .00 pm | - | Chittarikal |
| 17 | | - | Bheemanady Pastoral visit |
| 19 | 02.00pm | - | Kanakakunnu |

| | | | |
|---|---|---|---|
| 20 | 04.00pm | - | Angadikadavu |
| 21-22 | | - | Alpha Institute |
| 23 | 10.00am | - | Paisakary |
| | 02.30pm | - | SABS Malome |
| 24 | | - | Kolayad Pastoral Visit |
| 25 | 09.00 am | - | Ordination : Peratta |
| 26 | 08.00 am | - | Ordination: Cherupara |
| | 10.30am | - | Thaliparamba |
| | 06.00pm | - | Bishop's House |
| 27 | 10.30am | - | Padannakad |
| 28 | 10.30am | - | Thaliparamba |
| 30 | | - | Kottayam |

**Secretary to the Auxiliary Bishop**